"അബ്രാഹത്തോടും അവന്റെ സന്തതിയോടും ഉടമ്പടി ചെയ്യപ്പെട്ടു. വളരെപ്പേർക്ക് എന്ന മട്ടിൽ, നിന്റെ സന്തതികൾക്ക് എന്നല്ല, ഒരുത്തന് അതായതു് നിന്റെ സന്തതിക്ക എന്നാണ് അവനോട് അരുളിച്ചെയ്തതു്. അവൻ മിശിഹാ ആകുന്നു. ആകയാൽ മുമ്പേതന്നെ ദൈവത്തിൽനിന്നു മിശിഹായെ ഉദ്ദേശിച്ച് സ്ഥിരീകരണം ലഭിച്ച നിയമത്തെ തള്ളിക്കളയുവാനും ഉടമ്പടി ഉണ്ടാക്കുവാനും നാനൂററിമുപ്പതു സംവത്സരങ്ങൾക്കു ശേഷമുണ്ടായ നിയമത്തിനു സാധിക്കുകയില്ല എന്നു ഞാൻ പറയുന്നു."

—ഗാല: III: 16-17.

# സത്യദീപം

"ഈശോപരനേയും തന്റെ ആത്മാവിന്റെ രക്ഷയേയും, മാത്രമല്ലാതെ മറേറതെങ്കിലും സംഗതിയെ ഇവിടെ ആരായുന്നവൻ ഉപദ്രവവും ദുഃഖവുമല്ലാതെ മററു യാതൊന്നും കണ്ടെത്തുകയില്ല. ഏററവും ചെറിയവനും എല്ലാവർക്കും വിധേയനുമായിരിക്കുന്നതിനു ശ്രമിക്കാത്തവൻ ദീർഘകാലം സമാധാനത്തിൽ വസിക്കുകയില്ല. നീ സേവിക്കുന്നതിനത്രെ, ഭരിക്കുന്നതിനല്ല, ഇവിടെ വന്നിരിക്കുന്നതു; അലസനും അതിഭാഷിയുമായിരിക്കുന്നതിനല്ല."

—ക്രിസ്ത്വാനുകരണം.

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 സെപ്റ്റംബർ 4—ബുധനാഴ്ച | Vol. 31, No. 4

## "മറിയം" എന്ന മധുരനാമം

(ജെ. കട്ടയ്ക്കൽ)



ശിശുവായ പരിശുദ്ധകന്യകമറിയം അമ്മയിൽനിന്നു മതം പഠിക്കുന്നു

മനുഷ്യാവതാരം ചെയ്ത ദൈവസുതന്റെ മാതൃപദമലങ്കരിക്കുവാനുള്ള മഹാഭാഗ്യം സിദ്ധിച്ച മഹിളാമണിയാണല്ലോ ഏററം ധന്യയായ കന്യകാമറിയം. മറിയത്തിന്റെ അനന്യലഭ്യമായ സ്ഥാനമാഹാത്മ്യം നിമിത്തം ക്രിസ്ത്യാനികൾക്ക് അവളുടെ നേരെയുള്ള ഭക്തിബഹുമാനസ്നേഹാദരവുകൾ സീമാതീതങ്ങളാണ്. മറിയം ദൈവമാതാവാണ്, മനുഷ്യരുടെ ആദ്ധ്യാത്മികമാതാവാണ്, അമലോത്ഭവയാണ്, പ്രസാദവരപൂർണ്ണയാണ്, നിത്യകന്യകയാണ്, സ്വർഗ്ഗറാണിയാണ്. ഉയർന്നുവരുന്ന പ്രഭാതംപോലെ ശോഭയുള്ളവളും ചന്ദ്രനെപ്പോലെ സുന്ദരിയും സൂര്യനെപ്പോലെ പ്രശോഭിതയുമാണവൾ. സൂര്യനെ ഉടയാടയാക്കി, ചന്ദ്രനെ പാദപീഠമാക്കി നക്ഷത്രങ്ങളെ കിരീടമാക്കി വാഴുന്നവളാണ് മറിയം.

മാതാവിന്റെ സ്ഥാനൗന്നത്യം മക്കൾക്ക് അഭിമാനകരമാണ്, ആഹ്ലാദപ്രദമാണ്. മറിയത്തിന്റെ മധുരനാമം മരിയഭക്തർക്ക് അനവദ്യമായ ആനന്ദവും ആശ്വാസവും പ്രദാനംചെയ്യുന്നു. ദൈവതിരുനാമം കഴിഞ്ഞാൽ പിന്നെ ഇത്രയധികം ഭക്തിബഹുമാനങ്ങളോടും ആനന്ദബാഷ്പ്പോടുംകൂടി ക്രൈസ്തവർ സ്മരിക്കുകയും ഉച്ചരിക്കുകയും ചെയ്യുന്ന മറെറാരു നാമമില്ല. ഈ പാവനനാമം അവരുടെ നാവിന് തേനാണ്, കർണ്ണങ്ങൾക്ക് പീയൂഷമാണ്, ഹൃദയത്തിന് ഉന്മേഷമാണ്. ഈ നാമം കേൾക്കുകയോ ജപിക്കുകയോ ചെയ്യുമ്പോൾ ഭക്തഹൃദയങ്ങൾ സന്തോഷത്താൽ തുടിക്കുന്നു; മനസ്സ് സ്വർഗ്ഗത്തിലേക്ക് ഉയരുന്നു. മറിയത്തിന്റെ നാമം പിശാചുക്കൾക്ക് സംഭ്രമജനകമാണ്. "ലൂസിഫേറി മേരിനാമം സൂചിപ്പിച്ചതു കേട്ടാലുടനെ—മൂല്യകണക്കിനു നരകക്കുണ്ടിൽ വാലുമൊതുക്കിയോടിപ്പീടുന്നു" എന്നാണ് ഒരു കവി പാടിയിരിക്കുന്നത്. മരിയനാമോച്ചാരണംമൂലം എത്രപേർ എത്ര പ്രലോഭനങ്ങളെ വിജയപൂർവ്വം നേരിട്ടിരിക്കുന്നു! ഇക്കാരണത്താലാണ് മരണാസന്നരായവർക്ക് "ഈശോ മറിയം യൗസേപ്പ്" എന്ന തിരുനാമങ്ങൾ ചൊല്ലിക്കൊടുക്കുന്നത്. ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ നാമത്തിൽ എത്ര മഹാ വിജയങ്ങൾ ക്രിസ്ത്യൻ ജനതയ്ക്കു സിദ്ധിച്ചിരിക്കുന്നു! പതിനാറാം നൂററാണ്ടിൽ നടന്ന ലെപ്പാൻേറാ യുദ്ധത്തിൽ മഹമ്മദീയരുടെമേൽ ക്രിസ്ത്യാനികൾക്ക് വിജയം ലഭിച്ചതു് മാതാവിന്റെ സഹായത്താലാണ്.

ഒരുത്തമ കത്തോലിക്കൻ മറിയത്തിന്റെ മധുരനാമം ദിവസംപ്രതി പല പ്രാവശ്യം ഉരുവിടുന്നു. ഒരു "നന്മനിറഞ്ഞ മറിയം" ചൊല്ലുമ്പോൾ രണ്ടു തവണ ഈ പരിശുദ്ധനാമം അവൻ ഉച്ചരിക്കുന്നു. ജപമാല ഒരു പ്രാവശ്യം ജപിക്കുമ്പോൾ നൂററിയാറിലധികം തവണ മറിയനാമം ആവർത്തിക്കപ്പെടുന്നു. മററനേകം പ്രാർത്ഥനകളിലും ഈ സംപൂജ്യനാമത്തിന് ഒരു പ്രത്യേക സ്ഥാനമുണ്ട്. മറിയം എന്ന നാമം ധരിക്കുന്നതിൽ എത്രപേർ അഭിമാനം കൊള്ളുന്നു! എത്ര ഗാനങ്ങളും കീർത്തനങ്ങളും വഴിയായി ക്രിസ്ത്യാനികൾ മാതാവിന്റെ നാമത്തെ പുകഴ്ത്തുന്നു! എത്ര മനോഹര ദേവാലയങ്ങളും മണിമന്ദിരങ്ങളും മഹാസ്ഥാപനങ്ങളും മാതാവിന്റെ തിരുനാമത്തിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു! എത്ര കവികളും കലാകാരന്മാരും അവരുടെ കാവ്യങ്ങളും കലാമൂല്യങ്ങളും വഴി മറിയത്തെ നിരന്തരം പ്രകീർത്തിക്കുന്നു!

ക്രിസ്ത്യാനികൾക്ക് ഏററം പ്രിയംകരമായ ഈ മധുരനാമത്തിന്റെ അർത്ഥത്തെപ്പററി ചുരുക്കമായി പ്രതിപാദിക്കുന്നത് വിജ്ഞാനപ്രദമായിരിക്കും. പഴയനിയമത്തിൽ പുറപ്പാടിന്റെ പുസ്തകത്തിൽ (Exodus 15) മൂശയുടെയും അഹറോന്റെയും സഹോദരിയും ദീർഘദർശിനിയുമായ മറിയത്തെപ്പററി പറയുന്നുണ്ട്. സുപ്രസിദ്ധയായ ഈ മറിയത്തിന്റെ സ്മരണയെ നിലനിറുത്തുവാൻവേണ്ടി മററു പെൺകുട്ടികൾക്കും യഹൂദന്മാർ മറിയം എന്ന പേര് നൽകിയിരുന്നു. പഴയനിയമഭാഷയായ ഹീബ്രുവിൽ മീറിയാം എന്നാണ് ഈ പേര് ഉപയോഗിച്ചിരിക്കുന്നത്. മറിയം എന്നതു് മീറിയാം എന്നതിന്റെ അരമായരൂപമാണ്. മരിയ (Maria) ലാററിൻരൂപമാണ്; മേരി(Mary) ഇംഗ്ലീഷും. അതിനാൽ മറിയം എന്ന വാക്കിന്റെ അർത്ഥം കണ്ടുപിടിക്കുന്നതിന് മീറിയാം എന്ന വാക്കിന്റെ അർത്ഥം പരിശോധിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ പദത്തിന്റെ ഉല്പത്തിയേയും അർത്ഥത്തേയും പററി പണ്ഡിതന്മാർ വ്യത്യസ്താഭിപ്രായക്കാരാണ്. Bardenhewer എന്ന പണ്ഡിതൻ എഴുപതിലധികം അർത്ഥങ്ങളെപ്പററി ചർച്ചചെയ്യുന്നുണ്ട്. ഇദ്ദേഹം ഉൾപ്പെടെ പലരുടെയും അഭിപ്രായം മീറിയാം ഒരു ഹീബ്രു പദമാണെന്നാണ്.

മീറിയാം ഒരു ഹീബ്രുപദമെന്നു വിചാരിക്കുന്നവർതന്നെ രണ്ടഭിപ്രായക്കാരാണ്. ഇതു് ഒരു ഒററപ്പദം (Simple word) ആണെന്ന് ഒരു പക്ഷം. ഒററപ്പദമല്ല, ഒന്നിലധികം വാക്കുകൾ ചേർന്നുണ്ടായ ഒരു സംയുക്തപദം (Compound word) ആണെന്നു് മറുപക്ഷം. ആദ്യപക്ഷക്കാർ നൽകുന്ന അർത്ഥം ഏതാണ്ട് താഴെപ്പറയുന്നതുപോലെയാണ്. പരിപോഷിപ്പിക്കപ്പെടുക അല്ലെങ്കിൽ വിപ്ലവം ഉണ്ടാക്കുക (to be well nourished or rebellious) എന്നർത്ഥമുള്ള "മാറാ" എന്ന ക്രിയയിൽനിന്നാണ് മീറിയാം വന്നിട്ടുള്ളത്. അതിനാൽ വിപ്ലവകാരി, പരിപോഷിപ്പിക്കപ്പെട്ടവൾ, ശരീരപുഷ്ടിയുള്ളവൾ എന്നീ അർത്ഥങ്ങളാണ് ഈ നാമത്തിനുള്ളത്. എന്നാൽ വിപ്ലവകാരി എന്ന പേര് ഒരു പെൺകുട്ടിക്ക് അനുയോജ്യമല്ലാത്തതിനാൽ പരിപുഷ്ടയായവൾ എന്ന അർത്ഥമാണ് മീറിയാം പദത്തിന് നൽകേണ്ടത്. പൗരസ്ത്യ ചിന്താഗതിയനുസരിച്ച് ശരീരസൗഭാഗ്യവും രൂപലാവണ്യവും പരിപൂർണ്ണതയുമെല്ലാം ഏകദേശം പര്യായപദങ്ങളാകയാൽ, മനോഹരിയായവൾ എന്നോ പരിപൂർണ്ണയായവൾ എന്നോ മീറിയാം എന്ന വാക്കിന് അർത്ഥം നൽകാവുന്നതാണ്. വേറെ ചില ക്രിയകളിൽനിന്നാണ് മീറിയാം ഉത്ഭവിച്ചിട്ടുള്ളത് എന്നു വേറെ ചിലർ വിചാരിക്കുന്നു. അതുകൊണ്ട് മീറാ, കയ്പ്, ദുഃഖം, പ്രത്യാശ, നാഥ, ഉന്നതയായവൾ തുടങ്ങിയ അർത്ഥങ്ങൾ ഈ പദത്തിന് അവർ നൽകുന്നു.

മീറിയാം ഒരു സംയുക്തപദമാണെന്നു് വിചാരിക്കുന്നവർ പ്രസ്തുതപദത്തിന് നൽകുന്ന അർത്ഥങ്ങളും വിവിധങ്ങളാണ്. സമുദ്രം എന്നർത്ഥമുള്ള "യാം" എന്ന പദത്തിന്റെ ഒരു സംയുക്തമായി പലരും ഇതിനെ വ്യാഖ്യാനിക്കുന്നു. മാർ + യാം = തിക്ത സാഗരം (bitter sea); സമുദ്രത്തിലെ ജലത്തുള്ളി എന്നും ഇതിനർത്ഥം വരാം. മോർ + യാം = സമുദ്രത്തിലെ മീറാ; മാറീ + യാം = സമുദ്രനാഥ; മീറിയാം പദത്തിന് "അവരുടെ വിപ്ലവം" എന്നും "അവരെ പ്രകാശിപ്പിക്കുന്നവൾ" എന്നും ചിലർ അർത്ഥം കൊടുക്കുന്നു.

മീറിയാം ഒരു ഈജിപ്ഷ്യൻ നാമമായിരിക്കാൻ ഇടയുണ്ടെന്നു് ചിലർ അഭിപ്രായപ്പെടുന്നു. മൂശ, അഹറോൻ എന്നീ പദങ്ങൾ ഈജിപ്ഷ്യൻഭാഷാപദങ്ങളാണ്; ഇവർ ഈജിപ്തിൽ വസിച്ചിരുന്നവരാണ്. അതിനാൽ അവരുടെ സഹോദരിയുടെ മീറിയാം എന്ന പേരും ഈജിപ്ഷ്യൻ വാക്കായിരിക്കാം എന്നാണ് അവർ പറയുന്നതു്. ഈ അഭിപ്രായക്കാർ ഈ പദത്തിനു നൽകുന്ന വിശദീകരണം ഇപ്രകാരം സംഗ്രഹിക്കാം. സ്നേഹിക്കപ്പെട്ടവൾ എന്നർത്ഥമുള്ള "മരി" അല്ലെങ്കിൽ "മെരി" എന്ന വാക്കിൽനിന്നാണ് മീറിയാം. ഇക്കാരണത്താൽ മീറിയാം എന്നതിനു സംപ്രീതയായവൾ എന്നാണർത്ഥം. ഈ അഭിപ്രായത്തെ പിന്താങ്ങുന്നതും സംശയാസ്പദവുമായ വേറൊരു വിശദീകരണം Zorell എന്നയാൾ നൽകുന്നുണ്ട്. "മറി" എന്ന ഈജിപ്ഷ്യൻപദവും യഹ്‌വേ എന്ന ഹീബ്രു പദത്തിന്റെ ഒരു ലോപരൂപമായ "യാം" എന്ന വാക്കും ചേർന്നതാണ് മീറിയാം എന്നാണ് ഈ അഭിപ്രായം. യഹ്‌വേ എന്നതു് ഇസ്രായേൽക്കാരുടെ ദൈവനാമമാണ്. അതിനാൽ ദൈവത്തിനു സംപ്രീതയായവൾ എന്നു മീറിയാംപദത്തെ അദ്ദേഹം വ്യാഖ്യാനിക്കുന്നു.

മരിയപദവ്യാഖ്യാനങ്ങളിൽ ഏററവും സുപ്രസിദ്ധമായിട്ടുള്ളതു് സമുദ്രതാരം (stella maris=star of the sea) എന്നതാണ്. എന്നാൽ മീറിയാം എന്ന വാക്കിനു് ഇങ്ങനെ ഒരർത്ഥം ഇല്ലതാനും. പിന്നെയെങ്ങനെയാണ് ഈ അർത്ഥം പ്രചാരത്തിൽ വന്നതു് എന്നറിയുന്നതു രസാവഹമാണ്. വേദപുസ്തകവിവർത്തകനും വ്യാഖ്യാതാവുമായ വി. ജെറോം, മീറിയാംപദത്തെ വിഭജിച്ച് stilla maris=drap of the sea സമുദ്രത്തിലെ ജലകണം എന്നൊരർത്ഥം കൊടുത്തു. ലത്തീൻഭാഷ സംസാരിച്ചിരുന്ന സാധാരണജനങ്ങൾ "ഇ"കാരത്തിന്റെ സ്ഥാനത്തു് "എ"കാരം ചിലപ്പോൾ ഉപയോഗിച്ചിരുന്നു. ഉദാഹരണമായി via (വിയ), വില്ല (villa) ഇവയ്ക്കു പകരം "വെയ" "വെല്ല" എന്നു ഉച്ചരിച്ചിരുന്നു. ഈ പതിവനുസരിച്ച് സ്തില്ലാ (stilla) എന്ന പദം സ്റ്റെല്ലാ (stella) എന്നു ഉച്ചരിക്കുവാൻതുടങ്ങി. സ്തില്ലാ (stilla) എന്ന പദത്തിന് തുള്ളി എന്നർത്ഥം; സ്റ്റെല്ലാ (stella) എന്നതിനു നക്ഷത്രം എന്നാണർത്ഥം. ഇങ്ങനെ സമുദ്രത്തിലെ ജലത്തുള്ളി എന്നതിനു പകരം സമുദ്രനക്ഷത്രം എന്നു് മറിയം എന്ന വാക്കിന് വ്യാഖ്യാനം നൽകപ്പെട്ടു. ഏതായാലും സമുദ്രനക്ഷത്രം എന്ന പേര് ദൈവമാതാവിനു ഏററവും അർത്ഥവത്താണ്. സംസാരസാഗരമദ്ധ്യത്തിൽ വഴിതെററി കഷ്ട

(ശേഷം 5-ാംപേജിൽ)

# ചെറുകഥ

## ആ വൃദ്ധഹൃദയം സമാധാനിച്ചു

(ജെ. പീറ്റർ കൊണ്ടപ്പശ്ശേരി)

പച്ചവിരിച്ച ആ കുന്നിൻചെരുവിൽ നിരനിരയായി പിടിപ്പിച്ചിരിക്കുന്ന മുളകുകൊടികളുടെ മറപററി നില്ക്കുന്ന ചെറിയ പുല്ലുമേഞ്ഞ കെട്ടിടം ഏതാണെന്നു് ആ ചുററുപാടിൽ ആരോടുചോദിച്ചാലും പറയും. കാരണം അന്തോനി ആശാനെ എല്ലാവക്കും പരിചയമാണു്.

പത്തു കൊല്ലങ്ങൾക്കു മുൻപു് കന്നുകാലികളെപ്പോലെ കാട്ടാനകൾ കൂത്താടിക്കൊണ്ടിരുന്ന ഈ സ്ഥലത്തു്, തെക്കേ മലബാറിലെ ഫലഭൂയിഷ്ഠമായ ഈ കാട്ടുപ്രദേശത്തു്, തിരുവിതാംകൂറിൽനിന്നും ഉള്ളതു വിററുപെറുക്കി കുടിയേറിപാക്കുന്നതിനുവേണ്ടി എത്തിച്ചേന്നവരുടെ കൂട്ടത്തിൽ അന്തോനി ആശാനും ഉൾപ്പെട്ടു. കുറഞ്ഞവിലയ്ക്കു ഏക്കർ കണക്കിനു സ്ഥലങ്ങൾ വാങ്ങി കൃഷിചെയ്യുന്നതിനു എല്ലാവരും ഉത്സാഹിച്ചപ്പോൾ ആശാൻെറ പ്ലാൻ ഒന്നുവേറെയായിരുന്നു. അയാളുടെ പക്കൽ അത്രയേറെ പണം ഉണ്ടായിരുന്നില്ല. അതുകൊണ്ടു് രണ്ടേക്കർ സ്ഥലം മാത്രം വാങ്ങി അയാൾ അതിൽ നന്നായി അദ്ധ്വാനിച്ചു. കൂടാതെ ചുരങ്ങിയതോതിൽ ഒരു ചായക്കടയും നടത്തി. കൈക്കോട്ടെടുത്തു കൊത്തുന്ന കർഷകൻ പാറിയ ഒരു ഭോജനശാലയെന്നു അതിനു പേർ പറയുന്നതായിരിക്കും കുറേക്കൂടി ശരി.

ഇന്നുകാടുനാടായിത്തീന്നു. ആശാൻ ആ നാട്ടിലെ ഒരു പഴമക്കാരനായും മാറി. അയാൾ രണ്ടു കൊല്ലം മുൻപു ചായക്കട നിത്തൽചെയ്തു. പ്രായാധിക്യംകൊണ്ടല്ല. തുടന്നു പുലത്തികൊണ്ടു പോകുവാനുള്ള സാദ്ധ്യത ഇല്ലായിരുന്നിട്ടും അല്ല. പെട്ടെന്നുണ്ടായ അയാളുടെ ഭാര്യയുടെ മരണം അയാളുടെ സർവ്വജീവിതാശകളേയും തകിടംമറിക്കുകയാണുണ്ടായതു്.

ആശാൻെറ കണ്ണിൽ കണ്ണുനീർ എന്നൊന്നുണ്ടെന്നു ആ നാട്ടുകാക്കു ബോദ്ധ്യമായതു ആ ദിവസം മാത്രമാണു്. പരമാത്ഥത്തിൽ ഒരു പിഞ്ചുപൈതലിനെപ്പോലെ അയാൾ പൊട്ടിക്കരഞ്ഞുപോയി. എങ്ങിനെ അയാൾ കരയാതിരിക്കും? നീണ്ടുനീണ്ടുപോകുന്ന മുപ്പത്തിയഞ്ചു കൊല്ലത്തെ അയാളുടെ ജീവിതത്തിലെ പൂനിലാവായിരുന്നു മറിയാമ്മ. "മറിയാമ്മേ" എന്നല്ലാതെ "നീ" എന്നുപോലും അവരെ അയാൾ വിളിച്ചിട്ടില്ല.

മറിയാമ്മ നാലുപ്രസവിച്ചു. എന്നാൽ, അനന്തപരിപാലകനായ ദൈവം മൂന്നു കുഞ്ഞുങ്ങളേയും മാലാഖാമാരായിത്തന്നെ അവരിൽനിന്നും മടക്കി എടുത്തുകൊണ്ടുപോയെന്നാണു അവർതന്നെ പറയുക. പിന്നെ ആണും പെണ്ണും മകനും മകളും എല്ലാംകൂടി ഒരു കുഞ്ഞവശേഷിച്ചു പട്ടിൽ പൊതിഞ്ഞും, പൊന്നരച്ചുകൊടുത്തും. അവർ അവനെ വളത്തി. സ്നേഹമുള്ള അപ്പൻെറയും അമ്മയുടെയും ലാളനയോറു ജോൺകുട്ടി വളന്നു ഇരുപതാമത്തെ വയസ്സിൽ അവരുടെ നിലയ്ക്കും വിലയ്ക്കും ചേന്ന രീതിയിൽ അവൻെറ വിവാഹവും നടത്തി.

ആയിരമായിരം പ്രതീക്ഷകൾ, നൂറു നൂറു ഓമന സ്വപ്നങ്ങൾ ആ അപ്പനുമമ്മയും കണ്ടു. പക്ഷേ...

ജോൺ കുട്ടിയുടെ വിവാഹം ആ കുടുംബത്തിൻെറ സർവ്വ സ്വസ്ഥതയും നശിപ്പിക്കുകയാണുണ്ടായതു്. "സമാധാനമില്ലാത്ത ഗൃഹം ഭൂമിയിൽ കാണപ്പെട്ട നരക"മാണെന്നു്, പരിജ്ഞാനമുള്ള ആശാൻ പറയുമായിരുന്നു. തൻെറ കുടുംബത്തിലെ അസ്വസ്ഥത നീകത്തുവാൻ അദ്ദേഹം ഒരു തീരുമാനമെടുത്തു. അങ്ങിനെയാണു സ്വന്തം നാട്ടിലെ സ്ഥലവും വീടും മകനും ഭാര്യയും സൈ്വര്യമായിഅനുഭവിക്കുന്നതിനു വിട്ടുകൊടുത്തുകൊണ്ടു അയാൾ തൻെറ ജീവിതസഖിയുമായി മലബാറിൽ എത്തിച്ചേന്നതു്.

ഇന്നു ജീവിതത്തിൻെറ ഒററയടിപ്പാതയിൽ ആശാൻ ഏകനായിതീന്നിരിക്കുകയാണു്. കപ്പൽനാശം സംഭവിച്ചതുകാരണം വിജനമായ ഒരു ദ്വീപിൽ അകപ്പെട്ടുപോയ "റോബിൻസൺ ക്രൂസോയുടെ" അനുഭവം അയാൾക്കും നേരിട്ടു. വ്യസനദ്യോതകമായ ദീർഘനിശ്വാസങ്ങൾ അയാളിൽനിന്നും കൂടക്കൂടെ ബഹിർഗമിച്ചു.

ഒരു ഞായറാഴ്ച ദിവസം പള്ളിയിലെ കർമ്മങ്ങൾ കഴിഞ്ഞു ആശാൻ തൻെറ നല്ലഭാര്യ അന്ത്യവിശ്രമംകൊള്ളുന്ന കുഴിമാടം സന്ദർശിച്ചു. ഹാ! അയാളുടെ ഉള്ളുനീറി. ഒരു ശവപ്പെട്ടിയുടെ ആകൃതിയിൽ ചെമ്മണ്ണു കൂനകൂട്ടി ഉയർത്തിയിരിക്കുന്ന ആ കബറിടം അയാൾ കണ്ണുമറിക്കാതെ അങ്ങനെ നോക്കിനിന്നു: അതിൻെറ മദ്ധ്യഭാഗം ഒട്ടൊന്നിടിഞ്ഞു താണിരുന്നു, മൃത്യുവിൻെറ ഭ്രൂപടത്തിൽ അടയാളപ്പെടുത്തിയ തലസ്ഥാനനഗരിപോലെ!!

"മറിയാമ്മേ! എൻെറ മറിയാമ്മേ!!"

മാറിടത്തിൽ കൈത്തലം അമത്തിക്കൊണ്ടു അയാൾ വിളിച്ചു; അല്ലാ, കരഞ്ഞു. അയാളുടെ ചുണ്ടുകൾ വിറച്ചു. കണ്ണുകൾ നനഞ്ഞു.

"ഞാൻ എന്തിനു ഇനിയും ഇവിടെ ജീവിക്കണം?"

രണ്ടാംമുണ്ടുകൊണ്ടു കണ്ണു ഒപ്പിക്കൊണ്ടു അനന്തതയിൽ ജീവിക്കുന്ന തൻെറ പ്രിയതമയോടായി അയാൾ ചോദിച്ചു:

"നീ മരിച്ചപ്പോൾ നിൻെറ അടുക്കൽ ഞാൻ ഉണ്ടായിരുന്നു. ഇനി ഈ അന്യനാട്ടിൽ കിടന്നു ഞാൻ മരിക്കേണ്ടിവന്നാൽ?....."

അതിൻെറ ഉത്തരം മറെറാരു ദൃഢനിശ്ചയമായി അയാളുടെ മനസ്സിൽ രൂപമെടുത്തു. "നാട്ടിൽ പോകുകയാണു വേണ്ടതു്"; ആശാൻ ശ്മശാനത്തിൽനിന്നും ഇറങ്ങി ചിന്താക്രാന്തനായി വീട്ടിൽ ചെന്നു കയറി. അയാൾ അന്നത്തെ ദിവസം ഉത്തരം കണ്ടെത്തുവാൻ വിഷമമായ ആ ചോദ്യചിഹ്നത്തെ മിഴിച്ചുനോക്കിക്കൊണ്ടു അങ്ങിനെ ഇരുന്നു.

"എണ്ണപ്പെട്ട ദിവസങ്ങൾ."

അയാൾ സ്വയം പിറുപിറുത്തു.

× × ×

മഴക്കാലം മാറി. അന്തോനി ആശാൻെറ മുളകുകൊടിത്തോട്ടം പവിഴക്കുലകൾ അണിഞ്ഞു പുഞ്ചിരിച്ചു. എവിടേയും ഒരു ഉത്സാഹം കളിയാടി. കുന്നിൻമേടുകളിൽ ഇഞ്ചിപ്പുല്ലു അറുത്തുകൊണ്ടുനിന്ന തരുണികൾ പ്രകൃതിയുടെ സൗന്ദര്യലഹരിയിൽ അലിഞ്ഞുചേന്നു അറിയാതെ രസമുള്ള പാട്ടുമൂളി.

ആശാൻ ഈ സമയത്തു തൻെറ കുടിലിൽഇരുന്നു, കാണാൻ ഭംഗിയുള്ള നൂറിൻെറയും പത്തിൻെറയും നോട്ടുകൾ എണ്ണി തിട്ടപ്പെടുത്തുകയാണു്. മൂവായിരത്തി അഞ്ഞൂറു്. ഒരു കടലാസിൽ ഭദ്രമായി പൊതിഞ്ഞു അയാൾ അതു ഷർട്ടിൻെറ ഉൾപ്പോക്കററിൽ നിക്ഷേപിച്ചു. പത്തുകൊല്ലക്കാലം നാടുവിട്ടു കാടുകയറി ബദ്ധപ്പെട്ടു താൻ നേടിയ സമ്പാദ്യം. ഒരു പക്ഷേ ജീവിതത്തിലെ അയാളുടെ അവസാനനേട്ടമായിരിക്കാം ഇതു്. അതും തൻെറ അവകാശിയെ ഏല്പിക്കുന്നതിനുവേണ്ടി അയാൾ തയാറാകുകയാണു്.

ജീവിതം, ഒന്നോത്താൽ ഒരു ത്യാഗത്തിൻെറ കഥയാണു്. മനുഷ്യൻ അറിയാതെതന്നെ അജ്ഞാതമായ ഏതോ ഒന്നിൻെറ പൂലർച്ചയ്ക്കുവേണ്ടി ക്ലേശിക്കുന്ന ഒരു കടംകഥയാണു ജീവിതം.

അയാൾ കുടിലിൽനിന്നും പുറത്തിറങ്ങി. അതിൻെറ ആ പനമ്പുവാതിൽ അടച്ചു. അയാളുടെ നെഞ്ചു ഒന്നു ഉയന്നുതാണു. അയാൾ അമ്പരപ്പോടെ ചുററും കണ്ണോടിച്ചുനോക്കി. ഒരു ചലച്ചിത്രത്തിൽ എന്നപോലെ ചില സംഭവങ്ങൾ അയാളുടെ കൺമുൻപിൽ തെളിഞ്ഞു. അയാൾ ആ നാട്ടിൽ എത്തിച്ചേർന്നതും, ആ വീടു നിർമ്മിച്ചതും, അവിടെ അയാളുടെ സ്നേഹംനിറഞ്ഞ ഭാര്യയുമൊത്തു ജീവിച്ചതും, അവസാനം ആ കുടിലിൽനിന്നും അവരുടെ മൃതദേഹം പള്ളിയിലേക്കു എടുത്തുകൊണ്ടുപോയതും, എല്ലാം...എല്ലാം.......

അയാൾ നടന്നു. ഒരു തിരിവു കഴിഞ്ഞു കുന്നിൻതലപ്പിൽ എത്തിച്ചേന്നു. അകലെ അവ്യക്തതയിൽ മറഞ്ഞുനില്ക്കുന്ന പത്തു കൊല്ലത്തെ തൻെറ വാസസ്ഥലത്തെ അയാൾ തിരിഞ്ഞുനോക്കി. കണ്ണുനീർ ആ കാഴ്ചയെ വിലക്കിനിന്നു. എന്നാൽ കാററത്തിളകിയ മുളകുകൊടിയുടെ ഇലകൾ കൈവീശി യാത്രാനുവാദം അയാൾക്കു നൽകി. ഹൂം! നെടുതായ ഒരു നിശ്വാസം ആ കുളിർമ്മയുള്ള അന്തരീക്ഷത്തിൽ അത്രയും ചൂടു പരത്തി.

ആശാൻ മലബാറിൽ താമസം തുടങ്ങിയതിനുശേഷം ഒന്നു രണ്ടെഴുത്തുകൾ അയാളുടെ മകനു അയച്ചിരുന്നു. എന്നാൽ തികഞ്ഞ മൗനമാണു തൻെറ പിതാവിൻെറ എഴുത്തുകൾക്കു ജോൺകുട്ടി ആചരിച്ചതു്. അതുകൊണ്ടു വീണ്ടും ആ പാഴ്‌വേലയ്ക്കു ആശാൻ മുതിന്നില്ല. പിന്നെ നാട്ടിൽനിന്നു എത്തിച്ചേരുന്നവരിൽനിന്നു ഏതോ ചിലതെല്ലാം നാലഞ്ചുകൊല്ലം മുൻപുവരെ അയാൾ അറിഞ്ഞിരുന്നില്ലെന്നില്ല.

"കത്താവേ! ഇങ്ങനത്തെ ഒരു മണവാട്ടിയെ ആണല്ലോ എൻെറ മകനു അവിടുന്നു നൽകാൻ തിരുമനസ്സായതു്!"

വിശേഷം ഗ്രഹിച്ച ആശാൻ മുകളിലേക്കു കണ്ണുയത്തി സർവ്വേശ്വരനോടു തൻെറ സങ്കടം ഉണത്തി. ഇന്നിതാ, രൂപംപ്രാപിക്കാത്ത ചിന്തകളുമായി ആ വൃദ്ധൻ തൻെറ മകനെ കാണുവാൻ പോകുകയാണു്, നാട്ടിലേക്കു്!

× × ×

തീവണ്ടിയിൽ ഇരുന്നു ക്ലേശിച്ചും യാത്രാക്ഷീണത്തോടേയും ഒരു ദിവസം നേരം വെള്ളവീശിയപ്പോൾ അയാൾ ഇടവകപ്പള്ളിമുററത്തു എത്തിച്ചേന്നു. ഇനി ഒരു മൈൽക്കൂടിയുണ്ടു് വീട്ടിൽ എത്തിച്ചേരുവാൻ. പള്ളിയുടെ പരിസരങ്ങൾ ആകപ്പാടെ മാറിയിരുന്നു. ലോകം അനുദിനം പരിഷ്കൃതമാകുകയാണല്ലോ. അയാൾ മലബാറിനു പുറപ്പെട്ടപ്പോൾ ആ പള്ളിമുററത്തു കപ്യാരുടെ ഒരു ചായക്കടമാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്നു വഴിയുടെ രണ്ടുവശവും കെട്ടിടങ്ങൾ തിങ്ങി. ജൗളിക്കട, പീടിക, ചായക്കട അങ്ങനെ അതിൻെറ ലിസ്റ്റു് നീണ്ടുപോകുന്നു. ആശാൻ ചുററുപാടും അതിശയത്തോടെ നോക്കി. ചായക്കടകളിൽ അനക്കംവച്ചുവരുന്നുണ്ടു്. പിന്നെയെല്ലാം നിശ്ശബ്ദം. അയാൾ ഒരു ചായക്കടയുടെ വാതുക്കൽ ചെന്നുനിന്നു ചോദിച്ചു: "ഹേയ്! കാപ്പി ശരിയായിട്ടുണ്ടോ?"

അപരിചിതമായ സ്വരംകേട്ടു് കള്ളിമുണ്ടും സാൻഡോബനിയനും ധരിച്ച ഒരു ചെറുപ്പക്കാരൻ വാതുക്കലേക്കു എത്തിനോക്കി. "ലേശം താമസമുണ്ടല്ലോ."

ആശാൻ ചായക്കടയുടെ അകത്തുകയറി, ഒരു ബീഡി കത്തിച്ചു വലിച്ചുകൊണ്ടിരുന്നു. അടുപ്പിൻചോട്ടിൽ കവിളൊട്ടി പല്ലുന്തി പ്രാകൃതംപിടിച്ച ഒരു പയ്യൻ എന്തെല്ലാമോ ചെയ്തുകൊണ്ടിരുന്നു. ആശാൻ അവനെനോക്കി. എല്ലാം പുതിയ മുഖങ്ങൾ. പള്ളിയിൽ ത്രികാലജപത്തിനുള്ള മണിയടിച്ചു. ആശാൻ കുരിശുവരച്ചു. കുറച്ചുകഴിഞ്ഞു് ഒരു മദ്ധ്യവയസ്കൻ ചായക്കടയിലേക്കു കയറിവന്നു. ഇതിനിടയിൽ ആശാൻ ചൂടുള്ള കാപ്പി ഊതിഊതി കുടിച്ചുകൊണ്ടിരിക്കുകയാണു്.

"അല്ലടാ, യാക്കോബേ! ഈ അന്തോണി ഇവിടെത്തന്നെ നില്ക്കുകയാണോ, നല്ലൊരു ദിവസമായിട്ടു്?" ആ വൃത്തികെട്ട പയ്യനെ ചൂണ്ടിക്കാണിച്ചുകൊണ്ടു്, ആ ചെറുപ്പക്കാരനോടായി അയാൾ പറഞ്ഞു.

"ഇവനെന്തിനു പോകണം ചേട്ടാ! ആ പൂതന പണ്ടേ ഇവനെ പറഞ്ഞുവിട്ടതല്ലേ?"

"എന്നാലും സ്ത്രീകൾ ഇത്ര നന്ദിയില്ലാത്ത വർഗ്ഗമാണല്ലോ?"

അയാൾ അന്തോണി ആശാനെ സംബോധനചെയ്തുകൊണ്ടു തുടന്നു: "കേട്ടോ വല്യപ്പാ! ഈ പയ്യൻ ഈ നാട്ടിലെ നല്ലൊരു കുടുംബത്തിൽ പിറന്നതാ. ഇവൻെറ അപ്പൻ ആറുമാസംമുൻപു മരിച്ചുപോയി. നാലാംമാസം ഇവൻെറ അമ്മ ഇവനെ ആട്ടിപ്പുറത്താക്കി. ഇവൻെറ അപ്പൻെറ മുതലു് ഇവൻെറ ജീവിതാവസാനംവരെ സുഖമായി കഴിഞ്ഞുകൂടുവാനുള്ളതുണ്ടു്. പക്ഷെ ഇങ്ങനെ ഒരമ്മ......"

"പെണ്ണു പിഴച്ച വർഗ്ഗംതന്നെ" ആശാൻ അയാളുടെ അഭിപ്രായം രേഖപ്പെടുത്തി.

"കേൾക്കണോ! ആ സ്ത്രീക്കു ഹൃദയം എന്നൊന്നില്ല. പണം, പണം. അതല്ലെങ്കിൽ പത്തുകൊല്ലക്കാലം കഴിഞ്ഞുകൂടിയ ഭത്താവു മരിച്ചു ആറുമാസം തികയുന്നതിനുമൻപു മറെറാരു വിവാഹത്തിനു തയ്യാറാകുമോ?"

"അയ്യോ കഷ്ടം! ഈ ചെറുക്കൻെറ കാര്യം വലിയ പരുങ്ങലിലായല്ലോ......" അയാൾ അനുശോചിച്ചു

"ഒരു പരുങ്ങലും ഇല്ലന്നേ! ശകലമൊന്നു കഴിഞ്ഞോട്ടെ! ഇവനുള്ളതു ഇവനുതന്നെ കിട്ടാതെ എവിടെപ്പോകും? മാത്രമല്ല, തല്ക്കാലം വേറൊരു തെളിഞ്ഞവഴി കിടക്കുന്നു. ഇവൻെറ അപ്പൂപ്പൻ ഒരാൾ മലബാറിൽ താമസിക്കുന്നുണ്ടെന്നാണറിവു്..."

"മ്!" ആശാൻെറ കണ്ണുകൾ കറങ്ങി. "ങ്ഛേ! ഇവൻെറ അപ്പൂപ്പൻ മലബാറിലുണ്ടോ? ഈ പയ്യൻ......?"

"ചെറുതുരുത്തിൽ ജോൺ എന്നയാളുടെ മകനാ."

"അപ്പോൾ എൻെറ ജോൺകുട്ടി!......" കാപ്പിയും ഗ്ലാസും തറയിൽവീണു ചിന്നിച്ചിതറി. വെട്ടിയിട്ട മരംകണക്കെ വൃദ്ധനും നിലംപതിച്ചു. അവർ അദ്ദേഹത്തെ പരിചരിച്ചു. ബോധം വീണപ്പോൾ വൃദ്ധൻ ആ ബാലനെ കെട്ടിപ്പുണന്നുകൊണ്ടു പറഞ്ഞു:- "എൻെറ കുഞ്ഞന്തോണീ!"

X X X

പകലോൻ പുഞ്ചിരിപൊഴിച്ചുകൊണ്ടല്ലു നീലാകാശത്തിലേക്കുയന്നതു്. പള്ളിയിൽനിന്നും ഒരു കല്യാണം ഇറങ്ങി. വഴിയരുകിൽ ഒരു വൃദ്ധൻ തൻെറ പേരക്കിടാവിൻെറ കരം അവലംബിച്ചുകൊണ്ടു നിന്നിരുന്നു. അയാൾ അവനോടു പറഞ്ഞു: "കുഞ്ഞേ! എല്ലാം കത്താവു നേരെയാക്കും. എൻെറ ജോൺകുട്ടി നിന്നെ എനിക്കു തന്നുകൊണ്ടാണല്ലോ പോയതു്!" ആ വൃദ്ധഹൃദയം സമാധാനിച്ചു.

—o—


## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

### ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

### അഭിവൃദ്ധിപത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിര നിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,675 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,87,573 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |
| 1954 | 5,97,150 | 22,46,601 | 29,22,345 | 36,50,149 |
| 1956 | 5,97,150 | 24,76,610 | 31,64,179 | 40,94,938 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

(മാനേജിംഗ് ഡയറക്ടർ)

കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# റഷ്യയുടെ സഹവർത്തിത്വം

(നിരീക്ഷകൻ)

സ്റ്റാലിന്റെ മരണത്തിനുശേഷം സോവ്യററുറഷ്യയിൽ രാഷ്ട്രീയരംഗത്തു പല മാററംമറിച്ചിലുകളും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് നയപരിപാടികളിൽ പല വ്യതിയാനങ്ങളും ജനഹിതമനുസരിച്ചു നടപ്പാക്കുന്നുവെന്നും കമ്മ്യൂണിസ്റ്റ്റഷ്യയെ ആധുനികജനതയുടെ കണ്ണിലുണ്ണിയാക്കുന്നുവെന്നുമാണ് നേതാക്കന്മാർ ഈ സംഭവവികാസങ്ങളെപ്പററി പ്രചാരണം നടത്തുന്നതു്. ഇക്കൂട്ടത്തിൽ വളരെയധികം അവർ പൊക്കിക്കാണിക്കുന്ന ഒരു കാര്യമാണ് "സമാധാനപരമായ സഹവർത്തിത്വം." പ്രജായത്തസിദ്ധാന്തങ്ങളിൽ വിശ്വസിക്കുകയും നിയമസമാധാനങ്ങൾ പാലിച്ചുപോരുകയും ചെയ്യുന്ന രാജ്യങ്ങൾ തമ്മിൽ സഹവർത്തിത്വമനോഭാവം പുലർത്തുകയെന്നതു മനസ്സിലാക്കാൻസാധിക്കും. എന്നാൽ വിപ്ലവം നയപരിപാടിയായി പ്രഖ്യാപിക്കുകയും, മുതലാളിവർഗ്ഗത്തെ ഒന്നടങ്കം കൊന്നൊടുക്കി തൊഴിലാളിസ്വേച്ഛാധിപത്യം ആലോകവിപ്ലവംമൂലം സംജാതമാക്കുന്നതിനു ദൃഢവ്രതം ചെയ്യുകയും ചെയ്തിരിക്കുന്ന—ആ മാർഗ്ഗത്തിൽ വളരെദൂരം യാത്രചെയ്തുകഴിഞ്ഞിരിക്കുന്ന— സോവ്യററുറഷ്യയിലെ കമ്മ്യൂണിസ്റ്റ്ഗവമ്മെൻറ് ഏതർത്ഥത്തിലാണ് ഈ പദമുപയോഗിക്കുന്നതെന്നു സാമാന്യബുദ്ധികൊണ്ടു മനസ്സിലാക്കാൻ വിഷമമാണ്. വാസ്തവത്തിൽ കമ്മ്യൂണിസ്റ്റാദർശത്തിൽ സമാധാനപരമായ സഹവർത്തിത്വം എന്നതു ഒരു തെളിഞ്ഞ വിരോധാഭാസമാണ്. എങ്കിലും സ്റ്റാലിന്റെ കാലംകഴിഞ്ഞു നേതൃപദത്തിലേറിയ മലങ്കോവും ബുൾഗാനിനും ക്രൂഷേവുമെല്ലാം വളരെ പഥ്യമായി ഈ പദം കൈകാര്യം ചെയ്യുന്നുണ്ട്.

കമ്മ്യൂണിസ്റ്റ് തത്വമീമാംസകന്മാരായ ലെനിൻ, സ്റ്റാലിൻ, ഫ്രൻസെ മുതലായ പണ്ഡിതന്മാർ വീണ്ടും വീണ്ടും ആവർത്തിച്ചു പറഞ്ഞിട്ടുള്ളതും പഠിപ്പിച്ചിട്ടുള്ളതും വർഗ്ഗവിദ്വേഷത്തിന്റെയും സന്ധിയില്ലാസമരത്തിന്റെയും ആലോകവിപ്ലവത്തിന്റെയും വേദാന്തമാണ്. ഇങ്ങനെ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾക്കും കമ്മ്യൂണിസ്റ്റ് ആചാര്യന്മാരുടെ പ്രബോധനങ്ങൾക്കും കടകവിരുദ്ധമായ ഒരു നയം ഇന്നത്തെ കമ്മ്യൂണിസ്റ്റ്നേതൃത്വം വിളംബരം ചെയ്യുന്നുവെങ്കിൽ അതിന്റെ അർത്ഥം, ഇന്നു് ലോകജനതയെ അതുവഴി തെററിധരിപ്പിക്കാമെന്നോ വഞ്ചിക്കാമെന്നോ അവർ ഉദ്ദേശിക്കുന്നുണ്ടാവാം എന്നുമാത്രമാണ്. ലെനിന്റെ വിപുലങ്ങളായ ഗ്രന്ഥസമുച്ചയത്തെ മുഴുവൻ പരിശോധിച്ചാലും സമാധാനപരമായ സഹവർത്തിത്വത്തെപ്പററി ഒരു വാചകംപോലും ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്നതല്ല. ലെനിന്റെ ഗ്രന്ഥങ്ങളിൽ ഒരു സ്ഥലത്തു ഇതേപ്പററി പറഞ്ഞിട്ടുള്ളതു് യഥാർത്ഥത്തിൽ സഹവർത്തിത്വത്തെയല്ല, പ്രത്യുത അതിനെതിരായ അർത്ഥസൂചനയാണു നൽകുന്നതു്. 1920 ഫെബ്രുവരിയിൽ "ന്യൂയോക്ക് ഈവെനിംഗ് ജേർണ്ണ"ലിന്റെ ഒരു ലേഖകനുമായുള്ള അഭിമുഖസംഭാഷണത്തിലാണ് ഈ ഭാഗം കാണുന്നതു്. "ഏഷ്യയിലെ ഞങ്ങളുടെ പ്ലാനുകളോ? അതു യൂറോപ്പിലേതുതന്നെയാണ്; അതായതു ജനങ്ങളോടൊത്തുള്ള സഹജീവിതം—സ്ഥലമുടമകളും, മുതലാളിമാരും, കച്ചവടക്കാരുമില്ലാത്തതും, ചൂഷണമില്ലാത്ത ഒരു പുതിയ ജീവിതത്തിലേക്കു നീങ്ങുന്ന തൊഴിലാളികളേയും കർഷകരേയും ഉൾക്കൊള്ളുന്ന ജനവിഭാഗത്തോടൊന്നിച്ചുമുള്ളതു്." (Lenin's Works, 4 th ed., Vol. 30, p 340) ഇവിടെ ഉദ്ദേശംചെയ്യുന്ന സഹവർത്തിത്വാശയം മുതലാളിമാരേയും വണിക്കുകളേയും സ്വത്തുടമകളേയും ഉൾക്കൊള്ളുന്ന ജനവിഭാഗത്തെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ളതും തൊഴിലാളികളേയും കർഷകരേയുംമാത്രം സംബന്ധിക്കുന്നതുമാണെന്നു സ്പഷ്ടമാണല്ലോ. ഇതാണോ സ്വതന്ത്രരാഷ്ട്രങ്ങൾ വിഭാവനംചെയ്യുന്നതും സാധാരണമനുഷ്യർ മനസ്സിലാക്കുന്നതുമായ സമാധാനപരമായ സഹവർത്തിത്വം എന്നു പരിശോധിക്കുക. വർഗ്ഗസമരത്തേയും മുതലാളിവിദ്വേഷത്തേയും മുദ്രാവാക്യമായി സ്വീകരിക്കുകയും സോഷ്യൽജനാധിപത്യത്തേയും സമാധാനപദ്ധതികളേയും അങ്ങേയററം എതിർക്കുകയും ചെയ്യുന്ന ലെനിനെ എന്തിനു ഈ പ്രശ്നത്തിലേക്കു അവർ വലിച്ചിഴയ്ക്കുന്നുവെന്നാണ് മനസ്സിലാകാത്തതു്. സഹവർത്തിത്വം ലെനിന്റെ ആദർശമായി ആരോപിക്കുന്നതു് ലെനിനിസ്സത്തോടു ചെയ്യുന്ന ഒരു കയ്യേററമാണ് എന്നു സ്പഷ്ടം.

---

വിശുദ്ധ പത്താംപിയൂസിന്റെ മാദ്ധ്യസ്ഥതാലും സിസ്റ്റർ അൽഫോൻസായുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. വൈകിയതിനു ക്ഷമാപണം


മിസ്സിസ്സ് മേരി പോൾ,
ചേററുപുഴ

---

അടുത്തതായി ദീർഘകാലം കമ്മ്യൂണിസ്റ്റ്റഷ്യയുടെ ഏകഛത്രാധിപതിയായി ഭരണം നിർവ്വഹിച്ച സ്റ്റാലിൻ ആശയമെന്തായിരുന്നു എന്നു നോക്കാം. അദ്ദേഹം തന്നെ കമ്മ്യൂണിസ്റ്റ് സഹവർത്തിത്വത്തിന്റെ സ്വഭാവവും പരിപാടികളും വിവരിച്ചിട്ടുള്ളതിപ്രകാരമാണ്:- "മുതലാളിത്തവിഭാഗത്തിന്റെ വൈരുദ്ധ്യങ്ങളെ പരിഗണിച്ചു്, നമ്മുടെ ഉദ്ദേശം മുതലാളികളെ "വിലപ്പെട്ടുത്തു" യുദ്ധം പാടുള്ളിടത്തോളം നീട്ടിക്കൊണ്ടുപോവുക എന്നതാണ്. ലെനിന്റെ വാക്കുകൾ നമുക്കു മറക്കുവാൻ സാദ്ധ്യമല്ല. അതിപ്രകാരമാണ്: മുതലാളിത്തലോകത്തോടു നാം യുദ്ധംചെയ്യേണ്ടതു് അനിവാര്യമാണ്. എന്നാൽ നമ്മുടെ സജ്ജീകരണം സംബന്ധിച്ചു നോക്കിയാൽ അതു കഴിയുന്നതു് നീട്ടിക്കൊണ്ടു പോകേണ്ടതു നമ്മുടെ ആവശ്യമാണ്. യൂറോപ്പിൽ തൊഴിലാളിവിപ്ലവം പാകമാകുന്നതുവരെയോ കോളനികളിലെ വിപ്ലവം മൂർച്ഛയാകുന്നതുവരെയോ, അല്ലെങ്കിൽ കോളനികളുടെ വിഭജനംസംബന്ധിച്ചു മുതലാളിത്തശക്തികൾ ഒരു മത്സരത്തിൽ എത്തുന്നതുവരെയോ ഒരു സംഘട്ടനം നാം ഒഴിവാക്കണം. അതുകൊണ്ടു് മുതലാളിത്തരാജ്യങ്ങളുമായി സമാധാനപരമായ ബന്ധങ്ങൾ പുലർത്തേണ്ടതു് നമുക്കു തല്ക്കാലം ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത ഒരു കാര്യമാണ്...." I V Stalin, Works, O. G. I. Z., 1953, Vol. X, pp 288, 89) പ്രതിയോഗിയെ കണക്കിനു പ്രഹരിക്കുവാൻതക്ക തരം വരുന്നതുവരെയുള്ള ഒരൊത്തുതീർപ്പു നയമോ, അഥവാ ശരിയായി പറഞ്ഞാൽ, വഞ്ചനനിറഞ്ഞ ഒരു തന്ത്രമോ മാത്രമാണ് കമ്മ്യൂണിസ്റ്റ് അർത്ഥത്തിൽ അവരുടെ സഹവർത്തിത്വം. സ്റ്റാലിന്റെ പ്രകടമായ പ്രസ്താവന ഇതു നഗ്നമായി കാണിക്കുകയാണ്.

ക്രൂഷേവ് മുതലായ കമ്മ്യൂണിസത്തിന്റെ ആധുനികാചാര്യന്മാരുടെ സിദ്ധാന്തങ്ങൾക്കും ഇതിൽനിന്നു വ്യത്യസ്ഥമായ ഒരർത്ഥമുണ്ടാവുക സാദ്ധ്യമല്ല. അവർ അതിനു പറയുന്ന യാതൊരു വിശദീകരണങ്ങളും നൽകുന്നുമില്ല. വാക്കുകളെക്കൊണ്ടു ചില അഭ്യാസങ്ങൾ കാണിച്ചു സാമാന്യജനങ്ങളെ തെററിധരിപ്പിക്കുന്നതിനു അവർ ചില പ്രസ്താവനകളിൽ ശ്രമിക്കാറുണ്ട്, എന്നല്ലാതെ സഹവർത്തിത്വത്തെ വിശദീകരിക്കുന്നതിനോ അവരുടെ നില വ്യക്തമാക്കുന്നതിനോ ആരും തയാറല്ല. ക്രൂഷേവ് ഒരു പ്രസംഗത്തിൽ പറഞ്ഞു:- "ഈ രണ്ടു ആദർശങ്ങളും ഒരേലോകത്തിൽത്തന്നെ നിലനില്ക്കുന്നുണ്ടെങ്കിൽ, സഹവർത്തിത്വം സാദ്ധ്യമാണെന്നു മാത്രമല്ല ഒരു യാഥാർത്ഥ്യമാണെന്നും വിശദമാണല്ലോ" (IZVESTIA, 17-4-57) ഇതിൽ വല്ല വിശദീകരണവും ആർക്കെങ്കിലും കാണുവാൻ കഴിയുമോ? സഹവർത്തിത്വം പ്രസംഗിക്കുന്നതിൽ സോവ്യററുറഷ്യയ്ക്കുള്ള ലക്ഷ്യങ്ങൾ വിശദമാണ്. സംഘട്ടനത്തിനുമുമ്പ് ആവശ്യമായ ഒരുക്കത്തിനുള്ള വിളംബമുണ്ടാക്കുക; ഒരു ശീതസമരത്തിന്റെ കരുക്കളൊരുക്കുക; അവികസിതരാജ്യങ്ങളിൽ കൈകടത്തുന്നതിനുള്ള ഒരു സാങ്കേതികമാർഗ്ഗം തുറക്കുക; ഏഷ്യയുടേയും ആഫ്രിക്കായുടേയും അനുഭാവം സമ്പാദിക്കുക; അണുവായുധങ്ങൾ കാണിച്ച് സ്വതന്ത്രരാജ്യങ്ങളെ ഭീഷണിപ്പെടുത്തി വശത്താക്കുവാനും "നാറേറാ" "സീറേറാ" മുതലായ സംഘടനകളെ ശിഥിലമാക്കുന്നതിനും ശ്രമിക്കുക; നിഷ്പക്ഷത നടിച്ച് അന്യരാജ്യങ്ങളിൽ സംശയംകൂടാതെ നുഴഞ്ഞുകയറുക; കമ്മ്യൂണിസത്തിന്റെ അക്രമപരിപാടികളെ മറച്ചുവയ്ക്കുവാൻ സമാധാനപ്രസ്ഥാനങ്ങളും ആയുധനിയന്ത്രണാദർശങ്ങളും പൊക്കിപ്പിടിക്കാൻ കളമൊരുക്കുക മുതലായ സ്വാർത്ഥതനിറഞ്ഞതും ലോകത്തെ വഞ്ചിക്കുന്നതുമായ നയതന്ത്രങ്ങൾക്കുള്ള ഒരു കനത്ത മൂടുപടംമാത്രമാണതു്. "സഹവർത്തിത്വം" എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ടു് സ്വതന്ത്രരാജ്യങ്ങളെ വഴിതെററിക്കുവാനും, അതേസമയം ധ്രുതഗതിയിൽ പടയൊരുക്കം നടത്തി ലോകത്തെ ഒന്നടങ്കം അടിപ്പെടുത്തുന്നതിനുള്ള അനുകൂല അവസരം പാർത്തിരിക്കുന്നതിനുംവേണ്ടി മാത്രമാണ് സോവ്യററു റഷ്യ കമ്മ്യൂണിസത്തിന്റെ ആദർശത്തിനും ലക്ഷ്യത്തിനും നയപരിപാടികൾക്കും കടകവിരുദ്ധമായ ഈ മന്ത്രമുരുവിടുന്നതെന്നു വസ്തുതകൾ വിശദമായി തെളിയിക്കുന്നു.

—o—



വിദ്യാഭ്യാസബില്ലിനെതിരായി ഉത്തരമലബാറിൽ പേരാമ്പ്രയിലെ പ്രതിഷേധമഹായോഗത്തിൽ സംബന്ധിച്ചിരുന്ന വൻപിച്ച ജനാവലിയിൽ ഒരു വിഭാഗം.

# തൊഴിലാളികളോട് മാർപ്പാപ്പാ തിരുമനസ്സിലെ പ്രഭാഷണം

"തൊഴിലാളികളെ വഞ്ചനാത്മകങ്ങളായ വാഗ്ദാനങ്ങളാൽ മിഥ്യാലോകത്തിലേക്കു നയിച്ചുകൊണ്ടു് വിദ്വേഷത്തിന്റെയും മത്സരത്തിന്റെയും വിത്തുപാകുന്ന വ്യാജപ്രവാചകന്മാരെ പ്രത്യേകം സൂക്ഷിച്ചുകൊള്ളണ"മെന്നു് മാർപ്പാപ്പാ തിരുമേനി യുവാക്കളായ കത്തോലിക്കാ തൊഴിലാളികൾക്കു മുന്നറിയിപ്പു നൽകിയിരിക്കുന്നു.

ബൽജിയത്തിൽ 35 വർഷങ്ങൾക്കുമുൻപു് സമാരംഭിച്ച യംഗ് ക്രിസ്ത്യൻ മൂവ്മെൻറിന്റെ ആഭിമുഖ്യത്തിലുള്ള പ്രഥമ ലോകറാലിക്കു് റോമിൽ 84 രാജ്യങ്ങളിൽനിന്നും സമ്മേളിച്ച 30,000 തൊഴിലാളികളെ അഭിമുഖീകരിച്ചു സംസാരിക്കുകയായിരുന്നു തിരുമേനി. യുവജനങ്ങളുടെ സ്വാഭാവികമായ ശുഭാപ്തിവിശ്വാസത്തിന്റെ മാർഗ്ഗത്തിൽ ഇന്നത്തെ ലോകം ഭീകരങ്ങളായ ഒട്ടനേകം തടസ്സങ്ങൾ ഉണ്ടാക്കിവച്ചിട്ടുണ്ടെന്നു തിരുമേനി പറഞ്ഞു. പരിശുദ്ധപിതാവു് ഇങ്ങനെ തുടന്നു:-

"വിശപ്പു്, അനാഥത്വം, അജ്ഞത തുടങ്ങിയ ദുസ്സഹങ്ങളായ പല ഭൗതികപ്രതിബന്ധങ്ങളുടേയും മദ്ധ്യത്തിൽ ധാരാളമാളുകൾ കിടന്നു ഞെരുങ്ങുന്നതായി നിങ്ങൾ കാണുന്നുണ്ട്. ചിലർ തങ്ങളുടെ അന്തസ്സ് വിസ്മരിക്കുകയും ആദർശങ്ങൾ ബലികഴിക്കുകയും വഷളായ ആഹ്ലാദങ്ങളാൽ സംതൃപ്തരാകുകയും ചെയ്യുന്നു.

"വഞ്ചനാത്മകങ്ങളായ വാഗ്ദാനങ്ങളാൽ തൊഴിലാളികളെ മിഥ്യാലോകത്തിലേക്കു് നയിച്ചുകൊണ്ടും വിദ്വേഷത്തിന്റെയും മത്സരത്തിന്റെയും വിത്തുകൾ അവരുടെ ഇടയിൽ വിതച്ചുകൊണ്ടും ഈ വ്യാജപ്രവാചകന്മാർ ശോകവശഗരായ ഈ ഗണത്തിന്റെ ഇടയിലേക്കു നുഴഞ്ഞുകയറുന്നു. ലോകത്തിന്റെ പ്രകൃതിദത്തമായ വിഭവസമ്പത്തു വർദ്ധിച്ചുവരുന്ന ജനതയെ പോററുവാൻ മതിയാകുകയില്ലെന്നുപറഞ്ഞു് വിവാഹത്തിന്റെയും കുടുംബത്തിന്റെയും മഹനീയതയിലേക്കും പദവിയിലേക്കുംപോലും കൈയേററങ്ങൾ നടത്തപ്പെടുന്നു."

(10-ാംപേജ് തുടർച്ച)

നിയുടെ ചരമം 9-ാം തീയതിയാണെന്നു അദ്ദേഹത്തിന്റെ റോമായാത്രയിൽ ജീവാവസാനസമയംവരെ സന്തതസഹചാരിയും സ്വന്തം സെക്രട്ടറിയും ആയിരുന്ന അഭിവന്ദ്യനായ പാറേമ്മാക്കൽ ഗോവർണ്ണദോരുടെ "വർത്തമാനപ്പുസ്തകം" തുടങ്ങിയ ചില രേഖകളിലും പല ലേഖകന്മാരുടെ വിവരണങ്ങളിലും കാണുന്നുണ്ട്. അതേസമയം ഗോവയിലെ അദ്ദേഹത്തിന്റെ കുഴിമാടശിലയിൽ സെപ്തംബർ 10-ാം തീയതിയാണ് ചരമദിനമെന്നു രേഖപ്പെടുത്തിയിട്ടുള്ള വസ്തുതയും വിസ്മരണീയമല്ല. അക്കാലത്തു ഭാരതത്തിൽ നാഗരികതയുടെ ഒരു ശക്തികേന്ദ്രമായിരുന്ന ഗോവാപട്ടണം, പില്ക്കാലത്തു മനുഷ്യാധിവാസയോഗ്യമല്ലാതെ ശോകമൂകമായി ഇന്നും സ്ഥിതിചെയ്യുന്നതെപ്പററിയോ തിരുമേനിയുടെ ചരമത്തെപ്പററിയോ ഇവിടെ കൂടുതലായൊന്നും പ്രസ്താവിക്കണമെന്നു കരുതുന്നില്ല. ഡോക്ടർ കരിയാററി ജീവിച്ചിരിക്കുന്ന ഒരു പുണ്യവാനാണെന്നു പലപ്പോഴും പലർക്കും തോന്നിയിരുന്നു. ഇപ്പോൾ മനുഷ്യാധിവാസമില്ലാതെ വിജനമായി സ്ഥിതിചെയ്യുന്ന ഓൾഡുഗോവയിലെ അതിബൃഹത്തായ ഭദ്രാസനദേവാലയത്തിലെ നിരനിരന്നുള്ള സുവർണ്ണബലിപീഠങ്ങളുടെ വിരിമാറിൽ, പുണ്യശ്ലോകനും ചരിത്രപുരുഷനും ആയ നമ്മുടെ പ്രഥമമെത്രാപ്പോലീത്താ തിരുമേനിയുടെ ഭൗതികാവശിഷ്ടം, ശോകമൂകമാംവിധം 171 കൊല്ലക്കാലമായി സ്ഥിതിചെയ്തുവരുന്നു.

### ഭൗതികാവശിഷ്ടമാററം

കരിയാററിമെത്രാപ്പോലീത്താതിരുമേനിയുടെ പൂജ്യഭൗതികാവശിഷ്ടം നമ്മുടെ മദ്ധ്യത്തിലേക്കു കൊണ്ടുവന്നു് സമുചിതമായ സ്മാരകം സ്ഥാപിക്കുവാൻ, പലേ കാലഘട്ടങ്ങളിലും നമ്മുടെ മദ്ധ്യത്തിൽ ശ്രമമുണ്ടായിട്ടുണ്ട്. നമുക്കു അവിസ്മരണീയനും പുണ്യശ്ലോകനുമായ ആ ധീരസേനാനിയെ സംബന്ധിച്ച ഈ പരിശ്രമം ഇനിയും സഫലമായിട്ടില്ല.

എന്നാൽ അഖിലകേരളകത്തോലിക്കാകോൺഗ്രസ് സംഘടിപ്പിച്ച ഒരു കമ്മിററി ഒരു കൊല്ലത്തിനുമേലായി ഇക്കാര്യത്തിൽ ഒരു നല്ല പരിശ്രമം നടത്തി കുറെയെല്ലാം ഫലോദയത്തിൽ എത്തിയിരിക്കുന്നുവെന്ന വസ്തുത പ്രസ്താവ്യമാണ്. കമ്മിററിയുടേയും വിശിഷ്യ കൺവീനർ വെരി റവ. മോൺ: ജോൺ കച്ചിറമററം അവർകളുടേയും ശ്രമഫലമായി ഭൗതികാവശിഷ്ടങ്ങൾ ഗോവാഭദ്രാസനദേവാലയത്തിൽ നിന്നു് കേരളത്തിലേക്കു കൊണ്ടുപോരുവാൻ ഗോവാഗവർണ്ണർ അവർകളുടേയും വൈദികമേലദ്ധ്യക്ഷപ്രമുഖനായ ഗോവാ പാത്രിയർക്കീസ് തിരുമേനിയുടേയും അനുമതി ഇതിനകം കിട്ടിക്കഴിഞ്ഞിരിക്കുന്നു. ആ അനുമതി സമ്പാദിച്ചശേഷം ഇൻഡ്യാഗവമ്മെൻറിന്റെ അനുമതിക്കായുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. ഇൻഡ്യാഗവമ്മെൻറും ഗോവാഗവമ്മെൻറും തമ്മിലുള്ള തല്ക്കാലദുർഘടനില മൂലം ഈ അനുമതിക്കു് അല്പം കൂടി കാലവിളംബമുണ്ടാകുന്ന മട്ടിലാണു സ്ഥിതിഗതികളിരിക്കുന്നതു്.

ഭൗതികാവശിഷ്ടം കേരളത്തിലെ ഏതു കേന്ദ്രത്തിലാണു സ്ഥാപിക്കേണ്ടതെന്നു നമ്മുടെ അഭി

# തലസ്ഥാനനഗരിയിലെ ഗംഭീരമായ പ്രതിഷേധപ്രകടനവും മഹായോഗവും

ആഗസ്റ്റ് 26-ാംനു- തിരുവനന്തപുരം നഗരിയിൽ ഒരു ചരിത്രംതന്നെ സൃഷ്ടിച്ചുകൊണ്ട് വിദ്യാഭ്യാസബില്ലിൽ പ്രതിഷേധകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ, അങ്ങേയറ്റം പ്രകോപനപരമായ അന്തരീക്ഷത്തിൽ തികഞ്ഞ അച്ചടക്കംപാലിച്ച് ലക്ഷത്തിലധികംവരുന്ന നാനാജാതിമതസ്ഥരും എല്ലാ കമ്മ്യൂണിസ്റ്റേതരപാർട്ടിക്കാരും അടങ്ങിയ ഒരു വൻപിച്ച സന്നദ്ധസംഘം, അസംബ്ളിയിൽ ചർച്ചയാരംഭിക്കുന്ന, സിലക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത വിദ്യാഭ്യാസബില്ലിനോടുള്ള പ്രതിഷേധം പ്രകടിപ്പിച്ചിരിക്കുന്നു. പ്രകടനത്തിനുശേഷം കൂടിയ മഹായോഗത്തിൽ കമ്മ്യൂണിസ്റ്റ് അജിപ്രോപ്പ് വിഭാഗം സംഘടിപ്പിച്ച ഗുണ്ടാസംഘങ്ങളുടെ കല്ലേറും കൂക്കുവിളിയും അഭിമുഖീകരിച്ച് സമാധാനപരമായിരിക്കുവാനുള്ള നേതാക്കളുടെ ആഹ്വാനം ചെവിക്കൊണ്ട് രണ്ടരലക്ഷത്തോളംവരുന്ന ജനക്കൂട്ടം സംബന്ധിച്ചു.

## പ്രതിഷേധജാഥ

മെ: കുമ്പളം, ടി എം വറുഗീസ്, പി ടി ചാക്കോ, കാപ്പൻ ഉടങ്ങിയവരുടെ നേതൃത്വത്തിൽ മൂന്നുമണിക്ക് ചരിത്രപ്രസിദ്ധമായ വെള്ളയമ്പലത്തുനിന്നും നീങ്ങിയ പ്രകടനപ്രവാഹത്തെ, മെയിൻറോഡിൽ പല കേന്ദ്രങ്ങളിലായി കേന്ദ്രീകരിച്ചു നിർത്തിയിരുന്ന കമ്മ്യൂണിസ്റ്റ് ഗുണ്ടാസംഘങ്ങൾ കൂക്കിവിളിച്ചും ആഭാസകരമായ മുദ്രാവാക്യങ്ങൾ വിളിച്ചുപറഞ്ഞും കല്ലും കട്ടയും ചാണകവും വലിച്ചെറിഞ്ഞും പ്രകോപിപ്പിക്കുന്നതു് കാണാമായിരുന്നു. ജാഥായുടെ ഏറ്റം മുന്നണിയിൽ നൂറോളംവരുന്ന അജിപ്രോപ്പ് വിഭാഗം തെറിപ്പാട്ടുകൾപാടി കൂകിവിളിച്ച് മ്യൂസിയം ജംക്ഷൻ മുതൽ പഴവങ്ങാടിവരെ ഗുണ്ടാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ട് നീങ്ങിയിരുന്നു.

കേരളത്തിന്റെ വടക്കെ അററം മുതൽ തെക്ക് പാറശ്ശാലവരെയുള്ള 100-ൽപരം കേന്ദ്രങ്ങളിൽ നിന്നു് തലേദിവസം ഉച്ചമുതൽ തലസ്ഥാനനഗരിയിലേക്ക പ്രവഹിച്ചുകൊണ്ടിരുന്ന ധർമ്മഭടന്മാർ, മണി മൂന്നായപ്പോൾ വളണ്ടിയർ ക്യാപ്ററൻ മി. ചെറിയാൻ കാപ്പന്റെ നിർദ്ദേശാനുസരണം വെള്ളയമ്പലം ജംക്ഷനിൽ തികഞ്ഞ അച്ചടക്കത്തോടെ അണിനിരന്നു.

## 5000 നീലയൂണിഫോറം സന്നദ്ധഭടർ


ജീവൻ വെടിഞ്ഞും തങ്ങളുടെ വിദ്യാലയങ്ങൾ സംരക്ഷിക്കുവാൻ ദൃഢപ്രതിജ്ഞരായ അയ്യായിരത്തോളം, നീലയൂണിഫോറംധാരികളായ ക്രിസ്റ്റഫർസംഘം മൗനമായി ജാഥയുടെ മുന്നണിയിലും, തുടന്നു് കറുത്തകൊടികളുമായി മൂന്നു മൈൽ നീളംവരുന്ന ഒരു സന്നദ്ധസംഘം ആവേശകരങ്ങളായ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് പുറകിലുമായി പഴവങ്ങാടിയിലേക്കു നീങ്ങിത്തുടങ്ങി.

അത്ഭുതപൂർവ്വവും ആവേശജനകവുമായ ഈ കാഴ്ച സെക്രട്ടറിയേററിന്റെ ക്യാബിനററ് റൂമിൽ നിന്നുകൊണ്ട് മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും മററു മന്ത്രിമാരും നോക്കിക്കാണുന്നുണ്ടായിരുന്നു. മുന്നിൽ ഒരുസംഘം കമ്മ്യൂ: ഗുണ്ടാകളുടെ പടയണിയുള്ളപ്പോൾ പ്രതിഷേധജാഥാ സെക്രട്ടറിയേററ് മന്ദിരത്തിന്റെ മുന്നിലെത്തിയതോടുകൂടി, സെക്രട്ടറിയേററുപ്രവർത്തനം സ്വയമേവ നിശ്ചലമായി. മുഴുവൻ ഉദ്യോഗസ്ഥന്മാരും ഈ കാഴ്ചകാണ്മാൻ ഓഫീസ് വിട്ടുപുറത്തുവന്നു.

"മുണ്ടശ്ശേരിപ്പദ്ധതി അറബിക്കടലിൽ" "കുട്ടികളുടെ വിദ്യാഭ്യാസം രക്ഷാകർത്താക്കളുടെ മൗലികാവകാശം" "അരിയെവിടെ പണിയെവിടെ പറയൂ പറയൂ നമ്പൂരി" "അരിയില്ലിവിടെ, പണിയില്ലിവിടെ, പട്ടിണിയാണേ തിരുമേനി" "കുട്ടിസഖാക്കൾ പോലീസാണോ പറയൂ പറയൂ നമ്പൂരി" "സെല്ലുകളെല്ലാം കോടതിയാണോ പറയൂ പറയൂ നമ്പൂരി" തുടങ്ങിയ മുദ്രാവാക്യങ്ങളാണു് ജാഥാംഗങ്ങൾ വിളിച്ചിരുന്നതു്. നാലുമണിക്കു സെക്രട്ടറിയേററിന്റെ മുൻപിൽ ജാഥായുടെ ആദ്യനിര എത്തിയെങ്കിലും ജാഥായുടെ പിൻനിര കടന്നുപോയതു് 5-15നാണു്.

ജാഥാ പഴവങ്ങാടിയിലെത്തിച്ചേർന്നു് മഹായോഗം ആരംഭിക്കുവാൻ തുടങ്ങിയപ്പോഴേക്കും ഗുണ്ടാസംഘങ്ങൾ റോഡിൽ കേന്ദ്രീകരിച്ചുനിന്നുകൊണ്ട് കല്ലേറും കൂക്കുവിളിയും ആരംഭിച്ചു. അങ്ങേയററം സാഹസപ്പെട്ടു് അക്രമപ്രവർത്തനത്തിൽനിന്നു പിന്തിരിയണമെന്നും ജനാധിപത്യത്തിൽ പ്രസംഗസ്വാതന്ത്ര്യവും പ്രകടനസ്വാതന്ത്ര്യവും എല്ലാവർക്കുമുണ്ടെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട, യോഗം അലങ്കോലപ്പെടുത്തുവാനൊരുങ്ങിയ ഗുണ്ടാസംഘങ്ങളോടു് ആവർത്തിച്ചാവർത്തിച്ച് ശ്രീ സദാശിവൻ അവർകൾ അഭ്യർത്ഥിച്ചു. അവർ ആ അഭ്യർത്ഥന ചെവിക്കൊള്ളുകയുണ്ടായില്ല.

ശ്രീ കുമ്പളം അത്യന്തം വികാരഭരിതനായിട്ടാണു് പ്രസംഗം ആരംഭിച്ചതുതന്നെ. ഗുണ്ടാപ്രവർത്തനം തനിക്കു പുത്തരിയല്ലെന്നും സി പി രാമസ്വാമി അയ്യരുടെ കാലംമുതൽ ഇത്തരം ആഭാസത്തരങ്ങൾ താൻ കണ്ടിട്ടുണ്ടെന്നും തല്ലേണ്ടവർക്കു തല്ലാനും കൊല്ലേണ്ടവർക്കു കൊല്ലാനുമായി അവരുടെ ഇടയിലേക്കു വരാൻ താൻ തയ്യാറാണെന്നും പൊതുയോഗങ്ങളിൽ പ്രസംഗിക്കുന്ന തന്നെപ്പോലെയുള്ളവർക്കു് അനുഭവം ഇതാണെങ്കിൽ, ഈ അനുഭവത്തിന്റെ തിരിച്ചടി രാജ്യത്തു സഞ്ചരിക്കേണ്ടതായ മന്ത്രിമാർക്കുണ്ടാകുമെന്നും കുമ്പളം അനുസ്മരിപ്പിക്കുകയുണ്ടായി. ഇതോടുകൂടി ഗുണ്ടകൾ കൂക്കുവിളി



പ്രകടനങ്ങൾക്കു മകുടംചാർത്തിയ ക്രിസ്റ്റഫർ സന്നദ്ധസേന അണിനിരക്കുന്നു



നീലയൂണിഫോംധാരികളായ ക്രിസ്റ്റഫർസംഘം മാർച്ചുചെയ്യുന്നു




പ്രതിഷേധപ്രകടനങ്ങളെ അലങ്കോലപ്പെടുത്തുവാൻ വിഫലശ്രമംനടത്തിയ കമ്മ്യൂണിസ്റ്റ്ഗുണ്ടകളുടേയും കൂലിക്കെട്ടുത്തവരുടേയും പടയണിയുള്ളൾ

യുടെയും തെറിപറച്ചിലുകളുടെയും ശബ്ദം കൂട്ടുകയും കല്ലുകളും കട്ടകളും തുടരെത്തുടരെ യോഗപീഠത്തിലേക്കു എറിയുകയുമുണ്ടായി.

ഇതിനെത്തുടന്നു് ഗുണ്ടകളെ പോലീസ് വന്നു് യോഗസ്ഥലത്തുനിന്നു 50 വാര അകററി നിർത്തുകയുണ്ടായി. ശ്രീ കുമ്പളം പോലീസുകാരെ ചൂണ്ടിക്കൊണ്ട്, "നിങ്ങൾ അവരെ വിടു, അവർ കൂട്ടൽ അടുക്കട്ടെ. മക്രോണി സംസ്കാരം എന്താണെന്നു് ഈ പൊതുജനങ്ങൾ ഒന്നു മനസ്സിലാക്കിക്കൊള്ളട്ടെ" എന്നു പ്രസ്താവിക്കുകയുണ്ടായി. ഗുണ്ടകൾ ഇതു കേട്ടതോടുകൂടി "അടിയെടാ അടിയെടാ" എന്നു വിളിച്ചു പറഞ്ഞുകൊണ്ട് നാലു ഭാഗത്തേക്കും ഓടി.

ഇതു കണ്ട് ഇരുഭാഗത്തും നോക്കിനിന്നിരുന്ന ആളുകൾ ഭയവിഹ്വലരായി ഓടിയ കൂട്ടത്തിൽ ഓടകളിലും മററും വീണു് ചിലർക്കു ചില പരുക്കുകൾ ഏല്ക്കുകയുണ്ടായി. ശ്രീ കുമ്പളത്തിന്റെ പ്രസംഗത്തെത്തുടന്നു് മുൻമേയർ ശ്രീ പരമേശ്വരൻപിള്ളപ്രസംഗം ആരംഭിച്ചു. അദ്ദേഹം സഞ്ചരിച്ചിരുന്ന ജീപ്പിൽ വീണ ഏതാനും കല്ലുകൾ യോഗത്തിൽ പ്രദർശിപ്പിച്ചുകൊണ്ടാണു് തന്റെ പ്രസംഗമാരംഭിച്ചതു്.

കമ്മ്യൂ. ഭരണത്തിൽ ഇതു വലി

(ശേഷം 7-ാംപേജിൽ)

---

വന്ദ്യ വൈദികമേലദ്ധ്യക്ഷന്മാരായ തിരുമേനിമാരുടെ അഭിപ്രായം ഈ കമ്മിററി ആരായുകയുണ്ടായി. മെത്രാപ്പോലീത്താ തിരുമേനിയുടെ ജന്മസ്ഥലവും പ്രവർത്തനരംഗവും ചരിത്രപ്രസിദ്ധിയാർജ്ജിച്ച നാട്ടമായ ആലങ്ങാട്ടുതന്നെയാണു് അതിനു സമുചിതസ്ഥാനമെന്നു് മലബാർ സിറിയൻ ബിഷപ്പ്സ് കോൺഫറൻസിൽ ഐകകണ്ഠ്യേന തീരുമാനംചെയ്യും കഴിഞ്ഞിരിക്കുന്നു. ഒരു സമ്പൂർണ്ണ ചരിത്രഗ്രന്ഥമല്ലെങ്കിലും മാർ കരിയാററിസ്മാരകമായി ഒരു "സൊവനിയർ" പ്രസിദ്ധപ്പെടുത്താനുള്ള ശ്രമവും മാർ കരിയാററിക്കമ്മിററി ചെയ്തുവരുന്നു. ഇൻഡ്യാഗവമ്മെൻറിന്റെ അനുമതികൂടി ലബ്ധമായിക്കഴിഞ്ഞാൽ ദീർഘകാലമായുള്ള ഈ ഭൗതികാവശിഷ്ടമാററം സമുചിതമായ പ്രാധാന്യതയിൽ നമ്മുടെ അഭിവന്ദ്യപിതാക്കന്മാരുടേയും കേരളസഭയുടേയും ആജ്ഞാനുസരണം ...ഹിക്കുവാൻ ഈ "കരിയാ...റിററി" പരിശ്രമിക്കുന്ന

# മലയാ സ്വതന്ത്രയായി

## ആഗസ്റ്റ് 31-ാംനു അർദ്ധരാത്രി 12 മണിക്ക് മലയൻ ദേശീയപതാക ഉയർത്തപ്പെട്ടു

കുലാലമ്പൂരിലുള്ള "മെർഡേക്കാ" സ്റ്റേഡിയത്തിൽവച്ചു മലയാക്കാരുടെ ദേശീയപതാക ഉയർത്തപ്പെട്ടതോടെ മലയ സ്വയം ഒരു സ്വതന്ത്രപരമാധികാരസ്റ്റേററായി പ്രഖ്യാപിച്ചിരിക്കുന്നു. ബ്രിട്ടീഷ് രാജ്ഞിയെ പ്രതിനിധീകരിച്ചുകൊണ്ടു ഗൗസസ്റ്റർപ്രഭു മലയയുടെ ഭരണഘടനാപരമായ അധികാരപത്രം മലയൻനേതാക്കൾക്കു കൈമാറി. ദേശീയവസ്ത്രാലങ്കാരവിഭൂഷിതരായി 50000 ത്തോളം മലയാക്കാർ തദവസരത്തിൽ സന്നിഹിതരായിരുന്നു.

ആദ്യമായി ഗ്ലൗസസ്റ്റർപ്രഭു മലയൻസൈന്യത്തിന്റെ ഗാർഡ് ഓഫ് ഓണർ പരിശോധിച്ചു. വിദേശരാജ്യപ്രതിനിധികളും സ്റ്റേഡിയത്തിൽ സന്നിഹിതരായിരുന്നു. ദക്ഷിണപൂർവ്വേഷ്യയിൽ ഏറ്റവും കൂടിയ ജീവിതത്തോതു നിലവിലുള്ളതു മലയായിലാണെന്നു പ്രഭു പ്രസ്താവിച്ചു. മലയൻസ്വാതന്ത്ര്യം ബ്രിട്ടനും മലയായുമായുള്ള സുഹൃത്ബന്ധത്തിന്റെ നവീനാദ്ധ്യായമാണെന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും മലയൻവാസികൾ കുലാലമ്പൂരിലേക്കു പ്രവഹിച്ചുകൊണ്ടേയിരുന്നു. ബ്രിട്ടീഷ് പോലീസാണു ട്രാഫിക്കു നിയന്ത്രിച്ചുകൊണ്ടിരുന്നതു്.

സ്വാതന്ത്ര്യപ്രഖ്യാപനത്തിനു രണ്ടുമിനിട്ടുമുമ്പു മലയൻ പ്രധാനമന്ത്രി മി. ടെങ്കു അബ്ദുൽ റഹിമാന്റെ ആഗമനത്തിനുശേഷവും ജനക്കൂട്ടം കുറേസമയം മൗനമായിനിന്നു. സ്റ്റേഡിയംസ്റ്റേയറിന്റെ വിളക്കുകളെല്ലാം അപ്പോൾ അണഞ്ഞുകയുണ്ടായി. ടെങ്കു പ്രസംഗം അവസാനിപ്പിക്കുന്നതുവരെ ജനങ്ങൾ നിശബ്ദത പാലിച്ചു. പിന്നീടു പ്രധാനപുരോഹിതൻ മലയയുടെ ഭാവിശ്രേയസ്സിനുവേണ്ടി പ്രാർത്ഥന നടത്തി.

രാത്രി മണി പന്ത്രണ്ടു അടിച്ചപ്പോൾ ബ്രിട്ടീഷ്പതാക താഴ്ത്തുകയും മലയൻ ദേശീയപതാക ഉയർത്തുകയും ചെയ്തതോടെ മലയ പരമാധികാരസ്വതന്ത്രരാഷ്ട്രമായി ഉയരുകയും കോമൺവെൽത്തിലെ 10-ാമത്തെ അംഗമായിത്തീരുകയുംചെയ്തു.



മലയായിലെ പരമാധികാരിയായി ആഗസ്റ്റ് 31-ാം തീയതി സത്യപ്രതിജ്ഞ നിർവ്വഹിച്ച സർ അബ്ദുൽ റഹിമാൻ ഇബ്നി ടെങ്കുമുഹമ്മദു്

ജനങ്ങൾ "മെർഡേക്കാ" (സ്വാതന്ത്ര്യം) എന്നു ആർത്തുവിളിച്ചുകൊണ്ടു് പ്രധാനമന്ത്രി ടെങ്കുവിനെ ഹാരമണിയിച്ചു. "പൂർവ്വദിക്കിൽ ഒരു പുതിയ താരം ഉദിച്ചുയന്നിരിക്കുന്നുവെന്നും, ഏഷ്യൻരാജ്യങ്ങൾക്കു മറെറാരു സ്വാതന്ത്ര്യതാരകയാണതെന്നും" ടെങ്കു പ്രഖ്യാപിക്കയുണ്ടായി.

പെനാങ്ങ്, മലാക്കാ എന്നീ രണ്ടു ബ്രിട്ടീഷ് സെററിൽമെൻറുകളും നാട്ടുവാഴികളുമായി നടത്തിയ ഉടമ്പടികൾവഴിക്കു ബ്രിട്ടീഷ്അധികാരം നിലവിലിരുന്ന ഒമ്പതു നാട്ടുരാജ്യങ്ങളും കൂടിയതാണു് മലയാഫെഡറേഷൻ ഈ ഉടമ്പടികൾ അവസാനിക്കുകയും ആഗസ്റ്റ് 31-ാംനു സ്വാതന്ത്ര്യത്തിലേക്കു കടക്കുകയും ചെയ്തതോടുകൂടി മലയാ ബ്രിട്ടനുമായി ഒരു പുതിയ ബന്ധത്തിൽ ഏർപ്പെടുകയാണു്. സ്വന്തകാലിൽ നിൽക്കാൻ കഴിവുള്ള എല്ലാ ആശ്രിതരാജ്യങ്ങളേയും സ്വാതന്ത്ര്യത്തിലേക്കു നയിക്കുകയും തുല്യപങ്കാളികളാക്കിത്തീർക്കയും ചെയ്യുകയെന്നതാണു് ബ്രിട്ടന്റെ ലക്ഷ്യം. 1947 നുശേഷം സ്വാതന്ത്ര്യത്തിലെത്തുന്ന ആറാമതു കോമൺവെൽത്തുരാജ്യമാണു് മലയാ. ഇന്ത്യാ, പാക്കിസ്ഥാൻ, സിലോൺ, ഘാന എന്നീ രാജ്യങ്ങളെപ്പോലെ കോമൺവെൽത്തിൽ തുടരാനാണു് മലയാ നിശ്ചയിച്ചിരിക്കുന്നതു്.

(1-ാംപേജ് തുടർച്ച)

പ്പെടുന്ന മനുഷ്യമക്കളെ സ്വർഗ്ഗീയതുറമുഖത്തിലേക്കു തിരിച്ചുവിടുന്ന സാഗരതാരമാണല്ലോ അവൾ.

പരിപൂർണ്ണയായവൾ, പരിപുഷ്ടയായവൾ, മനോഹരിയായവൾ, ഉന്നതയായവൾ, ദൈവത്തിനു സംപ്രീതയായവൾ, അവരെ പ്രകാശിപ്പിക്കുന്നവൾ, ദുഃഖം, മീറ, പ്രത്യാശ, സമുദ്രനാഥ, സമുദ്രത്തിലെ ജലത്തുള്ളി എന്നിങ്ങനെ അനേകം വ്യാഖ്യാനങ്ങൾ മറിയം എന്ന വാക്കിനു് പണ്ഡിതന്മാർ നൽകുന്നുണ്ടെന്നു നാം കണ്ടു. അതിനാൽ മറിയം എന്നതു് നാനാർത്ഥങ്ങളുള്ള ഒരു സംപൂജ്യനാമമാണെന്നു പറയാം. ദൈവപുത്രന്റെ മാതാവാകുവാനിരുന്ന ആ തരുണീമണിക്കു് ഏററവും അനർത്ഥവും അനുയോജ്യവുമായ ഒരു പൂജ്യനാമം നൽകപ്പെടുവാൻ ദൈവം തിരുമനസ്സായി. ഈ നാമം നമുക്കു് "ജീവനും മധുരവും പ്രത്യാശയു"മാണു്. മാതാവിന്റെ തിരുനാമം വിളിച്ചു് നമുക്കു് അവളുടെ സഹായമഭ്യർത്ഥിക്കാം. മറിയത്തിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ.

## മോൺ. റൊനാൾഡ് നോക്സ് നിര്യാതനായി

സുപ്രസിദ്ധ കത്തോലിക്കാ മതപണ്ഡിതനും, വാഗ്മിയും, ഏററം ആധുനികനായ ബൈബിൾ വിവർത്തകനുമായ റൈററ് റവ മോൺ: നോക്സ് അവർകൾ 24-ാംനു നിര്യാതനായ വിവരം ലണ്ടനിൽനിന്നുള്ള ആഗസ്റ്റ് 25-ാംതീയതിയിലെ വാർത്തകളിൽ സവ്യസനം രേഖപ്പെടുത്തപ്പെട്ടിരുന്നു. ഒരു ആംഗ്ലിക്കൻ ബിഷപ്പിന്റെ 6-ാമത്തെ സന്താനമായി 1888-ൽ അദ്ദേഹം ജനിച്ചു. അനിതരസാധാരണമായ ബുദ്ധിപ്രാഭവമുണ്ടായിരുന്ന അദ്ദേഹം ഈററൺ, ഓക്സ്ഫോർഡു മുതലായ വിദ്യാകേന്ദ്രങ്ങളിൽ പ്രശസ്തമായ രീതിയിൽ വിദ്യാഭ്യാസം നിർവ്വഹിക്കുകയും അനന്തരം മതപഠനത്തിൽ അവഗാഹമായ ശ്രദ്ധ കേന്ദ്രീകരിക്കുകയുംചെയ്തു തൽഫലമായി 1917-ൽ അദ്ദേഹം കത്തോലിക്കാസഭയിൽ പ്രവേശിച്ചു. തുടന്നു വിശ്വവിശ്രുതമായ അദ്ദേഹത്തിന്റെ സാഹിത്യസേവനം സമാരംഭിച്ചു. നലംതികഞ്ഞ അദ്ദേഹത്തിന്റെ പ്രസംഗപാടവം ജനലക്ഷങ്ങളെ ഹഠാദാകർഷിച്ചുകൊണ്ടിരുന്നു. ഏററം അധുനാതനമായ അദ്ദേഹത്തിന്റെ ബൈബിൾവിവർത്തനം അമൂല്യമായ ഒരു നേട്ടമാണു് ലോകത്തിനു്. അദ്ദേഹത്തിന്റെ സരസമായ ജീവചരിത്രം ആഗസ്റ്റ് 21-ാംതീയതിയിലെ സത്യദീപത്തിൽ ചേർത്തിരുന്നതു് വായനക്കാർ അനുസ്മരിക്കുമല്ലോ. അദ്ദേഹത്തിന്റെ അടുത്തകാലത്തുണ്ടായ അനാരോഗ്യസ്ഥിതിയെപ്പററിയും പ്രസ്തുത ലേഖനത്തിന്റെ അവസാനത്തിൽ ഒരു കുറിപ്പു ഞങ്ങൾ ചേർത്തിരുന്നു. അദ്ദേഹത്തിന്റെ പാവനാത്മാവു് നിത്യവിശ്രാന്തി അനുഭവിക്കട്ടെ എന്നു പ്രാർത്ഥനാപൂർവ്വം നമുക്കാശംസിക്കാം.

R. I. P.

### ജപാപ്പസ്തോലസഖ്യത്തിന്റെ സെപ്റ്റംബർമാസത്തെ പൊതുനിയോഗം

"ജനതകളുടെ ഭരണാധികാരികൾ പൊതുനന്മയ്ക്കുവേണ്ടിയുള്ള അവരുടെ പ്രവർത്തനങ്ങളിൽ സത്യവും നീതിയും സംയോജിപ്പിച്ചുകൊണ്ടുപോകുന്നതിനു്."

### വേദപ്രചാരനിയോഗം

"ഇന്ത്യയിലുള്ള കത്തോലിക്കാ കലാലയവിദ്യാർത്ഥികൾ കത്തോലിക്കാപ്രവർത്തനത്തിന്റെ യഥാർത്ഥനേതാക്കന്മാരായിത്തീരുന്നതിനു്."

കർത്താവേ, നിത്യാശ്വാസം ഇവൾക്കു നൽകേണമെ.
അനന്തഭാഗ്യം ഇവൾക്കുദയം ചെയ്യട്ടെ!




അമ്പൂക്കൻ കുരിയപ്പൻ ഭാര്യ
(കരാഞ്ചിറ ആലപ്പാട്ടു് ചാക്കോരു മകൾ)
കൊച്ചുമറിയ
തൃശ്ശൂർമെത്രാൻ തിരുമേനിയുടെ ഏകസഹോദരി
ജനനം 1890 സെപ്റ്റ. 10
മരണം 1957 ആഗ. 15
(പ. കന്യാസ്ത്രീമറിയത്തിന്റെ സ്വർഗ്ഗാരോഹണതിരുനാൾ)
R. I. P.

## ഇടവകവാർത്തകൾ

**കറുകുററി:** സ്ഥലത്തു ആരംഭിച്ചിരിക്കുന്ന അൽഫോൻസാ ആസ്പത്രിയുടെ ഉൽഘാടനം ആഗസ്റ്റ് 22-ാം തീയതി ഉച്ചകഴിഞ്ഞു് 3 മണിക്കു് തൃശ്ശൂർ ഡി. എം. ഒ, ഡോക്ടർ ഈപ്പൻ തോമസ് അവർകൾ നിർവ്വഹിച്ചു. എറണാകുളം അതിരൂപതാ വികാരി ജനറാൾ റൈററ് റവ. മോൺ. ജോർജ്ജ് വല്യാറമ്പത്തു് അവർകളാണു് സ്ഥാപനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചതു്. പള്ളിയുടെ മാനേജ്മെന്റിലും ചുണങ്ങംവേലി അഗതികളുടെ കന്യകാലയത്തിലെ ബ. സഹോദരിമാരുടെ ശുശ്രൂഷയിലും നടത്തപ്പെടുന്ന ഈ സ്ഥാപനം ഈ നാട്ടിലെ ജനങ്ങൾക്കു വൈദ്യസംബന്ധമായി വലിയൊരനുഗ്രഹമായിരിക്കും. ഡോക്ടർ മിസ്സിസ് ഇ. എം. കുരുവിള എം ബി ബി എസ് ആസ്പത്രിയുടെ ചാർജ്ജ് വഹിക്കുന്നതാണു്.

**കുമ്പളം:** സ്ഥലം സെൻറു് മേരീസ് പള്ളിയിൽ ഔദ്യോഗികസന്ദർശനാർത്ഥം എഴുന്നള്ളിയ എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമേനി സ്ഥലത്തു പുതിയതായി പണിചെയ്തിട്ടുള്ള കർമ്മലീത്താ കന്യകാമഠം ആഗസ്റ്റ് 17-ാം തീയതി ആശീർവ്വദിക്കുകയുണ്ടായി. പിറേറദിവസംകാലത്തു തിരുമേനി കുട്ടികൾക്കു മുമ്പിലത്തെ ഒപ്രുത്തുമ കൊടുക്കുകയും അന്നുതന്നെ ഉച്ചതിരിഞ്ഞു തിരുമേനി മടങ്ങി എഴുന്നെള്ളുകയുംചെയ്തു.

**അങ്കമാലി:** സ്ഥലം ചെറുപുഷ്പാസ്പത്രി ചീഫ് ഡോക്ടർ പോൾ മാമ്പിള്ളി അവധികഴിഞ്ഞു് ചാർജ്ജെടുത്തിരിക്കുന്നു. പുതിയതായി നിയമിക്കപ്പെട്ടിട്ടുള്ള ലേഡിഡോക്ടർ മിസ്സിസ് സരോജ് പടാങ്കർ എം ബി ബി എസ്, ഡി ജി ഒ യും ഡോക്ടർ പടാങ്കർ എം എസും വന്നുചേന്നിട്ടുണ്ടു്. എല്ലാവിധ ശസ്ത്രക്രിയകളും ആധുനികരീതിയിൽ നടത്താൻ വേണ്ടത്ര ഉപകരണങ്ങളും സജ്ജീകരിച്ചിരിക്കുന്നു. അതോടൊപ്പം പുതിയ എക്സ്റേ പ്രവർത്തനവും ആരംഭിക്കുന്നതാണു്.



മലയൻ ഫെഡറേഷന്റെ തലസ്ഥാനനഗരിയായ കുലാലമ്പൂരിലുള്ള ഗവമ്മെണ്ട് ഹെഡ്ക്വാർട്ടേഴ്സ്


## കേരളവാർത്തകൾ

മുസ്ലീംസമുദായത്തിൽനിന്നും ഒരംഗത്തെക്കൂടി ഉൾപ്പെടുത്തി പബ്ളിക്കുസർവ്വീസ് കമ്മീഷന്റെ അംഗസംഖ്യ നാലാക്കി വർദ്ധിപ്പിക്കുവാൻ കേരളഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നതായറിയുന്നു. ഇപ്പോൾ മി. വി കെ വേലായുധൻ ചെയർമനായുള്ള കമ്മീഷനിൽ മെ: എൻ പി വറുഗീസ്, ററി സി ശങ്കരമേനോൻ എന്നിവരാണു് അംഗങ്ങൾ.

—ഹരിജൻ സർവ്വീസ്സൊസൈററി സെക്രട്ടറി ആഗസ്റ്റ് 29-ാം തീയതിമുതൽ ഹരിജനാവകാശസംരക്ഷണാർത്ഥം തിരുവനന്തപുരം സെക്രട്ടറിയേററുപടിക്കൽ നിരാഹാര സത്യഗ്രഹമാരംഭിച്ചിരിക്കുന്നു.

—അവശക്രിസ്ത്യൻ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സെക്രട്ടറിയേററുപടിക്കൽ നടക്കുന്ന പിക്കററിംഗ് സംബന്ധിച്ചു് ആഗസ്റ്റ് അവസാനംവരെ 56 പേർ വിവിധ കാലയളവുകളിലേക്കു ശിക്ഷിക്കപ്പെട്ടിട്ടുണ്ടു്.

—ചാലക്കുടി എം എൽ ഏ ശ്രീ സി ജി ജനാർദ്ദനൻ പി എസ് പി യിൽനിന്നും രാജിവച്ചിരിക്കുന്നു. ഇതോടെ കേരളനിയമസഭയിലെ പി എസ് പി അംഗസംഖ്യ എട്ടായി കുറഞ്ഞു.



# സത്യദീപം

പത്രാധിപന്മാർ

മവെരി റവ. മോൺസീഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി
റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. || 1957 SEPTEMBER 4 || No. 4.


## മതപ്രചാരണസ്വാതന്ത്ര്യം

I

ഏതൊരു വ്യവസ്ഥാപിതമതത്തിന്റേയും ആവശ്യമാണ് മതപ്രചാരണം. പരിഷ്കൃതരാജ്യങ്ങളെല്ലാം പണ്ടുമുതലേ ഈ ആവശ്യത്തെ ഒരവകാശമായി അംഗീകരിക്കുകയും നിയമത്തിലല്ലെങ്കിൽ പ്രയോഗത്തിലെങ്കിലും ആ നില ആദരിച്ചു പ്രവർത്തിക്കുകയും ചെയ്തുപോന്നിട്ടുണ്ട്. ആധുനികപ്രജായത്തരാഷ്ട്രങ്ങളുടെ ഭരണഘടനകൾ ഈ അവകാശത്തെ അവയുടെ നിയമാവലിയിൽത്തന്നെ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണാം. പ്രജകളുടെ മനസ്സാക്ഷിസ്വാതന്ത്ര്യത്തെയും, മതവിശ്വാസസ്വാതന്ത്ര്യം മതാനുഷ്ഠാനസ്വാതന്ത്ര്യം മതപ്രചാരണസ്വാതന്ത്ര്യം എന്നിവയേയും വ്യവസ്ഥചെയ്യാട്ടില്ലാത്ത ഭരണഘടന, നിരീശ്വരത്വവും നിർമ്മതത്വവും അവയുടെ അടിസ്ഥാനതത്വമായി അംഗീകരിച്ചിട്ടുള്ള ചുരുക്കം ചില രാഷ്ട്രങ്ങൾക്കുമാത്രമേയുണ്ടാവുകയുള്ളു. പ്രഖ്യാതമായ നമ്മുടെ ഇന്ത്യൻ ഭരണഘടന മതസ്വാതന്ത്ര്യത്തെ സുവ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഭാരതീയർക്കു അവരുടെ മനസ്സാക്ഷിയുടെ പ്രചോദനമനുസരിച്ചു ഏതൊരു മതത്തിൽ വിശ്വസിക്കുന്നതിനും മതസംഘടനയിൽ അംഗമായിരിക്കുന്നതിനും അവരുടെ മതതത്വങ്ങളുടെ സ്വഭാവത്തെ മററുള്ളവരുടെ ഇടയിൽ പ്രചരിപ്പിച്ചു അവരെ മതാനുയായികളായി സ്വീകരിക്കുന്നതിനും സ്വാതന്ത്ര്യമുണ്ട്. രാഷ്ട്രം യാതൊരു മതത്തേയും പ്രത്യേകരീത്യാ പരിഗണിക്കുകയില്ലെന്നുറപ്പുവരുത്തുന്നതിനുവേണ്ടി ഇന്ത്യ ഒരു മതേതരരാഷ്ട്രമാണെന്നു പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

മതപ്രചാരണവിഷയത്തിൽ ഏതെല്ലാം മാനദണ്ഡങ്ങളാണ് സ്വീകാര്യമായിട്ടുള്ളത് എന്നു പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പല മതങ്ങൾ പ്രാബല്യത്തിലിരിക്കുകയും മതത്തിന്റെപേരിൽ സാമുദായികബന്ധങ്ങൾ പുലർത്തിപ്പോരുകയും ചെയ്യുന്ന ഭാരതത്തിൽ ഈ പ്രശ്നം വളരെ ഗുരുതരമായ ഒന്നാണ്. ഓരോ സമുദായവും മതപ്രചാരണം ഇതരമതത്തോടുചെയ്യുന്ന ഒരു കയ്യേററമാണെന്നോ രാഷ്ട്രീയപിൻബലം വർദ്ധമാനമാക്കുവാൻ സ്വീകരിക്കുന്ന ഒരടവാണെന്നോ തെററി ധരിക്കുന്നതും ആ ധാരണയിൽ മതപരിവർത്തനസംരംഭങ്ങളെ നിരോധിക്കുകയോ എതിർക്കുകയോ ചെയ്യുന്നതും അസാധാരണമല്ല. അതുകൊണ്ടു മതപരിവർത്തനം കൈക്കൂലികൊണ്ടോ ഭീഷണികൊണ്ടോ നടത്തപ്പെടുന്നതാണെന്നും മററും ആരോപണമുണ്ടാവുകയും അതു ചില സംഘട്ടനങ്ങൾക്കു വഴിതെളിക്കുകയും ഉണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ മതപ്രചാരണത്തിന്റെ സ്വഭാവം എന്താണെന്നും അതിനു സ്വീകാര്യമായ രീതിയെന്താണെന്നും മനസ്സിലാക്കാത്തതുകൊണ്ടാണ് ഈവിധത്തിലുള്ള അനാശാസ്യമായ സംഭവവികാസങ്ങളുണ്ടാകുന്നതെന്നു സ്പഷ്ടമാണല്ലോ.

മതമെന്നതു സ്രഷ്ടാവായ ദൈവും സൃഷ്ടിയായ മനുഷ്യനും തമ്മിലുള്ള ബന്ധത്തെയാണ് കുറിക്കുന്നതും ആശ്രയിച്ചിരിക്കുന്നതും. ഒരു വ്യക്തി അവന്റെ സ്രഷ്ടാവായ ദൈവത്തെ അറിയുകയും അവിടുന്നു നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ ജീവിച്ച് അവന്റെ ജീവിതസാഫല്യം അടയുകയും വേണം. ഓരോ മനുഷ്യനെ സംബന്ധിച്ചും അവന്റെ സർവ്വപ്രധാനമായ ജീവിതകർത്തവ്യം ഇതാണ്. മററുള്ള എല്ലാ ജീവിതപ്രശ്നങ്ങളും താരതമ്യേന അപ്രധാനങ്ങളാകയാൽ ഈ പ്രശ്നത്തിനു അവ വിധേയവും സഹായകവുമായിരിക്കേണ്ടതത്രെ. ഈശ്വരനിൽ വിശ്വസിക്കുകയും മനുഷ്യന്റെ മരണാനന്തരജീവിതത്തെ പ്രത്യാശിക്കുകയും ചെയ്യുന്ന യാതൊരു മനുഷ്യനും ഇതു നിഷേധിക്കുവാൻ സാദ്ധ്യമല്ല. ഇങ്ങനെ മതമെന്നതു ഓരോ മനുഷ്യന്റേയും ജീവിതത്തിൽ പരമപ്രധാനമായ ഒരു കാര്യമാണെന്നു ബോദ്ധ്യമായാൽ ആ മതത്തെപ്പററിയുള്ള പരിഗണന സർവ്വപ്രധാനമായ ഒരു വിഷയമായിത്തീരുന്നതാണ്. മതവിശ്വാസത്തിൽ അബദ്ധം പിണയാതിരിക്കുന്നതിനും മതജീവിതത്തിൽ അലസത വന്നുചേരാതിരിക്കുന്നതിനും അവൻ ശ്രദ്ധാലുവാകും. അവന്റെ നിർമ്മലമായ മനസ്സാക്ഷി അവനു കാണിച്ചുകൊടുക്കുന്ന സത്യമതത്തിൽ ചേരുന്നതിൽ അവനെ തടയുന്നതിനു യാതൊരു പ്രതിലോമശക്തിക്കും സാധിക്കുന്നതല്ല. യാതൊരു ശക്തിക്കും അതിനവകാശവുമില്ല. ഇതാണ് മതപരിവർത്തനസ്വാതന്ത്ര്യത്തിന്റെ ആധാരം.

മതപ്രചാരണത്തിന്റെ രീതിയും ഇതിൽനിന്നു മനസ്സിലാക്കാവുന്നതാണ്. സത്യൈകമതമെന്നു ഒരുത്തൻ യുക്തിയുക്തമായും ആത്മാർത്ഥമായും വിശ്വസിക്കുന്ന മതത്തിന്റെ തത്വങ്ങളേയും അതിന്റെ സത്യതയേയും സഹോദരബുദ്ധിയോടുകൂടി ഇതരന്മാർക്കു കാണിച്ചുകൊടുക്കുക എന്നതാണതു. സത്യത്തോടുള്ള ബഹുമാനവും വിശ്വസാഹോദര്യത്തിലുള്ള വിശ്വാസവുമാണ് ഇതിനുള്ള പ്രേരണ. ഇവിടെ മത്സരമോ, സ്വാർത്ഥതയോ, രാഷ്ട്രീയ പരിഗണനയോ ഒന്നും ഇടപെടരുതാത്തതാണ്. ഈ ആദർശമാണ് ക്രിസ്തുനാഥൻ സുവ്യക്തമായി അവിടുത്തെ അനുയായികൾക്കു പ്രദാനം ചെയ്തതു. ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനു ശിഷ്യസംഘത്തെ നിയോഗിച്ചപ്പോൾ അവിടുന്നു അവരോടു പറഞ്ഞതിപ്രകാരമാണ്:- "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും എന്റെ സുവിശേഷം അറിയിക്കുവിൻ. വിശ്വസിക്കുകയും മാമ്മോദീസാ സ്വീകരിക്കുകയും ചെയ്യുന്നവൻ രക്ഷപ്രാപിക്കും; വിശ്വസിക്കാത്തവൻ കുററക്കാരനായി വിധിക്കപ്പെടും" (മർക്കോസ് XVI: 15,16). ഈ ദിവ്യാജ്ഞയെ ശിരസാവഹിച്ചുകൊണ്ടാണ് ക്രിസ്ത്യാനികൾ ക്രിസ്തുമതം പ്രസംഗിക്കുകയും പ്രചരിപ്പിക്കുന്നതിനു പരിശ്രമിക്കുകയും ചെയ്യുന്നതു. ഈ വസ്തുതയെ മനസ്സിലാക്കാതെയും മറേറാരോ ദുരുദ്ദേശങ്ങളാൽ പ്രേരിതരായും ചിലർ ഈ സംരംഭത്തെ ആദ്യകാലം മുതൽ എതിരിട്ടിരുന്നതിന്റെ സുദീർഘമായ ഒരു ചരിത്രമാണു നമ്മുടെ മുമ്പിലുള്ളതു. ഇന്നും പ്രത്യക്ഷമായും പരോക്ഷമായും, ശക്തിയായും ശാന്തമായും അതേനയം അനുവർത്തിച്ചുപോരുന്നുണ്ട് എന്നുള്ളതും ആർക്കും അജ്ഞാതമല്ല. അതു ലോകസഹജമാണെന്നും അവസാനംവരെ തുടരുമെന്നും ദിവ്യഗുരുതന്നെ മുന്നറിയിപ്പുതന്നിട്ടുമുണ്ട്. എന്നാൽ ഓരോ വ്യക്തിയെ സംബന്ധിച്ചും യാഥാർത്ഥ്യം ഗ്രഹിക്കുന്നതിനും ഈ തിന്മയിൽ പങ്കെടുക്കാതിരിക്കുന്നതിനുമുള്ള കർത്തവ്യമാണുള്ളതു. അതുകൊണ്ടു മതപ്രചാരണതത്വം ശരിയായി മനസ്സിലാക്കിയാൽ മതസഹിഷ്ണുതാബോധം നിലനിർത്തുവാൻ അതു സഹായകമാകുന്നതായിരിക്കും.

### പ്രസാധകക്കുറിപ്പുകൾ

## എം. എൻ. ഗോവിന്ദൻനായരുടെ കുപ്രചരണങ്ങൾ

കേരളകമ്മ്യൂണിസ്റ്റുപാർട്ടി സിക്രട്ടറി ഡൽഹിയിലും മററും നടത്തുന്ന കുപ്രചരണങ്ങളെപ്പററി കഴിഞ്ഞദിവസം ഞങ്ങൾ പ്രസ്താവിച്ചിരുന്നല്ലോ. "കേരളാക്രൂഷേവി"ന്റെ ഈ വഴിപിഴച്ച നടപടിയെപ്പററി കെ. പി. സി. സി. പ്രസിഡണ്ട് ശ്രീ ദാമോദരമേനോൻ ആഗസ്റ്റ് 28-ാം തീയതി ചെയ്ത ഒരു പ്രസ്താവന ഇപ്രകാരമാണ്:-

"കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽസിക്രട്ടറി മി. എം. എൻ. ഗോവിന്ദൻനായർ വിദ്യാഭ്യാസബില്ലിനെപ്പററി ഡൽഹിയിലും കൽക്കട്ടയിലും പ്രചരണം നടത്തിവരികയാണ്. അദ്ദേഹത്തിന്റെ ആക്രമണലക്ഷ്യം പൊതുവിൽ ക്രിസ്ത്യൻസമുദായവും പ്രത്യേകിച്ച് കത്തോലിക്കരുമാകുന്നു. വിദ്യാഭ്യാസബിൽ കത്തോലിക്കാസമുദായത്തെ അകററിക്കളയുകയില്ലേയെന്നു ഒരു പത്രലേഖകന്റെ ചോദ്യത്തിനു മറുപടിയായി കത്തോലിക്കർ കഴിഞ്ഞ തിരിഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകാർക്ക് വോട്ടുചെയ്യുകയുണ്ടായില്ലെന്നു് മി. നായർ പ്രസ്താവിച്ചതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. കത്തോലിക്കരോടുള്ള മി. നായരുടേയും അദ്ദേഹത്തിന്റെ പാർട്ടിയുടേയും പകയാണ് വിദ്യാഭ്യാസബില്ലിനു പ്രചോദനം നൽകിയിരിക്കുന്നതെന്നു് ഇതിൽനിന്നും കാണാം. ആകയാൽ അപഹരണസ്വഭാവത്തോടുകൂടിയതും പ്രൈവററ്സ്കൂൾ മാനേജർമാരെ ശല്യപ്പെടുത്തുവാനും അവഹേളിക്കുവാനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ വ്യവസ്ഥകൾ വിദ്യാഭ്യാസബില്ലിലുള്ളതു് ആശ്ചര്യകരമൊന്നുമല്ല.

"ക്രിസ്തീയപുരോഹിതർ മാത്രമാണ് ബില്ലിനെ എതിർക്കുന്നതെന്നു വരുത്തിക്കൂട്ടുവാൻ മി. നായർ ആഗ്രഹിക്കുന്നു. എന്നാൽ ഇതു യഥാർത്ഥമല്ല. പ്രശസ്ത വിദ്യാഭ്യാസപ്രവർത്തകരും കോൺഗ്രസ്, പി. എസ്. പി., മുസ്ലിംലീഗ് തുടങ്ങിയ രാഷ്ട്രീയപാർട്ടികളും ബില്ലിനെ എതിർത്തിട്ടുണ്ട്. കഴിഞ്ഞ തിരിഞ്ഞെടുപ്പിലെ വോട്ടിംഗിന്റെ അനുപാതം വച്ചുനോക്കിയാൽ സംസ്ഥാനത്തെ ജനതയിൽ ഭൂരിപക്ഷവും ഈ ബില്ലിനെ അനുകൂലിക്കുന്നില്ല. ഈ എതിർപ്പിനെ അവഗണിച്ച്, അസംബ്ളിയിലുള്ള ഒരു നേരിയ ഭൂരിപക്ഷത്തിന്റെ ബലത്തിന്മേൽ ബിൽ പാസ്സാക്കുവാൻ ഇപ്പോഴത്തെ ഗവർമ്മെൻറ് ഉദ്യമിക്കുന്നതു് ജനാധിപത്യവിരുദ്ധമായിരിക്കും.

"കത്തോലിക്കാ "ഓലിഗാർക്കി"യിൽനിന്നും ജനാധിപത്യത്തിനുണ്ടാകാവുന്ന അപകടത്തെപ്പററി മി. ഗോവിന്ദൻനായർ പറയുന്നു. കമ്മ്യൂണിസ്റ്റുകളുടെ ഭാവനയിലല്ലാതെ ഇവിടെ അങ്ങനെ യാതൊരപകടവുമില്ല. എന്നാൽ ജനാധിപത്യത്തിന്റെ നേർക്കു് യഥാർത്ഥമായ ഒരു ഭീഷണി ഇന്നുണ്ടെന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു; അതു് സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുകയും ത്യാഗം സഹിക്കുകയും ചെയ്തിട്ടുള്ള കത്തോലിക്കരിൽനിന്നല്ല, പിന്നെയോ മി. നായർ ഉൾപ്പെടുന്ന പാർട്ടിയിൽനിന്നാണ്.

"വിദ്യാഭ്യാസബിൽവിരുദ്ധപ്രക്ഷോഭണക്കാർ ആലംബമാക്കുന്ന അക്രമങ്ങളെപ്പററി മി. നായർ പ്രസ്താവിക്കുന്ന ഈ ആരോപണത്തെ ഞാൻ നിഷേധിക്കുന്നു. വിദ്യാഭ്യാസബിൽ പ്രതിഷേധപ്രകടനക്കാർ നടത്തിവരുന്ന പ്രക്ഷോഭണവും ജനകീയപ്രകടനങ്ങളുമെല്ലാം ഏററവും സമാധാനപരമായിട്ടാണ്. എനിക്കു കിട്ടിക്കൊണ്ടിരിക്കുന്ന റിപ്പോർട്ടുകളനുസരിച്ച് സമാധാനപരമായി പ്രകടനം നടത്തിയവരെ കമ്മ്യൂണിസ്റ്റുകൾ ചിലേടങ്ങളിൽ ആക്രമിക്കുകയും അതുമൂലം ഹതഭാഗ്യരായ നാലുപേർ മരണമടയുകയുമുണ്ടായിട്ടുണ്ട്.

"ആഗസ്റ്റ് 26-ാംനു തിരുവനന്തപുരത്തു നടന്ന ജനായത്തപ്രകടനങ്ങൾക്കെതിരെ കാണിച്ച റൗഡിത്തരത്തെപ്പററിയുള്ള റിപ്പോർട്ടുകൾ വേദനയോടുകൂടിയാണു വായിച്ചതു്. പ്രതിഷേധപ്രകടനങ്ങൾ അലങ്കോലപ്പെടുത്താനും പ്രകടനംകഴിഞ്ഞു രാത്രിയിൽ മടങ്ങുകയായിരുന്ന പ്രകടനക്കാരായ വ്യക്തികളുടെമേൽ ഒളിവിൽ കൈയേററംനടത്തി സാമാന്യജനങ്ങളെ സംഭീതരാക്കുവാനും ബില്ലിനു അനുകൂലികളായിട്ടുള്ളവർ അക്രമകൃത്യങ്ങളെ ആലംബമാക്കുവാൻ സംഘടിതശ്രമം നടത്തിയിരുന്നതായി കാണുന്നു. ശ്രീ പട്ടം താണുപിള്ള, കമ്പളത്തു ശങ്കുപ്പിള്ള തുടങ്ങിയ നേതാക്കന്മാരെപ്പോലും ദേഹോപദ്രവത്തിൽനിന്നും അവഹേളനങ്ങളിൽനിന്നും ഒഴിവാക്കിയിരുന്നില്ല. ഈ അക്രമകൃത്യങ്ങളെ എത്ര ശക്തിയായി അപലപിച്ചാലും മതിയാകുകയില്ല. വിവാദപരങ്ങളായ കാര്യങ്ങൾക്കെതിരായ പ്രതിഷേധപ്രകടനങ്ങൾ സമാധാനപരമായ അന്തരീക്ഷത്തിൽ നടത്തുന്നതിനു് അനുവദിക്കേണ്ടതും സമാധാനപരമായ പ്രകടനങ്ങൾ അലോസരപ്പെടുത്തപ്പെടാതെ നോക്കേണ്ടതും ഗവർമ്മെൻറിന്റെ ചുമതലയാണ്. അതേസമയംതന്നെ കമ്മ്യൂണിസ്റ്റുകളുടെ അക്രമാസക്തിയാൽ പ്രകോപിതരാകരുതെന്നും നിർഭയത്വത്തിന്റേയും സമാധാനത്തിന്റേയും ഒരന്തരീക്ഷം രാജ്യത്തു പരിരക്ഷിക്കുവാൻ കഴിവുള്ളതെല്ലാം ചെയ്യണമെന്നും കോൺഗ്രസ്കാരോടും ജനാധിപത്യപ്രേമികളായ ഏവരോടും ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു."

കഴിഞ്ഞ ദിവസം ഞങ്ങൾ ഉൽബോധിപ്പിച്ചിരുന്നതുപോലെ വെറും പച്ചക്കള്ളംകൊണ്ടു കുപ്രചരണം നടത്തുന്ന ഈ വ്യവസായം മി. എം. എൻ. ഒന്നവസാനിപ്പിക്കുന്നതായാൽ ഒരു മാന്യനായ അദ്ദേഹത്തിനും അദ്ദേഹം പ്രതിനിധാനംചെയ്യുന്ന പാർട്ടിക്കും അത്രയും അഭിമാനകരമായിരിക്കും.

× × ×

## 'സ: എം. എൻ. വീണ്ടും' മലബാർ മെയിലിന്റെ മുഖപ്രസംഗം

ആഗസ്റ്റ് 29-ാം തീയതിയിലെ മലബാർ മെയിൽ പത്രം മേലുദ്ധരിച്ച തലക്കെട്ടിൽ ശ്രീ എം. എൻ. ഗോവിന്ദൻ നായരുടെ കുത്സിതപ്രവർത്തനങ്ങളെ അധികരിച്ചു എഴുതിയിട്ടുള്ള മുഖപ്രസംഗം ഇപ്രകാരമാണ്:-

"ജനസാമാന്യത്തിന്റെ സാർവ്വത്രികമായ എതിർപ്പിനും ജനാധിപത്യപ്രേമികളുടെയെല്ലാം ശക്തിമത്തായ അപലപനത്തിനും വിധേയമായിരിക്കുന്ന കേരള കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടിന്റെ വിദ്യാഭ്യാസബില്ലിനു വർഗ്ഗീയതയുടെ പേരിൽ പിന്തുണ ആർജ്ജിക്കുവാൻ കേരളത്തിലെ കോൺഗ്രസ് നേതാക്കന്മാരുടെ പടിവാതിൽ കയറി ഇളിഭ്യനായി മടങ്ങിയ കേരള കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി സഖാവ് എം എൻ ഗോവിന്ദൻനായർ ഡൽഹിയിലെ പ്രചരണം മതിയാക്കി കൽക്കട്ടായിൽ ചെന്നു് തന്റെ കുപ്രചരണങ്ങൾ ആരംഭിച്ചിരിക്കുന്നു. കത്തോലിക്കരുടെയും വിശിഷ്യ കത്തോലിക്കാ വൈദികാധികാരികളുടെയും നേർക്കു ആക്രമണത്തിനു് അദ്ദേഹം കൽക്കട്ടായിൽ വച്ചു് വീണ്ടും മുതിരാതിരുന്നില്ല. കേരള കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടിനെ നിറം കെടുത്താനും സംസ്ഥാനഭരണത്തിൽ കേന്ദ്രഗവർമ്മെണ്ടിനെ ഇടപെടുത്താനുള്ള സന്ദർഭം കണ്ടെത്താനും തല്പരകക്ഷികൾ കിണഞ്ഞു പരിശ്രമിച്ചു വരികയാണെന്നു് സഖാവു് ഗോവിന്ദൻ നായർ വിലപിക്കുന്നതു് സ്വന്തം പാർട്ടി ഭരണത്തിന്റെ മരണമണി ശ്രവണപുടങ്ങളിൽ അലതല്ലുന്നതു കേട്ടുകൊണ്ടുള്ള വിഭ്രാന്തിയാലായിരിക്കാം. കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടു് കഴിവില്ലായ്മയുടേയും ജനാധിപത്യവിരുദ്ധതയുടെയും പര്യായമായിത്തീർന്നിട്ടുണ്ടെങ്കിൽ, കേന്ദ്രത്തിന്റെ ഇടപെടൽ അനിവാര്യമാക്കത്തക്ക പരിതസ്ഥിതികൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ, അതു സ്വന്തം പാർട്ടിക്കാരുടേയും പാർട്ടി ഭരണമേധാവികളുടേയും കുനയങ്ങളും കുത്സിതസംരംഭങ്ങളുംമൂലം മാത്രമാണ്. വിലാപഗീതം മുഴക്കിയതുകൊണ്ടോ വർഗ്ഗീയവിഷംകൊണ്ടു് അന്തരീക്ഷത്തെയാകെ മലീമസമാക്കിയതുകൊണ്ടോ സ്വയംകൃതാനർത്ഥത്തിൽനിന്നും മുക്തിനേടാമെന്നു് സഖാവു് വിചാരിക്കുന്നുണ്ടെങ്കിൽ അതു ഭോഷത്തരമാണെന്നു് അദ്ദേഹം ധരിച്ചാൽ കൊള്ളാം. ക്രിസ്ത്യാനികളെ പൊതുവിലും കത്തോലിക്കരെ പ്രത്യേകിച്ചും ഭത്സിക്കുക ഒരു തൊഴിലാക്കിയിരിക്കുകയാണ് സഖാവിപ്പോൾ. ഇതു തീ കൊണ്ടുള്ള കളിയാണെന്നും, പ്രകൃത്യാ ശാന്തശീലരും അഹിംസാനിഷ്ഠരുമായ ഒരു ജനവിഭാഗത്തിന്റെ ക്ഷമ പരീക്ഷിക്കുന്നതിനു ഒരതിരു വേണമെന്നും ആവർത്തിച്ചു പ്രഖ്യാപിക്കുവാനും താക്കീതുചെയ്യുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു. വിദ്യാഭ്യാസബില്ലിനെ എതിർക്കുന്നവരെല്ലാം കത്തോലിക്കരാണ് സഖാവിന്റെ ദൃഷ്ടിയിൽ. ബില്ലിനെ നഖശിഖാന്തം എതിർത്തുകൊണ്ടിരിക്കുന്ന മുസ്ലിമീങ്ങളും ഹൈന്ദവരുമെല്ലാം കത്തോലിക്കരും, ടൈംസ് ഓഫ് ഇന്ത്യ, ഹിന്ദു തുടങ്ങി ബില്ലിനെതിരായി സ്വരമുയർത്തിയിരിക്കുന്ന പൊതുജനജിഹ്വകളെല്ലാം കത്തോലിക്കരുടെ വകയുമാണോ സഖാവെ? ഇത്തരം നുണപ്രചരണങ്ങളും കുതന്ത്രങ്ങളും നിർത്തുവാനും തന്റെ സ്വാധീനവലയത്തിൽ ഒതുങ്ങി നില്ക്കുന്നതായി അവകാശപ്പെടുന്ന കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടിനെ നേർവഴിക്കു നയിക്കുവാനും ശ്രമിക്കുകയെന്നു് സഖാവു് എം എൻ ഗോവിന്ദൻനായരെ ഞങ്ങൾ സ്നേഹപൂർവ്വം ഗുണദോഷിച്ചുകൊള്ളുന്നു."

നാട്ടിൽ അരക്ഷിതാവസ്ഥയും കൈയേററങ്ങളും ഒരു വഴിക്കു്

ബഹുഭൂരിപക്ഷം ജനങ്ങളുടെയും അഭിലാഷത്തിനും അഭ്യർത്ഥനകൾക്കും പ്രതിഷേധങ്ങൾക്കും എതിരായി വിദ്യാഭ്യാസബിൽ പാസാക്കൽ പ്രഹസനം നിയമസഭയിൽ കൊണ്ടുപിടിച്ചു നടത്തുന്നതു ഒരു വഴിക്കു്; കേന്ദ്രഗവമ്മെണ്ടിനെ സമാധാനിപ്പിക്കാനും നിയമത്തിൻെറ പിടിയിൽനിന്നു വഴുതിമാറി ഇവിടെ കമ്മ്യൂണിസത്തിൻെറ കോട്ട ഉറപ്പിക്കാനും നയതന്ത്രപരമായ അടവുകൾ മറെറാരു വഴിക്കു്; ഇവിടെ നടക്കുന്ന അഴിമതികളെല്ലാം മററുള്ളവരുടെ തലയിൽ കെട്ടിവച്ചു ലോകത്തിൻെറ മുമ്പിൽ നല്ലപിള്ള ചമയാൻ കള്ളപ്രചരണങ്ങളുമായി എം എൻ ക്ലൂട്ടർ മരണവെറി പൂണ്ടു് വേറൊരുവഴിക്കു്. ഇതെന്തു പ്രഹസനമാണെന്നു സാധാരണക്കാർ അമ്പരന്നു നില്ക്കാതെ മറെറന്തുചെയ്യും?

—o—

## അടുത്തയാഴ്ചയിൽ

സെപ്തംബർ

5 വ്യാ: വി. ലൗറന്തിയോസ് യുസ്റ്റിനിയാനി

6 വെ: വി. പാത്രണേിലെ

7 ശ: വി. മർഗ്ഗരീത്താ

8 ഞാ: പന്തക്കുസ്ത 13-ാം ഞായർ. ക. മറിയത്തിൻെറ പിറവി

9 തി: വി. പെർഗോനി യോസ്

10 ചൊ: വി. നിക്കോലാവോസ് തൊലന്തിനോസ്

11 ബു: പ്രോദത്താസും ഹോവം നിയോസും

---

(4-ാംപേജ് തുടർച്ച)

യ ഒരു കാര്യമല്ലെന്നും കേന്ദ്രത്തിൽ ഒരു കമ്മ്യൂണിസ്റ്റിതരഗവമ്മെണ്ടു് നിലവിലില്ലായിരുന്നുവെങ്കിൽ ഈ കമ്മ്യൂണിസ്റ്റ്കാർ പ്രതിഷേധത്തിനായി വന്നിരുന്നവരുടെ തല കൊയ്യേനെ എന്നും പ്രസ്താവിക്കുകയുണ്ടായി. തിരുവനന്തപുരം ജനതതി, ഇന്നിവിടെ കണ്ട ചില പേക്കൂത്തുകൾകൊണ്ടു് ഈ ജാതിക്കാരാണെന്നു് മനസ്സിലാക്കരുതെന്നും ഇന്നു നടന്ന ഗുണ്ടാപ്രവർത്തനങ്ങൾ ഒന്നിലും തിരുവനന്തപുരം പൊതുജനങ്ങൾക്കു് കൈയില്ലെന്നും കമ്മ്യൂണിസ്റ്റ് ഗുണ്ടാകളും ഒരു ദിവസത്തെ കൂലികൊടുത്ത ഏതാനും റൗഡികളുംകൂടി ചെയ്ത ഈ പേക്കൂത്തുകളെ ജാഥാംഗങ്ങൾ മറക്കണമെന്നും തിരിച്ചുപോകുമ്പോൾ ഇവിടെയുണ്ടായ അനിഷ്ടസംഭവങ്ങൾ തിരുവനന്തപുരം പ്രദേശവുമായി കൂട്ടി ഘടിപ്പിക്കരുതെന്നും അഭ്യർത്ഥിക്കുകയുണ്ടായി. താൻ പലസമയത്തും അന്നു നിലവിലിരിക്കുന്ന ഗവമ്മെണ്ടുകൾക്കു എതിരായി യോഗം നടത്തുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇമ്മാതിരി ഒരനുഭവം തനിക്കുണ്ടായതു് ഇന്നാണെന്നും ഇതെല്ലാം കമ്മ്യൂണിസ്റ്റ് ഭരണത്തിൻെറ ഒരു പ്രത്യേകതയും പുതുമയും ആയിരിക്കാമെന്നും പ്രസ്താവിക്കുകയുണ്ടായി.

അടുത്തതായി പ്രസംഗിച്ച മി. സി എച്ചു് മഹമ്മദു് കോയ (മുസ്ലിം ലീഗു് പാർട്ടി ലീഡർ) ചെയ്ത പ്രസംഗത്തിൽ മുസ്ലീമിങ്ങൾ ഈ ബില്ലിനെ നഖശിഖാന്തം എതിർത്തുകൊണ്ടിരിക്കുകയാണെന്നും ഇനിയും എതിർക്കുകതന്നെ ചെയ്യുമെന്നും ഒന്നുകൂടി ആവർത്തിച്ചു പ്രഖ്യാപിക്കുകയുണ്ടായി. ചില ഭേദഗതികൾകൊണ്ടു് വിദ്യാഭ്യാസബില്ലിൽമുസ്ലീമിങ്ങളുടെഎതിർപ്പു് അവസാനിച്ചിരിക്കുകയാണെന്നു് ചിലർ നടത്തുന്ന പ്രചരണത്തെ അദ്ദേഹം നിഷേധിച്ചു. ഭേദഗതികൾ ഒന്നുകൊണ്ടുംതന്നെ മുസ്ലീമിങ്ങൾ തൃപ്തരായിട്ടില്ലെന്നും ഈ ബിൽ പിൻവലിക്കുകതന്നെ ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. ഈ ബിൽ ദേശസാല്ക്കരണത്തിൻെറ ആദ്യത്തെ പടിയാണെന്നും പട്ടാളച്ചിട്ട വിദ്യാഭ്യാസരംഗത്തുകൂടി വ്യാപിപ്പിക്കുവാനുള്ള ഒരടവാണെന്നും ഇതിനെ മുസ്ലീമിങ്ങളും ക്രിസ്ത്യാനികളും ഹിന്ദുക്കളും തോളോടുതോൾ ചേന്നു് എതിർത്തു തോല്പിക്കണമെന്നും മി. കോയ അഭ്യർത്ഥിക്കുകയുണ്ടായി.

മി. പി ടി ചാക്കോയാണു് പിന്നീടു പ്രസംഗിച്ചതു്. ജനായത്തവിരുദ്ധമായ ബില്ലിനെ കോൺഗ്രസ്കാർ എതിർക്കുമെന്നും ഭേദഗതികൾ ഒന്നുകൊണ്ടും തന്നെ പ്രബുദ്ധരായ കേരളജനതയുടെ കണ്ണിൽ മണ്ണിടുവാൻ കമ്മ്യൂണിസ്റ്റ്കാർ ശ്രമിച്ചാൽ അതു വിഫലമാകുകയേയുള്ളുവെന്നും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടി അസ്തമിക്കാത്ത സാമ്രാജ്യനേതാക്കന്മാരെ തോല്പിച്ച ജനങ്ങൾക്കു ജനായത്ത വിരുദ്ധമായ മുണ്ടശ്ശേരിബില്ലിനെയും എതിർത്തുതോല്പിക്കാൻ ശക്തിയുണ്ടെന്നും പ്രഖ്യാപിച്ചപ്പോൾ സദസ്സു ഹിയർ ഹിയർ എന്നു ആർത്തുവിളിക്കുകയുണ്ടായി. കമ്മ്യൂ. പാർട്ടിയിൽ വിദ്യാർത്ഥികളെ വാരത്തുക്കാനുള്ള ഈ ബില്ലിനെ സർവ്വശക്തിയുമുപയോഗിച്ചു എതിർക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

തുടന്നു യോഗം നാലു പ്രമേയങ്ങൾ അംഗീകരിക്കുകയുണ്ടായി. ആലപ്പുഴയിലും പിരുമേട്ടിലും ജനായത്താവകാശങ്ങളെ മുറുക്കിപ്പിടിച്ചുകൊണ്ടു് ജീവൻ അർപ്പിച്ച രക്തസാക്ഷികളെ അഭിവാദനം ചെയ്തുകൊണ്ടും അവർ ഏതു മഹത്തായ ആദർശത്തിൻവേണ്ടി ജീവൻ അർപ്പിച്ചുവോ അതു കേരളജനത തുടന്നുകൊണ്ടു പോകണമെന്നുമുള്ളതായിരുന്നു ആദ്യത്തെ പ്രമേയം.

കേന്ദ്രഗവമ്മെൻറും സംസ്ഥാനഗവമ്മെൻറും തമ്മിൽ വിദ്യാഭ്യാസബിൽ സംബന്ധിച്ചു നടത്തിയ കത്തിടപാടുകൾ ജനങ്ങൾക്കറിയുവാൻ അവകാശമുണ്ടെന്നും അതു ഉടനടി പ്രസിദ്ധപ്പെടുത്താൻ ആവശ്യപ്പെട്ടുകൊണ്ടുമുള്ളതായിരുന്നു രണ്ടാമത്തെ പ്രമേയം.

ഇന്നു അവതരിപ്പിക്കപ്പെട്ടിരിക്കുന്ന കേരള വിദ്യാഭ്യാസബിൽ ജനായത്തവിരുദ്ധമാണെന്നും അതു ഉടനടി പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള മൂന്നാമത്തെ പ്രമേയം ശ്രീ കുമ്പളത്തു ശങ്കുപ്പിള്ളയാണു അവതരിപ്പിച്ചതു്. ബില്ലിലെ ഏതാനും ചില വകുപ്പുകളിൽ ചില്ലറ വ്യത്യാസം വരുത്തിയതുകൊണ്ടൊന്നും ബിൽ സ്വീകാര്യമല്ലെന്നും, ഈ ബില്ലു് പ്രശസ്തമായ സേവനം നടത്തുന്ന പ്രൈവററു ഏജൻസികളെ ഇല്ലാതാക്കി കമ്മ്യൂ. ആധിപത്യം ഈ നാട്ടിൽ സ്ഥാപിക്കാൻ കരുതിക്കൂട്ടി നടത്തുന്ന ഒരു ശ്രമമാണെന്നും, അതിനാൽ ജാതിവ്യത്യാസം കൂടാതെ ഈ ബില്ലിനെ എതിർത്തു് ഗവമ്മെൻറിനെക്കൊണ്ടുതന്നെ അതു പിൻവലിപ്പിക്കണമെന്നും ശ്രീ കുമ്പളം പ്രമേയം അവതരിപ്പിച്ചുകൊണ്ടു പ്രസംഗിക്കുകയുണ്ടായി തുടന്നു ഈ പ്രമേയവും യോഗം പാസ്സാക്കി.

നാലാമത്തേതും അവസാനത്തേതുമായ പ്രമേയത്തിൽ 4 മാസത്തെ കമ്മ്യൂ. ഭരണംകൊണ്ടു നിയമസമാധാനം സംരക്ഷിക്കേണ്ട പോലീസിനെ നിർജ്ജീവമാക്കിയിരിക്കുന്നുവെന്നും കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യം കൈവരുത്തുവാൻ ഗവ: ഭരണയന്ത്രത്തെ ഉപയോഗിക്കുന്നുണ്ടെന്നും രാജ്യത്തു ജീവനും സ്വത്തും അപകടത്തിലാണെന്നും ഇതു് ഇൻഡ്യാ ഗവ. പ്രത്യേകിച്ചും ഭാരതത്തിലെ ജനങ്ങൾ പൊതുവായും മനസ്സിലാക്കി ഈ പോക്കിനെ നിയന്ത്രിക്കാൻ ആവശ്യമായ നടപടികൾ എടുക്കണമെന്നും പ്രസ്താവിച്ചിരുന്നു. ഈ പ്രമേയവും അംഗീകരിച്ചുകൊണ്ടു് യോഗം 8-30 നു് സമാധാനപരമായി പര്യവസാനിച്ചു.

# വിവിധവൃത്താന്തങ്ങൾ

## പാവപ്പെട്ട കുട്ടികൾക്കു മാർപ്പാപ്പായുടെ വക ഉല്ലാസം

ഇററലിയിലെ 10 ലക്ഷം പാവപ്പെട്ട കുട്ടികൾക്കു പരിശുദ്ധ പിതാവു് ഈ വേനൽക്കാലത്തു വിശ്രമവും ഉല്ലാസവും നൽകുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തിരിക്കുന്നു. പോണ്ടിഫിക്കൽ റിലീഫ് ഓർഗനൈസേഷൻ എന്ന സംഘടനയാണു് ഇതിൻെറ നിയന്ത്രണം വഹിക്കുക. അതിൻെറ സ്വാധീനവലയത്തിലുള്ള ഏഴായിരം ക്യാമ്പുകളിലേക്കു കുട്ടികളെ കൊണ്ടുപോകുന്നതാണു്. എഴുപതിനായിരം വോളൻറിയർമാർ അതിനായി നിയോഗിക്കപ്പെട്ടിട്ടുണ്ടു്. വിനോദയാത്രകളും മററുല്ലാസപരിപാടികളുമാണു് അവക്കു വേണ്ടി സജ്ജമാക്കിയിട്ടുള്ളതു്. മുൻകൊല്ലങ്ങളിലും പരിശുദ്ധ പിതാവു് ഏതാദൃശപരിപാടികൾ കുട്ടികൾക്കായി നടത്തുകയുണ്ടായിട്ടുണ്ടു്.

## അംഗവിഹീനർക്കു മാർപ്പാപ്പായുടെ സന്ദേശം

അംഗവിഹീനർക്കുവേണ്ടി സേവനമനുഷ്ഠിക്കുന്ന സർവ്വരാജ്യസംഘടനയുടെ അംഗങ്ങൾ ഈയിടെ പരിശുദ്ധ പിതാവിനെ സന്ദർശിച്ച അവസരത്തിൽ തിരുമേനി അംഗവിഹീനർക്കായി ഒരു പ്രത്യേകസന്ദേശം നൽകി "നിങ്ങൾ നല്ല ധൈര്യമുള്ളവരായിരിക്കുക. ദൈവത്തിൻെറ സൃഷ്ടികൾക്കു കൂടുതൽ യോഗ്യമായ ഒരു വാസസ്ഥലമായി ലോകത്തെ രൂപാന്തരപ്പെടുത്തുന്നതിനുള്ള പരിശ്രമത്തിൽ നിങ്ങളുടെ പങ്കു വഹിക്കുവാനുള്ള നിങ്ങളുടെ നിശ്ചയത്തിൽ നിങ്ങൾ ഉറച്ചു നില്ക്കുക. സ്നേഹത്തിൻെറയും അനുഗ്രഹത്തിൻെറയും ഉറവിടമായ ദൈവം നിങ്ങളുടെ സ്ഥിതി അറിയുന്നു. നിങ്ങളുടെ പരിമിതമായ കഴിവുകൾ അനുസരിച്ചു മാത്രമേ അവിടുന്നു നിങ്ങളിൽനിന്നു ത്യാഗങ്ങൾ ആവശ്യപ്പെടുകയുള്ളു എന്നു വിശ്വസിച്ചുകൊണ്ടു് നിങ്ങളുടെ പ്രാർത്ഥനാദൃഷ്ടികൾ നിങ്ങൾ സ്വർഗ്ഗത്തിലേക്കുയർത്തുക. നിങ്ങളുടെ വൈകല്യങ്ങളെ സഹിക്കുകയും കഴിവുകളെ വിനിയോഗിക്കുകയും ചെയ്യുന്നതിൽ നിങ്ങൾ പ്രകടിപ്പിക്കുന്ന വിശേഷിതമായ സന്തോഷമനോഭാവം പ്രതിസമ്മാനിക്കപ്പെടാതിരിക്കുകയില്ല. നിത്യകാലം അവിടുത്തോടുകൂടി അപരിമേയമായ സൗഭാഗ്യം നിങ്ങളനുഭവിക്കുമ്പോൾ ഇതു സഫലമാവുകയും ചെയ്യും"

## ഫാദർ പെയ്ററൻെറ പ്രാർത്ഥനാസമരം ഗ്രീസിലേക്കു്

കുടുംബങ്ങളിലെ ജപമാല പ്രാർത്ഥനാ സമരപ്രസ്ഥാനത്തിൻെറ ഡയറക്ടറായ റവ. ഫാ. പേയ്ററൻ അടുത്ത നവമ്പർ മാസം മുതൽ ഗ്രീസിലെ ദ്വീപുകളിൽ വസിക്കുന്ന കത്തോലിക്കാ ജനങ്ങളുടെ ഇടയിൽ ജപമാലപ്രാർത്ഥനാപ്രചാരണം ആരംഭിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

## കത്തോലിക്കാസഭാബന്ധം സ്ഥാപിക്കണമെന്നു ലൂതറൻ സഭാനേതാക്കൾ

ജമ്മനിയിലെ ആറു ലൂതറൻ സഭാനേതാക്കന്മാർ ചേന്നു അവിടത്തെ പ്രോട്ടസ്റ്റൻറു സഭാംഗങ്ങൾക്കു നൽകിയിട്ടുള്ള ഒരാഹ്വാനത്തിൽ "റോമൻ കത്തോലിക്കാസഭയുമായി ഒരു വ്യക്തമായ പുതിയ ബന്ധം ഉണ്ടാക്കുന്നതിനു അവർ പരിശുദ്ധാത്മാവിനാൽ നിയോഗിക്കപ്പെട്ടിരിക്കുന്നു" എന്നു പറഞ്ഞിരിക്കുന്നു. ഇവരിൽ അഞ്ചുപേർ വൈദികരും ഒരാൾ അൽമായനുമാണു്. കത്തോലിക്കാ സഭാതത്വങ്ങളെപ്പററി പഠനം നടത്തുന്നതിനു സ്ഥാപിതമായിട്ടുള്ള "ദി ഗാതറിംഗ്" എന്ന ഒരു പ്രോട്ടസ്റ്റൻറുപണ്ഡിത സമിതിയുടെ അംഗങ്ങളാണിവർ. ലോകമഹായുദ്ധത്തിൽ ഹിററ്ലക്കെതിരായി ഒന്നിച്ചുചേന്നു സമരം നടത്തുകയും ക്ലേശങ്ങൾ സഹിക്കുകയും ചെയ്തതുമുതലാണു് ജമ്മനിയിൽ ലൂതറൻസഭാംഗങ്ങൾക്കു കത്തോലിക്കരോടു അനുഭാവം കണ്ടുതുടങ്ങിയതു്. തുടന്നു പലരും കത്തോലിക്കാസഭയിൽ ചേരുകയും പരിശുദ്ധ സിംഹാസനം അവക്കു പല പ്രത്യേകാനുകൂല്യങ്ങളും കല്പിച്ചുനൽകുകയും ചെയ്തിട്ടുണ്ടു്.

## കമ്മ്യൂണിസ്റ്റ്നേതാവിൻെറ പുത്രൻ പൗരോഹിത്യത്തിലേക്കു്?

ഇററലിയിലെ കമ്മ്യൂണിസ്റ്റ് നേതാവായ പാൽമീറോ ടൊഗ്ലിയാത്തിയുടെ ഏകപുത്രൻ ആൽഡൊ ടൊഗ്ലിയാത്തി ഒരു വൈദികനാകാൻ ഉദ്ദേശിക്കുന്നതായി അറിയുന്നു. കമ്മ്യൂണിസ്റ്റ്പരിപാടിയനുസരിച്ചു് പല പല "മസ്തിഷ്കപ്രക്ഷാളനങ്ങൾ" — തലച്ചോറുകഴുകൽ —നടത്തപ്പെട്ടുകഴിഞ്ഞുവെങ്കിലും അദ്ദേഹം ഇന്നും ഒരു തീക്ഷ്ണതയുള്ള കത്തോലിക്കാ വിശ്വാസിയാണു് എന്നാണു് ഇററലിയിൽനിന്നും ജമ്മനിയിൽ നിന്നുമുള്ള റിപ്പോർട്ടുകൾ വിശദമാക്കുന്നതു്. ഇതുവരേയും അദ്ദേഹം യാതൊരു രാഷ്ട്രീയപരിപാടികളിലും പ്രത്യക്ഷത്തിൽ പങ്കെടുക്കുകയുണ്ടായിട്ടില്ല.

## വൈ. സി. ഡബ്ളിയു. റോമിൽ സമ്മേളിക്കുന്നു

ഇന്നു ലോകവ്യാപകമായിരിക്കുന്ന വൈ. സി. ഡബ്ളിയു. (യംഗ് ക്രിസ്ത്യൻ വക്കേഴ്സ്) യുടെ 30,000 പ്രതിനിധികൾ റോമിൽ സമ്മേളിച്ചു് അവരുടെ രണ്ടാഴ്ചത്തെ പരിപാടികളിൽ പങ്കുകൊണ്ടിരിക്കുന്നു. 87 രാജ്യങ്ങളിൽനിന്നു പ്രതിനിധികൾ സംബന്ധിച്ചിരുന്നു. 32 കൊല്ലം മുമ്പു സമാരബ്ധമായ ഈ സംഘടനക്കു ഇപ്പോൾ പത്തുലക്ഷത്തിലധികം അംഗങ്ങളുണ്ടു്. അതിൻെറ സ്ഥാപകനായ മോൺ: ജോസഫ് കാർഡിജിൻ ഇപ്പോഴും അതിനെ നയിച്ചുകൊണ്ടിരിക്കുന്നു. ആഗസ്റ്റ് 25-ാം തിയതി സെൻറു് പീറ്റേഴ്സ് ബസ്സിലിക്കായുടെ അങ്കണത്തിൽവച്ചു് പരിശുദ്ധ പിതാവു് അവക്കു നൽകിയ പ്രത്യേക സന്ദർശനവേളയിൽ അവിടുന്നു കല്പിച്ചരുളിയ സന്ദേശത്തിൻെറ ചുരുക്കം അന്യത്ര ചേർത്തിട്ടുണ്ടു്.

## സന്യാസിനി മകൻെറ നവപൂജാർപ്പണത്തിൽ

സ്ട്രൗസ് എന്ന സ്ഥലത്തുള്ള സെൻറു് റോസ് കന്യകാമഠത്തിലെ ഒരു സന്യാസിനിയാണു് സിസ്റ്റർ ജെയിൻ. കഴിഞ്ഞ മാസത്തിലാണു് സിസ്റ്റർ ജെയിൻ അവരുടെ നിത്യവ്രതാനുഷ്ഠാനം നടത്തിയതു്. വിവാഹജീവിതത്തിൽ അവക്കു ദൈവം പ്രദാനം ചെയ്ത സന്താനമാണു് ബ്രദർ നിക്കോളാസ് വൊള്ളാർഡ് ഒ. പി. സെപ്തംബർ 29-ാം തിയതി ക്ലീഫ്ടണിലെ ബിഷപ്പു് റഡർഹാം അദ്ദേഹത്തെ വൈദികനായി അഭിഷേകം ചെയ്യുന്നു. സ്വപുത്രൻെറ നവപൂജയിൽ സംബന്ധിക്കുന്ന സിസ്റ്റർ ജെയിൻ സൗഭാഗ്യവതിതന്നെയാണു്.

## ചെക്കോസ്ലോവാക്യായിൽ നിരീശ്വരത്വം ഊർജ്ജിതപ്പെടുത്തുന്നു

കമ്മ്യൂണിസ്റ്റ് സെൻട്രൽ കമ്മിററി ഈയിടെ പ്രേഗിൽ സമ്മേളിച്ചപ്പോൾ ഒരു പ്രതിനിധി അഭിപ്രായപ്പെട്ടതു് ചെക്കോസ്ലോവാക്യായിൽ കത്തോലിക്കാസഭയുടെ പ്രാബല്യം നശിപ്പിക്കുന്നതിനു നിരീശ്വരപ്രചാരണത്തിനു മൂർച്ചകൂട്ടണമെന്നാണു്. സഭയുടെ ഭാഗത്തുനിന്നുള്ള പ്രതിബന്ധങ്ങളാണു് കമ്മ്യൂണിസത്തിൻെറ പ്രചാരത്തെ തടയുന്നതെന്നുള്ള കാര്യം കമ്മിററിയുടെ ചർച്ചയ്ക്കു വിഷയമായി എന്നാണറിയുന്ന


## നേത്രചികിത്സാവിദഗ്ദ്ധന്മാർ എറണാകുളം ലിസി ആശുപത്രിയിൽ

ഡിസംബർ 1-ാംനു മുതൽ 31-ാംനു വരെ

എറണാകുളം ടൗൺ റെയിൽവേസ്റ്റേഷനുസമീപം പണിതുകൊണ്ടിരിക്കുന്ന "മാർ അഗസ്റ്റിൻ മെമ്മോറിയൽ ആശുപത്രി"യുടെ ഒരു ഭാഗം പണിപൂർത്തിയാകാറായിരിക്കുന്നു.

കണ്ണുചികിത്സയിൽ അസാമാന്യനൈപുണ്യവും ദീർഘകാലപരിചയവുമുള്ളവരും അമേരിക്കക്കാരുമായ ഡോക്ടർ കെവൻ ബർഗ് എം. ഡി. യും ഡോക്ടർ ഹെമൽ ഫാർബ് എം. ഡി. യും പ്രസ്തുത സ്ഥാപനത്തിൽ 1957 ഡിസംബർ 1-ാംനു എത്തിച്ചേരും. കണ്ണുരോഗം സംബന്ധിച്ച എല്ലാവിധ ശസ്ത്രക്രിയകളും നടത്തുവാൻ പ്രാപ്തരാണു് ഈ ഡോക്ടർമാരിരുവരും. ഏതൊരവസ്ഥയിലുമുള്ള തിമിരവും വിവിധതരത്തിലുള്ള കൺപോള വൈകല്യങ്ങളും ശസ്ത്രക്രിയകൊണ്ടു ഭേദപ്പെടുത്തുന്നതും കോർണിയൽ ട്രാൻസ്പ്ലാൻേറഷൻ നടത്തുന്നതുമാണു്. ഒരു മാസത്തെ പ്രവർത്തനത്തിനുശേഷം അവർ തിരിച്ചുപോകുമെന്നുള്ളതുകൊണ്ടു് ആവശ്യക്കാർ മുൻകൂട്ടി ബുക്കുചെയ്യുന്നതു നന്നായിരിക്കും. "ഡയറക്ടർ ലിസി ഹോസ്പിററൽ, എറണാകുളം (ഫോൺ നമ്പർ 153)" എന്ന വിലാസത്തിൽ എഴുതിച്ചോദിച്ചാൽ കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതാണു്.

ളു്. പാർട്ടി സിക്രട്ടറിമാരിൽ ഒരാളായ മി. ജിറി ഹെൻട്രിച്ച്, സഭയുടെ പ്രേരണമൂലം പാർട്ടി അംഗങ്ങളിൽ ചിലർപോലും തെററിപ്പോകുന്നുവെന്നു ചൂണ്ടിക്കാണിച്ചിട്ടു് നിർദ്ദേശിച്ചതു്, "നിരീശ്വരതാപ്രചാരണം ശക്തിപ്പെടുത്തേണ്ടതു് ഏററവും പ്രാധാന്യമർഹിക്കുന്ന നടപടിയാണെ"ന്നാണു്. "ലോകാരംഭത്തെപ്പററിയുള്ള നമ്മുടെ തത്വം പ്രചരിപ്പിക്കുകയും, നമ്മുടെ ഭൗതികതാപരമായ ആദർശത്തിൻെറ സത്യതയെ തെളിയിക്കുന്ന ഇതരശാസ്ത്രങ്ങളെ ആശ്രയിക്കുകയുംവേണം" എന്നദ്ദേഹം പറഞ്ഞു.

(12-ാംപേജ് തുടർച്ച)

പോലെ അവനു തോന്നി. അവൻ ചുററുപാടും നോക്കി! ഒന്നുമില്ല. ചന്ദ്രികാദീപ്തിയിൽ ആനന്ദിച്ചു വഴിവക്കിൽ നിൽക്കുന്ന സസ്യങ്ങൾ, അവയിൽ ചിലതുകളിൽ മണം പാറുന്ന പൂക്കൾ! മുകളിലേക്കും അവൻ നോക്കി. അവിടെയുമുണ്ടു് ധാരാളം മുല്ലപ്പൂക്കൾ. ആകാശമുല്ലയിൽ വിടന്നിരിക്കുന്ന മുല്ലപ്പൂക്കൾ! അവിടെ പിന്നെയാരാണു് അവനു തടസ്സമായി നിൽക്കുന്നതു്. ആ വായു അവനു ശ്വസിക്കാൻ പ്രയാസമുള്ളതുപോലെ തോന്നി. അവനു വീർപ്പുമുട്ടി. അവനെ മനഃപൂർവ്വം വീർപ്പുമുട്ടിക്കുവാൻ ആ വായു സ്വയം കട്ടികൂട്ടുകയാണു്!

അവൻ നടന്നു, പുതുമയുടെ ചായം പൂരണ്ടിരിക്കുന്ന പരിസരത്തുകൂടി. ഇരുപതുവയസ്സുള്ള ജോസ് എട്ടുകൊല്ലംമുൻപു് ആ വഴി ധാരാളം നടന്നിട്ടുണ്ടു്. ആ കുററിക്കാടുകളിൽനിന്നു ഞാറപ്പഴങ്ങളും പേരക്കാകളും പറിച്ചുതിന്നിട്ടുണ്ടു്. ജോസിനു ആ ചിന്തകളുണ്ടായപ്പോൾ കണ്ണുനിറഞ്ഞു.

കുട്ടിക്കാലം!—അവനു അമ്മയും ഒരു കൊച്ചുപെങ്ങളുമുണ്ടായിരുന്നു. അവർ അവനെ വ്യസനിപ്പിക്കാതെ വളത്താൻവേണ്ടി ബുദ്ധിമുട്ടാൻ തയ്യാറുള്ളവരായിരുന്നു. പക്ഷേ ആ വിനാശകാലത്തിൽ അവനു തോന്നി, ജീവിതം, സുഖിക്കുവാനുള്ളതു മാത്രമാണെന്നു്. അമ്മ അതിനു വിഘാതമാണു്; പെങ്ങളും. ഭാവിയെക്കുറിച്ചു ചിന്തിക്കാതെ അവൻ സുഖത്തിൻെറ മടിത്തട്ടിലേക്കു തല ചായിച്ചു. ആ തലചായിക്കലിനു് അമ്മയിൽനിന്നും പെങ്ങളിൽനിന്നും അവനു് അകലേണ്ടിയിരുന്നു. "ജീവിക്കുന്നെങ്കിൽ സുഖമായിട്ടു്" അവൻെറ അകത്തിരുന്നു് ആരോ മന്ത്രിച്ചു.

ജോസിൻെറ അമ്മ ഒളിച്ചുപോയ ജോസിനുവേണ്ടി കണ്ണീരൊഴുക്കി. അവരുടെ പുന്നാരമോൻ പറന്നുപോയി...യാതൊരല്ലലും ഉണ്ടാകാതെ അവനെ വളത്തി; എന്നിട്ടും...ജോസ് വളരും...പഠിച്ചു് വലിയ ഉദ്യോഗസ്ഥനാവും! ...അമ്മയുടെ തരിപ്പണമായ പ്രതീക്ഷകൾ!

കഴിഞ്ഞുപോയ ആ കാലത്തെ മറക്കാൻ ശ്രമിച്ചുകൊണ്ടു് അവൻ കുന്നിൻമുകളിലേക്കു നടന്നു; നിശയുടെ നിശിതനിശ്ശബ്ദതയിൽ. അവൻെറ കരൾ നൊന്തുകൊണ്ടിരുന്നു. വീടു് അടുത്തുകഴിഞ്ഞിരുന്നു. ആ മുററത്തു് അവൻ കാലുകുത്തി. യാതൊരു ചലനവുമില്ല. അവൻ കതകിൽ മുട്ടി.—"ഡും ഡും ഡും" കതകു തുറന്നു. അമ്മയെക്കാണാൻ അവൻ കൊതികൊണ്ടു; എന്നാൽ അമ്മ മരി...! അവനതു ഓക്കാൻ ശക്തിയില്ലായിരുന്നു. അകത്തേക്കു കയറാൻ ജോസ് ശ്രമിച്ചു പക്ഷേ കതകു തുറന്ന ആൾ മാർഗ്ഗതടസ്സം ചെയ്തു. കരഞ്ഞു കനത്ത കണ്ണുകൾകൊണ്ടു് അവൻ ആളിനെ നോക്കി. അവൻെറ കുഞ്ഞുപെങ്ങൾ കുഞ്ഞുമറിയം. അവളുണ്ടു വളന്നുപോയല്ലോ. ജോസ് പശ്ചാത്താപത്തിൻെറ മൂടുപടമാകുന്ന കണ്ണുനീർതുള്ളികൾ ധരിച്ച കണ്ണുകൊണ്ടു് അവളെ നോക്കി. അവൻ ചൂളിപ്പോയി പ്രതികാരത്തിൻെറ പ്രഭ പരത്തുന്നുണ്ടു് അവളുടെ കണ്ണുകൾ. "പെങ്ങളേ..." ഇടറിയ കണ്ഠത്തിൽനിന്നും യാചനാരൂപത്തിൽ ആ വാക്കുകൾ പുറത്തു ചാടി. അവൾ ക്രൂരമായി അവനെ നോക്കിക്കൊണ്ടിരുന്നു. "ക്ഷമി..." ജോസ് യാചിച്ചു മരവിച്ചു അന്തരീക്ഷം. മങ്ങിയ നിലാവു്. "ക്ഷമ! മരിക്കാറായ അമ്മ മകനെ ഒരു നോക്കു കാണുവാനെത്ര ആശിച്ചു...ഒരു നിമിഷം ഈ വീട്ടിൽ നില്ക്കാൻകൂടി നിനക്കർഹതയില്ല..." ഹോ! ഒരു യുവതിയുടെ ഗാംഭീര്യമലിഞ്ഞുചേന്ന സ്വരം! പക്ഷേ കുററബോധമുള്ള ജോസ് ഇതിൽകൂടുതൽ പ്രതീക്ഷിച്ചിരുന്നതാണു്. അവനു ഒരു കാര്യംകൂടി അറിയണം. അവൻെറ അമ്മ എവിടെ? "അമ്മ" അവനതു പറയാനവകാശമുണ്ടോ? ഇല്ലെന്നവനറിയാം. "അമ്മയെക്കാണണ

Chandrika SILK HOUSE
TRICHUR-ERNAKULAM
കല്യാണ സാരികൾ
ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.
EP

മെങ്കിൽ ഇനി ശവക്കോട്ടയിൽ ചെല്ലണം" അവൾ പറഞ്ഞു. ജോസ് ചെവിപൊത്തി; അവൻെറ ഹൃദയം വിങ്ങിപ്പൊട്ടി. അവൻ തിരിഞ്ഞു നടന്നു, എങ്ങോട്ടെന്നില്ലാതെ. അവനിനി ലോകത്തിൽ ആരുമില്ല.

അവൻ ആ പള്ളിനടകൾ കയറി. മനോഹരമായ പള്ളി വെള്ളിപ്രകാശത്തിൽ മനോജ്ഞമായിരുന്നു. കൊച്ചുന്നാളിൽ അവനാ പള്ളിയിൽ കയറി പ്രാത്ഥിച്ചിട്ടുണ്ടു്. അമ്മ അവൻെറ കുഞ്ഞുകൈയിൽ പിടിച്ചു് "ശുദ്ധമാന സ്ലീവായുടെ..." നെററിയിൽ വരപ്പിക്കും. ഓമ്മകളുടെ കൊടുങ്കാററുകൾ! ആ ശവക്കോട്ടയിൽ അവൻ കടന്നു. ആ ശവക്കോട്ടയിലും അവൻ കൊച്ചുന്നാളിൽ കടന്നിട്ടുണ്ടു്, അപ്പൻെറ ശവകുടീരത്തിൽ പൂക്കളപ്പിക്കാൻ, അവിടെ മുട്ടുകുത്തി പ്രാത്ഥിക്കാൻ. ഒരു പുത്തൻകുഴിമാടം അവനെ മാടിവിളിച്ചു. അവൻ അശക്തനായി ആ ഇളകിയമണ്ണിൽ വീണു. അ

തിനുള്ളിൽ അവൻെറ ജീവൻെറ ജീവനായ അമ്മ നിത്യമായി മറഞ്ഞുപോയി. അവൻ ശവകുടീരത്തിൽ തലചായിച്ചു് ഏങ്ങിക്കരഞ്ഞു. നിമിഷങ്ങൾ! ഏതോ മറുലോകവുമായി അവൻ ആശയവിനിമയം ചെയ്യുകയാണു്.

ഒരു തണുത്ത കരം അവൻെറ കൈയിൽ പിടിച്ചുയത്തി. അവൻെറ കരൾ ഒന്നു പിടഞ്ഞു. അതാരാണെന്നു കണ്ണീരിൻെറ മറവിലൂടെ അവൻ നോക്കി. ഒരു പെണ്ണു്! കണ്ണീർ തുടച്ചിട്ടു വീണ്ടും നോക്കി. കുഞ്ഞുമറിയം! അവനെ കുഞ്ഞുമറിയം കുററബോധത്തോടെ പിടിച്ചെഴുന്നേല്പിച്ചു ഒരു കൊച്ചുകുഞ്ഞിനെപ്പോലെ കണ്ണീരൊഴുക്കിയ ജോസിൻെറ കണ്ണുകളിൽ സന്തോഷത്തിൻെറ ലാഞ്ഛനകൾ തെളിഞ്ഞു. കുഞ്ഞുമറിയം പറഞ്ഞ സാന്ത്വനവാക്കുകൾ ജോസിനെ സന്തോഷത്തിൻേറയും സമാശ്വാസത്തിൻേറയും കൊടുമുടിവരെ എത്തിച്ചു.

"അമ്മ ജീവിച്ചിരിക്കുന്നു. ഇന്നലേയും മരിക്കുമെന്നു തോന്നത്തക്കവിധം സുഖക്കേടു കൂടുതലായിരുന്നു. ഇന്നു കുറച്ചു കുറവുണ്ടു്. എന്തോ ഒന്നുകൂടി നിറവേറാനുണ്ടു്. അമ്മയിലും ഞങ്ങളിലും യഥാത്ഥസ്നേഹമുണ്ടോയെന്നറിയുവാൻ ഞാൻ ഒന്നു പരീക്ഷിക്കയായിരുന്നു...പോകാം."

ജോസിൻെറ കണ്ണുകളിൽ കനകപ്പൊടികൾ വീണ്ടും തിളങ്ങി. മങ്ങിമയങ്ങി പ്രകാശിച്ചുകൊണ്ടിരിക്കുന്ന ചന്ദ്രനുപോലും ആ കണ്ണീർത്തുള്ളികൾ പശ്ചാത്താപത്തിൻെറയോ സന്തോഷത്തിൻെറയോ എന്നു സംശയം തോന്നിക്കാണും!

ആദ്ധ്യാത്മികവീഥി

## വിശ്വാസചൈതന്യം

ദൈവത്തിൻെറ വത്സലമക്കളേ,

വിശ്വാസചൈതന്യത്തിൻെറ അഭാവത്താലാണു പ്രേഷിതചൈതന്യം ഇല്ലാതെ പോകുന്നതെന്നും, ഗാഢമായ ചിന്ത അഥവാ ധ്യാനം കൂടാതെ സജീവവിശ്വാസത്തെ പുലത്തിക്കൊണ്ടു പോകാൻ സാധിക്കയില്ലെന്നും കഴിഞ്ഞ ലക്കത്തിൽ പറഞ്ഞല്ലോ. പ്രാത്ഥനയെക്കുറിച്ചു പൊതുവിലും മാനസികപ്രാത്ഥന അഥവാ ധ്യാനത്തെക്കുറിച്ചു പ്രത്യേകിച്ചും ഏതാനും മാസങ്ങൾക്കുമുൻപു് ഈ പംക്തികളിൽ തന്നെ പ്രതിപാദിച്ചിട്ടുള്ളതിലേക്കു നിങ്ങളുടെ ശ്രദ്ധയെ ആകഷിക്കട്ടെയോ?

ഇന്ദ്രിയഗോചരമായ സംഗതികൾ ഗ്രഹിക്കുന്നതിനു പഞ്ചേന്ദ്രിയങ്ങൾ നമ്മെ സഹായിക്കുന്നതിനാൽ വളരെ എളുപ്പമുണ്ടു്. എന്നാൽ പഞ്ചേന്ദ്രിയങ്ങൾക്കു അതീതമായിട്ടുള്ളവയെ ഗ്രഹിക്കുന്നതിനു ബോധനിയന്ത്രണം അവശ്യാവശ്യമായതിനാൽ നല്ല ശ്രമം കൂടാതെ നിത്യസത്യങ്ങൾ നമ്മുടെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നതിനു സാദ്ധ്യമല്ല. അവ ദിവസേന കുറെ സമയത്തേക്കെങ്കിലും നമ്മുടെ ഗാഢമായ ചിന്താവിഷയമാക്കാത്തപക്ഷം സ്വഭാവാതീതമായ ന്യായങ്ങളാൽ പ്രേരിതമായി പ്രവത്തിക്കുന്നതിനു നമുക്കു കഴിഞ്ഞെന്നു വരുകയില്ല. അതായതു് വിശ്വാസാനുസരണമുള്ള പ്രവൃത്തി നമ്മിൽ ഉണ്ടാകുകയില്ല. അതുകൊണ്ടാണു ഉത്തമ കത്തോലിക്കാ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാവരും അതിരാവിലെയോ അല്ലെങ്കിൽ രാത്രിയോ മററു സകല ലൗകിക ചിന്തകളിൽനിന്നും ബോധത്തെ നിവൃത്തിയുള്ളിടത്തോളം അകററി നിത്യസത്യങ്ങളെക്കുറിച്ചു ഏററവും കുറഞ്ഞതു പതിനഞ്ചു മിനിററു നേരത്തേക്കെങ്കിലും ധ്യാനിക്കണമെന്നു നിശ്ചയിച്ചു തദനുസരണം പ്രവത്തിക്കുന്നതു്.


ധ്യാനത്തിനു വേണ്ട വിഷയം ലഭിക്കുന്നതിനും ബോധം നിയന്ത്രിച്ചു ധ്യാനിക്കാൻ വിഷമം തോന്നുമ്പോൾ ഏറെക്കുറെ അതിൻെറ ഫലം നൽകുന്നതിനും സഹായിക്കുന്നതാണു് നല്ല ആദ്ധ്യാത്മികഗ്രന്ഥങ്ങളുടെ പാരായണം. ഇക്കാര്യത്തെക്കുറിച്ചു മുൻപു പറഞ്ഞിട്ടുള്ളതാകയാൽ ദീർഘമായി പ്രതിപാദിക്കുന്നതിനു കരുതുന്നില്ല. എത്ര ജോലിത്തിരക്കുള്ള ദിവസമാണെങ്കിലും ശരി, പത്തു പതിനഞ്ചു മിനിററെങ്കിലും പ്രതിദിനം ജ്ഞാനവായനയ്ക്കായി മാററിവയ്ക്കണം. രാത്രി ഉറങ്ങുന്നതിനു മുൻപു വായിക്കുന്നപക്ഷം പിറേറദിവസം ആദ്യം നമ്മുടെ മനസ്സിൽ ഉദിക്കുന്നതു തലേദിവസം വായിച്ച വിഷയമായിരിക്കും. അതേക്കുറിച്ചു അപ്പോൾതന്നെ ധ്യാനംകൂടി നടത്താമെങ്കിൽ ആ ദിവസത്തെ സകല പ്രവൃത്തികൾക്കും വിശ്വാസചൈതന്യം നൽകുന്നതിനു അതു സഹായകമായിരിക്കും.

പ്രവൃത്തി കൂടാതെയുള്ള വിശ്വാസം ചത്തതാണെന്നു വിശുദ്ധ യാക്കോബു സ്ലീഹാ ഉദ്ബോധിപ്പിക്കുന്നുണ്ടല്ലോ. ജീവൻ പ്രവൃത്തിക്കു അത്യന്താപേക്ഷിതമായിരിക്കുന്നതുപോലെതന്നെ പ്രവൃത്തി ജീവനെ പരിപോഷിപ്പിച്ചുകൊണ്ടുപോകുന്നതിനും ആവശ്യമാണെന്നു നമുക്കറിയാം. ഉപയോഗിക്കാതെയിരിക്കുന്ന അവയവങ്ങൾ ശോഷിച്ചു ക്ഷീണിച്ചുപോകുന്നതും നിരന്തരം ഉപയോഗിക്കുന്നവ തടിച്ചു ശക്തി പ്രാപിച്ചുവരുന്നതും നാം കാണാറുണ്ടല്ലോ. അതിനാൽ നമ്മുടെ വിശ്വാസം സുരക്ഷിതമാക്കുന്നതിനുള്ള ഉത്തമമാർഗ്ഗം അതു പ്രവൃത്തിയിലാക്കുകയാണു്. എന്നു

പ്രാത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

**Alexander Nicholas**
Thumpoley, Alleppey.



EXPIRED ON 25th JULY 1957. PRAY FOR HIM




## ചരമവാർത്തകൾ

തച്ചപ്പുഴ: ഈ ഇടവക എട്ടിയിൽ ശ്രീ മത്തായി തൊമ്മൻ അവർകൾ ആഗസ്റ്റ് 24-ാംനു- 74-ാമത്തെ വയസ്സിൽ ഹൃദ്രോഗം മൂലം കത്താവിൽ നിദ്രപ്രാപിച്ചു. മൃതദേഹം പിറേറദിവസം റവ ഫാദർ വടക്കേൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും അനേകം വൈദികരുടെ സഹകരണത്തിലും ഇളങ്ങുളം സെൻറു് മേരീസ് ദേവാലയസിമിത്തേരിയിൽ യഥാവിധി സംസ്കരിച്ചു. റവ ഫാദർ അബ്രാഹം തെക്കേമുറി ചരമപ്രസംഗം നടത്തി.

നെടിയശാല: ഈ ഇടവക ചിറയ്ക്കൽ പൈലി ഭാര്യ ഏലി ആഗസ്റ്റ് 25-ാംനു- ഞായറാഴ്ച പകൽ മൂന്നു മണിക്കു് 74-ാമത്തെ വയസ്സിൽ കത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം റാസ മുതലായ തിരുക്കർമ്മങ്ങൾക്കുശേഷം സ്ഥലം സിമിത്തേരികപ്പേളയിൽ യഥാവിധി നടത്തപ്പെട്ടു.

R. I. P.

## ഇൻഡ്യാ വാത്തകൾ

ഉയന്ന ഉദ്യോഗങ്ങൾ ഒഴികെയുള്ള ഗവമ്മെൻറു ജോലികളിൽ നിയമിക്കപ്പെടുന്നവക്കു് സർവ്വകലാശാലാ ഡിഗ്രി വേണമെന്നു് നിഷ്കർഷിക്കേണ്ട ആവശ്യമില്ലെന്നു് പബ്ളിക്കു് സർവ്വീസ് നിയമന യോഗ്യതാ കമ്മിററിയുടെ റിപ്പോർട്ടിൽ ശുപാശ് ചെയ്തിരിക്കുന്നു.

—പി. എസ്. പി. നേതാവു് മി. ജയപ്രകാശ് നാരായണൻ സോഷ്യലിസ്റ്റ് പാർട്ടിയിലെ തൻെറ പ്രാഥമികാംഗത്വംപോലും ഇപ്പോൾ രാജിവച്ചിരിക്കുന്നു.

—ഇൻഡ്യാ ഗവമ്മെൻറു ധനനികുതി വ്യവസ്ഥകളിൽ വരുത്തിയ മാററംമൂലം മുമ്പു് 15 കോടി ക. ഈ ഇനത്തിൽ പ്രതീക്ഷിച്ചിരുന്നതു് പന്ത്രണ്ടര ശതമാനമായി കുറഞ്ഞിരിക്കുന്നു.

—ഭക്ഷ്യവിഭവോല്പാദന വികസനാത്ഥം രാജ്യത്തു ഭൂനയപരിഷ്കാരങ്ങൾ വേഗത്തിൽ നടപ്പിൽ വരുത്തേണ്ടതാണെന്നു് ന്യൂഡൽഹിയിൽ സമ്മേളിച്ച അഖിലേന്ത്യാ കോൺഗ്രസ് വക്കിംഗ് കമ്മിററി നിർദ്ദേശിച്ചിരിക്കുന്നു.

—റെയിൽവേ യാത്രക്കൂലിയിന്മേൽ ചുമത്തിയിട്ടുള്ള നികുതി സെപ്തംബർ 15-ാംനു- മുതൽ വസൂലാക്കുന്നതാണെന്നു് ധനകാര്യമന്ത്രി പ്രസ്താവിച്ചിരിക്കുന്നു.

—കുടുംബസംവിധാന പദ്ധതിക്കു് താൻ എതിരാണെന്നു് കേന്ദ്ര രാജ്യരക്ഷാമന്ത്രി മി. വി കെ കൃഷ്ണമേനോൻ ബോംബെ മെഡിക്കൽ വിദ്യാത്ഥികളെ അഭിമുഖീകരിച്ചു പ്രസ്താവിച്ചിരിക്കുന്നു. സാമ്പത്തികസ്ഥിതി ആശാസ്യതരമാക്കുവാൻ ജനസംഖ്യ നിയന്ത്രിക്കുകയല്ല, കൂടുതൽ വിഭവങ്ങൾ ഉല്പാദിപ്പിക്കുകയാണു വേണ്ടതെന്നു് അദ്ദേഹം തുടന്നു അഭിപ്രായപ്പെട്ടു.

—ചെറുകിട വ്യവസായ വികസന പദ്ധതികൾക്കായി മദ്രാസ്, കേരളം, മൈസൂർ, ആന്ധ്ര എന്നി സംസ്ഥാനങ്ങൾക്കു് കേന്ദ്രഗവമ്മെണ്ടു് ഗ്രാൻറും വായ്പയുമായി 27.26 ലക്ഷം ക. അനുവദിച്ചിരിക്കുന്നു. കേരളത്തിൽ സൈക്കിൾ വാൽവുകളും സ്പോർട്ട്സ് ഉപകരണങ്ങളും നിർമ്മിക്കാനുള്ള രണ്ടു പദ്ധതികൾ ഇതിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്.

—ഇപ്പോഴത്തെ ഫോറിൻ എക്സ്ചേഞ്ച് വിഷമതയ്ക്കു പരിഹാരമായി ഉരുപ്പിികയുടെ വില കുറയ്ക്കാനുദ്ദേശിക്കുന്നില്ലെന്നു ധനകാര്യമന്ത്രി ലോകസഭയിൽ വെളിപ്പെടുത്തിയിരിക്കുന്നു.

ജീവചരിത്രം

# വിശുദ്ധ തോമസ് മൂർ

(സി. കെ. വക്കി, മുത്തോലപുരം)

വീരോചിതമായ ധൈര്യത്തോടും സുകൃതസമ്പന്നമായ ത്യാഗത്തോടുംകൂടെ ജീവിതസമരത്തിൽ ആജീവനാന്തം പോരാടി വിജയംവരിച്ച ഒരു വിശുദ്ധനത്രേ സർ തോമസ് മൂർ. ആ പുണ്യപുരുഷന്റെ ജീവിതത്തിൽ ഏററവും കാമ്യമായി താൻ കരുതിയിരുന്നതു് എന്താണെന്നു നോക്കാം. അൽമായരായ നമുക്കു് അനുകരണീയനായ ഒരു അൽമായനായിരുന്നു അദ്ദേഹം. പതിനഞ്ചാം നൂററാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന അദ്ദേഹത്തിന്റെ സ്മരണ ഈ ഇരുപതാം നൂററാണ്ടിലും മനുഷ്യഹൃദയങ്ങളിൽ നിവസിക്കുന്നു. ഇതിന്റെ കാരണമെന്തായിരിക്കാം? അദ്ദേഹം വലിയ രാജ്യതന്ത്രജ്ഞനും, നിയമപണ്ഡിതനും സാഹിത്യകാരനുമായിരുന്നതുകൊണ്ടായിരിക്കുമോ? ഒരിക്കലുമല്ല. പിന്നെയോ; ക്രിസ്തുവിനുവേണ്ടി തന്റെ ജീവൻ അർപ്പിച്ചു് കത്തോലിക്കാസഭയുടെ പ്രബോധനത്തെ അചഞ്ചലമായി പരിപാലിച്ച ചരിത്രവസ്തുതയാണു് ആ പാവനസ്മരണയെ മനുഷ്യഹൃദയങ്ങളിൽ മായാതെ നിലനിർത്തുന്നതു്.

വിദ്യാലയജീവിതത്തിൽതന്നെ അദ്ദേഹത്തിന്റെ മനസ്സിൽ "ഞാൻ എന്തായിത്തീരണം?" എന്ന ഒരു ചോദ്യം ഉയർന്നുവന്നു. അർത്ഥഗർഭമായ ആ ചോദ്യത്തിനു് ഉത്തരം കാണുന്നതിനായിരുന്നു അദ്ദേഹത്തിന്റെ പ്രയത്നം. തന്റെ ഭാവിയെ നിശ്ചയിച്ചുതരുന്നതിനായി ഉപവാസത്തോടും, പ്രായശ്ചിത്തപ്രവൃത്തികളോടുംകൂടി തീക്ഷ്ണമായിപ്രാർത്ഥിച്ചു. പിന്നീടു ലണ്ടനിലുള്ള ഒരുകർത്തുസ്യൻ ആശ്രമത്തിൽ പ്രവേശിച്ചു് സന്യാസികളുടെ അതിഥിയായി ജീവിച്ചുകൊണ്ടു് പ്രാർത്ഥനാനിരതനായി കുറെക്കാലം കഴിച്ചുകൂട്ടി. അതിന്റെ അവസാനത്തിൽ താൻ സന്യാസജീവിതം നയിക്കുന്നതിനല്ല ദൈവചിത്തമെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി. അതിനാൽ വിവാഹാന്തസ്സിൽ പ്രവേശിക്കുന്നതിനു തീരുമാനിച്ചു.

തന്റെ ഇരുപത്തിയേഴാമത്തെ വയസ്സിൽ ജയിൻ കോൾട്ടു് എന്ന യുവതിയെ വിവാഹം കഴിച്ചു. ആ വിവാഹജീവിതം വളരെ ഹ്രസ്വമായിരുന്നു. ഏതാണ്ടു് ആറു സംവത്സരത്തെ ദാമ്പത്യജീവിതത്തിനുശേഷം നാലു കുഞ്ഞുങ്ങളെ പിതാവിന്റെ കരങ്ങളിലേല്പിച്ചുകൊണ്ടു് ആ സാദ്ധ്വി ഇഹലോകവാസം വെടിഞ്ഞു. ആ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായി അദ്ദേഹത്തിനു് വളരെ ത്യാഗങ്ങൾ സഹിക്കേണ്ടിവന്നു. എല്ലാം ദൈവഹിതം എന്നു സമാധാനപ്പെട്ടുകൊണ്ടു് തന്റെ പരിപാലനയിൽ ഏല്പിച്ചിരിക്കുന്ന ഓമനസന്താനങ്ങളെ ദൈവത്തിനിഷ്ടപ്പെട്ടവരായി വളർത്തുന്നതിൽ അദ്ദേഹം ശ്രദ്ധ പതിപ്പിച്ചു. തന്റെ ഔദ്യോഗികചുമതലകൾക്കു് വിഘാതമാകാതിരിക്കുന്നതിനു് ആ കുട്ടികളുടെ സംരക്ഷണത്തിനായി തന്നേക്കാൾ പ്രായംകൂടിയ ഒരു വിധവയെ വീണ്ടും വിവാഹം കഴിച്ചു. തന്മൂലം ആ സ്ത്രീയുടെ ആദ്യവിവാഹത്തിലുണ്ടായ ഒരു പെൺകുട്ടിയുടെ രക്ഷാകർതൃസ്ഥാനവുംകൂടി അദ്ദേഹത്തിനു് ഏറെറടുക്കേണ്ടി വന്നു.

തന്റെ ഭാര്യയായ ഡയിം ആലീസ് ഒരു സൗന്ദര്യധാമമോ പ്രശാന്തമതിയോ ആയിരുന്നില്ല. എങ്കിലും തോമസ് മൂറിനു് ഏററവും പ്രിയപ്പെട്ടവളായി ആജീവനാന്തം ജീവിക്കുന്നതിനുള്ള കഴിവു് ആ സ്ത്രീരത്നത്തിനുണ്ടായിരുന്നു. ദൈവപ്രമാണങ്ങൾക്കുവിധേയമായി ആ കുടുംബത്തിലെ ഓരോ വ്യക്തിയും പ്രവർത്തിക്കുന്നതിനു് ആലീസ് ഒരു മാതൃകതന്നെയായിരുന്നു. ഔദാര്യപൂർവ്വകമായ ത്യാഗത്തിനു സദാസന്നദ്ധരായിരുന്ന ആ കുടുംബാംഗങ്ങളിൽ സ്വാഭാവികസ്നേഹം യഥാക്രമം വികസിച്ചുവരുകയും കുടുംബജീവിതത്തിന്റെ നിസ്സീമമായ സന്തോഷം അവർക്കനുഭവപ്പെടുകയും ചെയ്തു. ആ ഭാര്യാഭർത്താക്കന്മാർ പരസ്പരം ചുമതലാബോധത്തോടുകൂടിപെരുമാറിയിരുന്നതിനാൽ അവരുടെ സ്നേഹത്തിന്റെ മാററു് തെല്ലും കുറയാതെ അവസാനം വരെ നിലനിന്നു.

കാലക്രമേണ ഇംഗ്ലീഷു് ജനതയുടെ കണ്ണിലുണ്ണിയായിരുന്ന തോമസ് മൂർ വലിയ സ്ഥാനങ്ങളിൽ നിയമിതനായി. വീണ്ടും പടിപടിയായി ഉയർന്നു് ഇംഗ്ലീഷ് പാർലമെൻറു സ്പീക്കറായും അവസാനം ചാൻസലറായും തിരിഞ്ഞെടുക്കപ്പെട്ടു അങ്ങനെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭരണചക്രം തിരിച്ച പ്രഗത്ഭമതിയായ ഒരു രാജ്യതന്ത്രജ്ഞനായിത്തീർന്നു സർ തോമസ് മൂർ. അന്നു് ചാൻസലർക്കു് നിയമപരമായും ഭരണസംബന്ധമായും ഉണ്ടായിരുന്ന അധികാരം വളരെ വിപുലമായിരുന്നു. ഈ ഉന്നതപദവിയിലും അദ്ദേഹത്തിന്റെ വിനയം പ്രശംസാർഹം തന്നെ. എല്ലാ ദിവസവും സ്വന്തം പിതാവിന്റെ അനുഗ്രഹം വാങ്ങിക്കൊണ്ടാണു് ആ ചാൻസലർ കച്ചേരിയിൽ പോയിരുന്നതു്. ആ മഹനീയ സ്ഥാനം അലങ്കരിച്ചിരുന്നപ്പോൾ പോലും അദ്ദേഹം ദേവാലയത്തിൽ പാട്ടുകാരോടൊന്നിച്ചു് പാടി തിരുക്കർമ്മങ്ങളിൽ സഹായിച്ചിരുന്നു. ഇതുകണ്ടു് അത്ഭുതപ്പെട്ടു് അദ്ദേഹത്തോടു് ഒരാൾ ഇപ്രകാരം ചോദിച്ചു: "ചാൻസലർ പള്ളിയിലെ പാട്ടുകാരനോ? ഇതു് രാജാവിനേയും ആ പദവിയേയും അപമാനിക്കുകയല്ലേ?" അതിനു് അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു: "നമ്മുടെ രാജാവിന്റെയും യജമാനനായ ദൈവത്തിനുവേണ്ടിയുള്ള ഈ ശുശ്രൂഷ നമ്മുടെ യജമാനനായ രാജാവിനും ഇഷ്ടകരമല്ലയോ?"

ഏററവും അനുകരണീയനായ ആ മഹാത്മാവിന്റെ കുടുംബജീവിതം നമുക്കു മാതൃകയായിരിക്കട്ടെ. അദ്ദേഹം തന്റെ കുഞ്ഞുങ്ങളുടെ സ്വഭാവരൂപവല്ക്കരണത്തിലും വിദ്യാഭ്യാസത്തിലും വളരെ ശ്രദ്ധാലുവായിരുന്നു. ദൈവം തനിക്കു നൽകിയ ഓമനസന്താനങ്ങളെ ദൈവത്തിനിഷ്ടപ്പെട്ടവരായി വളർത്തുന്നതിനു് വളരെ ത്യാഗങ്ങൾ സഹിച്ചു. അവരെ ഉത്തമ അദ്ധ്യാപകരുടെ ശിക്ഷണത്തിൽ വിദ്യാഭ്യാസം ചെയ്യിക്കുകയും ധാരാളം നല്ല പുസ്തകങ്ങൾ അവർക്കു വായിക്കുവാനായി ശേഖരിക്കുകയുംചെയ്തു. ഒരു വിദ്യാലയം സ്വന്തമായി ആരംഭിച്ചു് സൽസ്വഭാവികളായ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ സാധുക്കളായ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസസൗകര്യംനൽകി.

തന്റെ ഔദ്യോഗികജീവിതത്തിൽ പലപ്പോഴും സ്വന്തഭവനത്തിൽനിന്നും അകന്നു് അനേകം ദിവസങ്ങൾ വിദേശങ്ങളിൽ കഴിയേണ്ടതായി വന്നിട്ടുണ്ടു്. ആ അവസരങ്ങളിലെല്ലാം തന്റെ കുടുംബാംഗങ്ങളുമായുള്ള ബന്ധം ഒരു പ്രകാരവും ശിഥിലമാകാതിരിക്കുവാൻ അദ്ദേഹം വളരെ കരുതലോടുകൂടി പ്രവർത്തിച്ചിരുന്നു. തന്റെ കുഞ്ഞുങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിലും അവരുടെ സ്വഭാവരൂപവല്ക്കരണത്തിലും വളരെ നിഷ്കർഷയോടുകൂടി പെരുമാറി. വിദേശങ്ങളിലായിരുന്നപ്പോൾ തന്റെ കുട്ടികൾക്കു എഴുതിയിരുന്ന എഴുത്തുകൾ മിക്കവയും ഇക്കാര്യത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ശ്രദ്ധ എന്തുമാത്രമായിരുന്നുവെന്നു വിളിച്ചറിയിക്കുന്നു. അവയോരോന്നും തന്റെ വത്സലസന്താനങ്ങളിലുള്ള അല്പമായ ദൂഷ്യങ്ങളെപ്പോലും പരിവർജ്ജിക്കുന്നതിനും, അവരുടെ വിജ്ഞാനവർദ്ധനവിനും ഉതകുന്നവയായിരുന്നു. അദ്ദേഹം ഓരോ കുട്ടികളുടേയും സ്വഭാവം സസൂക്ഷ്മം നിരീക്ഷണംചെയ്തു് അവരെ സൽപന്ഥാവിൽക്കൂടി നയിക്കുന്നതിനു പ്രയത്നിച്ചിരുന്നു.

ആ വത്സലപിതാവിന്റെ സാന്നിദ്ധ്യം തന്റെ കുടുംബാംഗങ്ങളുടെ ആഹ്ലാദത്തെ ശതഗുണീഭവിപ്പിക്കും. അദ്ദേഹത്തിന്റെ ഫലിതസമ്മിശ്രമായ സംസാരം ഗൃഹാന്തരീക്ഷത്തിൽ നവജീവൻ ഉളവാക്കുകയായി. ഭാര്യയായ ആലീസ് ഗൃഹഭരണകാര്യങ്ങളിൽ വൈഭവമുള്ള ഒരു സ്ത്രീരത്നമായിരുന്നുവെങ്കിലും ചില ചെറിയ ന്യൂനതകൾക്കു അധീനയായിരുന്നു. അവയോരോന്നും തോമസ് മൂർ കണ്ടുപിടിച്ചു് ഫലിതരൂപത്തിലുള്ള ശാസനങ്ങളാൽ പരിഹരിച്ചിരുന്നു. അങ്ങനെ ആ ഭവനം ശാന്തിയുടേയും സമൃദ്ധിയുടേയും കേളീരംഗമായി പരിലസിച്ചു. ഒരു മാതൃകാപിതാവെന്ന നിലയിൽ തന്റെ സന്താനങ്ങളുടേയും ഉത്തമഭർത്താവെന്ന നിലയിൽ ആലീസിന്റെയും സ്നേഹബഹുമാനങ്ങൾ ആർജ്ജിക്കുവാനും ആ കുടുംബത്തിൽ സന്തോഷവും സംതൃപ്തിയും ഉളവാക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു.

ഈ കാലഘട്ടത്തിൽ വിശുദ്ധന്റെ ജീവിതവും ധീരമരണവും നമുക്കു പ്രചോദനം നൽകട്ടെ. ഇംഗ്ലണ്ടിലെ രാജാവായ ഹെൻ റി എട്ടാമൻ തന്റെ ഭാര്യയായ കാതറൈൻരാജ്ഞിയെ പരിത്യജിച്ചിട്ടു്, ആനിബൊളിൻ എന്ന സ്ത്രീയെ വിവാഹം ചെയ്യുവാൻ നിശ്ചയിച്ചു. അതിനുവേണ്ടി കാതറൈനുമായുള്ള വിവാഹം അസാധുവായിരുന്നുവെന്നു വിധികല്പിക്കുന്നതിനു് അദ്ദേഹം മാർപ്പാപ്പായോടപേക്ഷിച്ചു. പക്ഷെ പരിശുദ്ധപിതാവു് തിരുസഭാനിയമത്തിനനുയോജ്യമല്ലാത്ത ഹെൻ റിയുടെ ആഗ്രഹം സാധിച്ചുകൊടുത്തില്ല. അതിൽ അതൃപ്തനായ ഹെൻറി തന്റെ കാര്യസാദ്ധ്യത്തിനായി ഇംഗ്ലണ്ടിലെ സഭയുടെ തലവൻ താൻതന്നെയെന്നും, മാർപ്പാപ്പായ്ക്കു ഇംഗ്ലണ്ടിലെ സഭയുടെ മേൽ യാതൊരധികാരവുമില്ലായെന്നും പ്രഖ്യാപനംചെയ്തു. അങ്ങനെ സഭയുടെ തലവൻ എന്ന നിലയിൽ കാതറൈനുമായുള്ള തന്റെ വിവാഹം അസാധുവായിരുന്നുവെന്നു വിധികല്പിച്ചുകൊണ്ടു് ആനിബൊളിനെ വിവാഹം കഴിക്കണമെന്നുള്ളതായിരുന്നു ഹെൻ റിയുടെ ഉന്നം. ഇപ്രകാരം ആ പ്രവൃത്തി നിയമസാധുത്വമുള്ളതാക്കിത്തീർക്കാമല്ലോ. ഇംഗ്ലണ്ടിലെ സഭയുടെ തലവൻ രാജാവു തന്നെയെന്നു ഇംഗ്ലീഷ്ജനതയെക്കൊണ്ടു് അംഗീകരിപ്പിക്കുന്നതിനായിരുന്നു പിന്നീടുള്ള പരിശ്രമം.

"ഇംഗ്ലണ്ടിലെ രാജാവിനെ സഭയുടേയും തലവനായി സ്വീകരിക്കുന്നു" എന്നുകൂടി പ്രതിപാദിക്കുന്ന ഒരു ബില്ലിൽ തന്റെ സമ്മതം രേഖപ്പെടുത്തി ഒപ്പുവയ്ക്കുന്നതിനായി തോമസ്മൂറിനോടു ആവശ്യപ്പെട്ടു. എന്നാൽ തിരുസഭയുടെ തലവനായ പരിശുദ്ധ മാർപ്പാപ്പായുടെ സ്ഥാനത്തെ നിഷേധിക്കുവാൻ തോമസ്മൂർ തയാറായില്ല. നേരെമറിച്ചു് ഹെൻ റിയുടെ ഉദ്ദേശത്തിനു വിപരീതമായി കത്തോലിക്കാതത്വസംഹിതകളിൽ അഗാധപണ്ഡിതനായിരുന്ന സർ തോമസ്മൂർ അതിനെ ശക്തിയുക്തം എതിർക്കുകയാണുണ്ടായതു്. ഹെൻ റി എന്തിനുവേണ്ടി ഈ കുതന്ത്രങ്ങൾ സ്വീകരിച്ചുവെന്നു് ശരിക്കും ഗ്രഹിച്ചുകൊണ്ടു് "ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" എന്നു പദേശിക്കുകമാത്രംചെയ്തു. പക്ഷെ കാമാന്ധനായ ഹെൻറിയിൽ അതു യാതൊരു ചലനവും

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടം കൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിററഡ്
എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി,
ചാലക്കുടി, വില്ലിംഗ്ഡൺദ്വീപ്.

ലീജിയൻ പംക്തി

# ലീജിയന്റെ വിജയം അതിന്റെ ശിക്ഷണത്തിൽ അടങ്ങിയിരിക്കുന്നു

## കേരളലീജിയനു് ബ്രദർ ഡിസൂസായിൽനിന്നു ലഭിച്ച നിർദ്ദേശങ്ങൾ




കേന്ദ്രസമിതിയുടെ പ്രതിനിധി എന്ന നിലയിൽ ഭാരതത്തിന്റെ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ചു് മരിയസൈന്യത്തിനു് ചൈതന്യവും ഉത്തേജനവും നൽകിവരുന്ന ലീജിയൻ എൻവോയി ബ്രദർ സെസിൽ ഡിസൂസാ കേരളീയരായ ലീജിയൻകാർക്കു സുപരിചിതനാണു്. കേരളസെനാത്തുസ് ഉദ്ഘാടനയോഗത്തിൽ കേന്ദ്രസമിതിയുടെ പ്രതിനിധി എന്ന നിലയിൽ അദ്ദേഹം സംബന്ധിക്കയും, സെനാത്തുസിന്റെ ഉത്കർഷത്തിനും ലീജിയന്റെ അഭിവൃദ്ധിക്കും ഉപയുക്തമായ വിലയേറിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പുതുതായി രൂപീകരിക്കപ്പെട്ട കേരളാസെനാത്തുസും അതിന്റെ നിയന്ത്രണത്തിൽ നിലകൊള്ളുന്ന എല്ലാ ലീജിയൻസമിതികളും മരിയചൈതന്യത്തിലും പ്രേഷിതപ്രവൃത്തിയിലും അഭിവൃദ്ധിപ്രാപിക്കുവാൻ അദ്ദേഹം ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. അടുത്ത അവസരത്തിൽ കേരളസെനാത്തുസിലേക്കു് അയച്ച ശ്രദ്ധേയമായ കത്തിൽ ലീജിയൻസംഘടനയുടെ ഗാഢമായ പര്യാലോചനയ്ക്കു വിഷയീഭവിക്കേണ്ട പലതിനേയും ഉൾക്കൊള്ളിച്ചിരിക്കുന്നു.

ലോകത്തിനും അതിന്റെ ദുഃശക്തികൾക്കുമെതിരായി സഭ നടത്തുന്ന നിരന്തരസമരത്തിൽ സേവനംചെയ്യുന്നതിനു്, സഭാധികാരികളുടെ അനുമതിയോടെ എല്ലാ പ്രസാദവരങ്ങളുടേയും മദ്ധ്യസ്ഥയായ കന്യകമറിയത്തിന്റെ നിയന്ത്രണത്തിൽ രൂപീകൃതമായ ഒരു സൈനികസംഘടനയാണു് ലീജിയൻ.

സൈനികമായ രീതിയിൽ രൂപീകൃതമായ സംഘടനയിലെ അംഗങ്ങൾ അതിന്റെ നിയമങ്ങൾ നിഷ്ക്കർഷാപൂർവ്വം പാലിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നു. സൈനികനിരയുടെ വിജയം അതിന്റെ ശിക്ഷണത്തിൽ അത്രെ സ്ഥിതിചെയ്യുന്നതു്. പ്രധാനമായി അംഗങ്ങൾ പ്രസീദിയം മീററിംഗിലും സമിതികളുടെ യോഗങ്ങളിലും പതിവായി ഹാജരാകണം. എല്ലാ അംഗങ്ങളും മീററിംഗുകളിൽ ഹാജരാകണം എന്നു് എത്രതന്നെ ഊന്നിപ്പറഞ്ഞാലും അതു അധികമായി എന്നു വരുന്നതല്ല. സമിതികളിൽ 50 ശതമാനത്തിൽ കുറവുള്ള ഹാജർ വളരെ താണതാണു്. 60 ശതമാനത്തിനും 70 ശതമാനത്തിനും മദ്ധ്യേയുള്ള ഹാജർ തൃപ്തികരം. അതിൽ കൂടുതൽ ഉള്ളപക്ഷം ഹാജർ വളരെ നന്നു്. അതിനാൽ എല്ലാ സൈനികരും പ്രതിവാരസമ്മേളനത്തിൽ പ്രതിബന്ധങ്ങളെ തട്ടിമാററി പതിവായി സംബന്ധിക്കുവാൻ സന്നദ്ധരാകണം. വടക്കെ ഇൻഡ്യയിൽ ചില രാജ്യങ്ങളിലും ഫിലിപ്പൈൻദ്വീപു തുടങ്ങിയ സ്ഥലങ്ങളിലും കാടും മേടും കടന്നു് കാൽനടയായിതന്നെ അനേകം മൈൽ സഞ്ചരിച്ചു സമിതികളിൽ ഹാജരാകുവാൻ മരിയസൈനികർ ഉൽസുകരാണു്. പ്രസീദിയമീററിംഗുകളിലേയും സമിതികളിലേയും ഭാഗഭാഗിത്വം അംഗങ്ങൾ ഒന്നുകൂടി കാര്യമായി വിലമതിച്ചാൽ ഹാജർ കുറഞ്ഞുപോകാതെ തുടർന്നുകൊണ്ടു പോകാവുന്നതാണു്.

അന്ധകാരശക്തികളുടെ മുന്നേററം കേരളത്തിൽ പ്രത്യേകിച്ചും അനിയന്ത്രിതമായ നിലയിൽ വർദ്ധിച്ചുവരുന്നു. കേരളലീജിയന്റെ പ്രവർത്തനങ്ങളേയും അഭിവൃദ്ധിയേയും കൺസീലിയം ശ്രദ്ധാപൂർവ്വം വീക്ഷിക്കുകയാണു്. കൺസീലിയം മാത്രമല്ല, ലോകംമുഴുവനും കേരളത്തിലെ സ്ഥിതിഗതികൾ ഉററുനോക്കുന്നു. ലീജിയൻനാഥയിൽ ആശ്രയിച്ചുകൊണ്ടു്, അലസതാമനോഭാവം വെടിഞ്ഞു്, സൈനികോചിതമായ ധീരതയോടെ പ്രവർത്തിക്കുവാൻ ഓരോ അംഗവും പരിശ്രമിക്കണം. ശത്രുസമൂഹം അബദ്ധസിദ്ധാന്തങ്ങൾ അനുസ്യൂതം വാരിവിതറുമ്പോൾ മരിയസൈനികർ നിയമാനുസാരം പ്രവർത്തിക്കുന്നതിൽ വിമുഖരാകുക അഭികാമ്യമോ?

മരിയസൈന്യത്തിന്റെ വിജയം അതിന്റെ ശിക്ഷണത്തിൽ അടങ്ങിയിരിക്കുന്നു. പ്രതിവാരമീററിംഗിൽ ഹാജരാകുക, രണ്ടാഴ്ചയിൽ 2 മണിക്കൂർ പ്രേഷിതജോലിക്കായി ചെലവഴിക്കുക തുടങ്ങിയ മൗലികനിയമങ്ങൾ അനുസരിച്ചു് ലീജിയൻനിയമങ്ങൾ കൃത്യമായി പാലിക്കണം. രണ്ടു മണിക്കൂർ ആഴ്ചയിൽ ജോലിചെയ്യാത്ത ഒരാൾ ലീജിയൻ അംഗം എന്ന പേരിനെ അർഹിക്കുന്നില്ല. നരകസർപ്പത്തിന്റെ തലയെ തകർക്കുകയും ക്രിസ്തുവിന്റെ സാമ്രാജ്യം വിസ്തൃതമാക്കുകയും ചെയ്യുക എന്നുള്ള മറിയത്തിന്റെ ജോലി സഭയുടേയും ജോലിതന്നെയാണു്. ഇതേജോലിയിൽ സഹകരിക്കുകയത്രെ ലീജിയന്റെ ചുമതല. പ്രതിവാരപ്രവർത്തനത്തിൽ പരാജയംപററാതെ മുമ്പോട്ടുപോകുക. മരിയസൈന്യത്തിനു ഹൃദയംഗമമായ വിജയാശംസകൾ നേർന്നുകൊള്ളുന്നു.

(പ്രസിഡണ്ടു്,
കേരളാസെനാത്തുസ്)

ഉളവാക്കിയില്ല. പ്രത്യുത തോമസ് മൂറിന്റെ സമ്മതം ലഭിക്കുന്നതിനായി തന്റെ അടവുകൾ സ്വീകരിക്കുകയാണു ചെയ്തതു്.

ആദ്യമായി ദൈവത്തിന്റെ ആജ്ഞകളെ അനുസരിക്കുക; അതാണു് അവിടത്തെ മക്കളായ നമ്മുടെ കർത്തവ്യം എന്നു് തന്റെ കുട്ടികളെ പഠിപ്പിച്ചിരുന്നതിനെ പ്രായോഗികമായി താൻതന്നെ കാണിച്ചുകൊടുക്കുന്നതിനു് അദ്ദേഹം സന്നദ്ധനായി. ദൈവകല്പനകൾക്കു വിരുദ്ധമായ രാജശാസനകളെപ്പോലും വീറോടെ നിഷേധിക്കുവാനുള്ള ആത്മധൈര്യം ആ ക്രിസ്തുവിൻപടയാളിയിൽ നിക്ഷിപ്തമായിരുന്നു. തന്റെ ഇംഗിതത്തിനു വഴിപ്പെടാത്തതിൽ കുപിതനായ ഹെൻറി ഇത്രയും നാൾ തന്റെ സ്നേഹാദരങ്ങൾ ആർജ്ജിച്ച തോമസ് മൂറിനെ നിർദ്ദയം വധിക്കുവാനാണു നിശ്ചയിച്ചതു്.

തന്റെ മിത്രമായി പരിഗണിച്ചു് ഉപദേശം ആരാഞ്ഞിരുന്ന ഹെൻറി ഇപ്പോൾ ഇതാ തനിക്കെതിരായി ഫണമുയർത്തിയിരിക്കുന്നു. ഇതിനു അദ്ദേഹത്തെ നിർബന്ധിതനാക്കിയ സംഗതി എന്താണെന്നു നമ്മൾ കണ്ടുകഴിഞ്ഞു. ആത്മരക്ഷയ്ക്കു വിഘ്നം വരുത്തുന്ന ഈ നാരകീയശക്തിയുടെ വിജയമാണു് അനേകായിരങ്ങളെ നാശഗർത്തത്തിലേക്കു തള്ളിവിടുന്നതു്. അതിനടിമയായാൽ വിമുക്തിപ്രാപിക്കുക അസാദ്ധ്യംതന്നെ. കൂടാതെ അതിനു വിഘാതമായിത്തീരുന്ന എന്തിനേയും മനസ്സാക്ഷിയുടെ പ്രചോദനത്തെ വകവയ്ക്കാതെ നിർലജ്ജം നിഷേധിക്കുന്നതിനും നശിപ്പിക്കുന്നതിനും മുതിരുകയാൽ തനിക്കും മററനേകർക്കും അതു നാശകാരണമായിത്തീരുകയും ചെയ്യുന്നു. അത്തരത്തിലുള്ള ഒരു പ്രവൃത്തിയുടെ പ്രത്യാഘാതമല്ലേ വി. തോമസ് മൂറിനും നേരിടേണ്ടിവന്നതു്?

അന്യായമായി മരണത്തിനു വിധിക്കപ്പെട്ടു് കാരാഗൃഹവാസമനുഭവിക്കുന്ന അവസരത്തിൽ അദ്ദേഹത്തിനു പല പ്രലോഭനങ്ങളേയും ജയിക്കേണ്ടിയിരുന്നു. രാജാവിന്റെ അഭിഷ്ടാനുസരണം പ്രവർത്തിച്ചു് മരണശിക്ഷയിൽനിന്നും വിമുക്തനായി ഉന്നതപദവിയിൽ നിലനില്ക്കുവാനുള്ള ഉപദേശം ഒരുവശത്തു്. തന്റെ ഇഷ്ടപ്രേയസിയേയും വത്സലസന്താനങ്ങളേയും എന്നന്നേക്കുമായി പിരിയുന്നതിലുള്ള ഖേദമതങ്ങനെ. ഇവയെല്ലാം നിഷ്പ്രയാസം ജയിക്കുവാൻ തന്റെ അടിയുറച്ച ക്രിസ്തീയവിശ്വാസം അദ്ദേഹത്തിനു പ്രചോദനംനൽകി. അങ്ങനെ സുസ്മേരവദനനായി രാജകിങ്കരന്മാരുടെ ഖഡ്ഗത്താൽ ക്രി. വ. 1535-ാമാണ്ടു് ജൂലായ് 6-ാംനു- തന്റെ ജീവനെ ക്രിസ്തുവിനു ബലിയർപ്പിച്ചു. നാലുനൂററാണ്ടുകൾക്കുശേഷം സർ തോമസ് മൂറിനെ പതിനൊന്നാം പീയൂസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് വിശുദ്ധനെന്നു നാമകരണവും ചെയ്തു.

ഈ വിശുദ്ധൻ നമ്മുടെ മാർഗ്ഗദർശിയായിരിക്കട്ടെ കേരളകത്തോലിക്കരായ നമുക്കു അനതിവിദൂരഭാവിയിൽ അഭിമുഖീകരിക്കേണ്ടിവന്നേക്കാവുന്ന വിഷമപ്രശ്നങ്ങളെ സധീരം നേരിട്ടു് വിജയം കൈവരിക്കുന്നതിനു ഈ വിശുദ്ധന്റെ മാദ്ധ്യസ്ഥമപേക്ഷിക്കാം.

---

(11-ാംപേജ് തുടർച്ച)

ററില്ലാത്ത വെളിപാടുകൾ അവയിൽ ഉൾപ്പെട്ടിരിക്കുന്നുവെന്നതുകൊണ്ടുമല്ല. പ്രത്യുത പരിശുദ്ധാത്മാവിന്റെ നിവേശനത്താൽ എഴുതപ്പെട്ടിട്ടുള്ള ഇവയുടെ കർത്താവു ദൈവംതന്നെയായിരിക്കുന്നതുകൊണ്ടും ആ നിലയിൽ അവ സഭയ്ക്കു നൽകപ്പെട്ടിരിക്കുന്നുവെന്നതുകൊണ്ടുമാകുന്നു."

പതിമൂന്നാം ലെയൊ മാർപ്പാപ്പാ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്: "താൻ കല്പിച്ചവ—അവമാത്രം—അവർ ശരിയായി ഗ്രഹിക്കുകയും വിശ്വസ്തതയോടെ എഴുതാൻ മനസ്സാകുകയും തക്കവിധത്തിൽ അപ്രമാദമായ സത്യതയോടുകൂടി പ്രസ്താവിക്കുകയും ചെയ്യത്തക്കവണ്ണം സ്വഭാവാതീതമായ ശക്തിയാൽ അവിടുന്നു അവരെ എഴുതുവാൻ പ്രേരിപ്പിക്കുകയും, ഇളക്കുകയും, എഴുതുമ്പോൾ അവരോടുകൂടെ സന്നിഹിതനായിരിക്കുകയും ചെയ്തു......വിശുദ്ധ അഗസ്റ്റിനോസ് പറയുന്നു: "ആകയാൽ ദൈവം അവർക്കു കാണിച്ചുകൊടുക്കുകയും അവരോടു അരുളിച്ചെയ്യുകയുംചെയ്ത സംഗതികൾ അവർ എഴുതിയ സ്ഥിതിക്കു് എഴുത്തുകാരൻ അവിടുന്നല്ലെന്നു പറയുവാൻ നിവൃത്തിയില്ല എന്തുകൊണ്ടെന്നാൽ ശിരസ്സു പറഞ്ഞുകൊടുത്തതു് അംഗങ്ങൾ എഴുതിയെന്നേയുള്ളു" (പഞ്ചഗ്രന്ഥി പുറം 30)

സുവിശേഷങ്ങളുടെ സാക്ഷാൽ കർത്താവു പരിശുദ്ധാത്മാവായിരിക്കുന്ന സ്ഥിതിക്കു ആരും സമീപത്തില്ലാതിരുന്ന അവസരത്തിൽ ക്രിസ്തു എന്തെങ്കിലും പറയുകയോ പ്രവൃത്തിക്കുകയോ ചെയ്തിരുന്നാൽതന്നെ, സുവിശേഷകന്മാർക്കു് അവ ഗ്രഹിക്കുന്നതിനും രേഖപ്പെടുത്തിവയ്ക്കുന്നതിനും വിഷമമില്ലല്ലോ.

# കരിയാററി മാർ ജോസഫ് മെത്രാപ്പോലീത്താ

(ററി. കെ. വക്കി, ചേർത്തല)

കേരളക്രൈസ്തവചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിച്ച ഒരു പുണ്യശ്ലോകനാണു്, കരിയാററി മാർ ജോസഫ് മെത്രാപ്പോലീത്താ. നീണ്ട രണ്ടു ശതാബ്ദങ്ങൾക്കു മുമ്പായി അലയാഴികൾക്കപ്പുറം റോമിലെ വിശുദ്ധനഗരത്തിലെത്തി കേരളക്രൈസ്തവരിൽനിന്നു് ഇദംപ്രഥമമായി വിദേശഭാഷകളഭ്യസിക്കുകയും, വിഖ്യാതമായ പ്രൊപ്പഗാന്താ കോളേജിൽ വൈദികവിദ്യാഭ്യാസം നടത്തി മലയാളികളിൽനിന്നു പ്രഥമമായി സമുന്നതഡിഗ്രികൾ സമ്പാദിക്കുകയും ചെയ്ത പണ്ഡിതവരേണ്യനായിരുന്നു റവ. ഡോക്ടർ ജോസഫ് കരിയാററി. കേരളക്രൈസ്തവരിൽനിന്നു് മെത്രാപ്പോലീത്താസ്ഥാനത്തിൽ പ്രഥമമായി അഭിഷിക്തനായ പൂജ്യപുരുഷനും ഇദ്ദേഹമായിരുന്നു.

കേരളത്തിലെ സുറിയാനി ക്രൈസ്തവസമുദായത്തിന്റെ ശ്രേയോഭിവൃദ്ധിക്കായി ജീവിതം ബലിയർപ്പിച്ച സുകൃതചരിതനായ ആ വീരയോദ്ധാവിന്റെ ഭൗതികാവശിഷ്ടം ഇപ്പോഴും ഗോവാ ഭദ്രാസനദേവാലയത്തിൽ അന്ത്യവിശ്രമംകൊള്ളുകയാണു്. ചരിത്രസ്മരണീയനായ ഇദ്ദേഹത്തിന്റെ 171-ാമതു ചരമദിനം ഇതാ സമാഗതമാകുന്നു. ഈ സ്മരണീയഘട്ടത്തിൽ അദ്ദേഹത്തെ നാം അനുസ്മരിക്കുകയും പ്രാർത്ഥിക്കുകയും ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്യേണ്ടതു് സമുദായാംഗങ്ങൾ ഏവരുടേയും കർത്തവ്യമാണല്ലോ. ഇത്തരുണത്തിൽ അദ്ദേഹത്തെപ്പററിയുള്ള ഒരു സംക്ഷിപ്ത വിവരണം "സത്യദീപം" വായനക്കാർക്കു പ്രയോജനപ്രദമാകുമെന്നു വിശ്വസിക്കുന്നു.

## മല്പാനും സമുദായസേവകനും

24-ാമത്തെ വയസ്സിൽ വിദേശത്തെ വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി വിജയശ്രീലാളിതനായി സ്വദേശത്തു മടങ്ങിയെത്തിയ റവ. ഡോക്ടർ കരിയാററിയെ ആലങ്ങാട്ടുപള്ളിയിൽ അക്കാലത്തും പ്രശസ്തമായി നടന്നുവന്നിരുന്ന വൈദികസെമ്മിനാരിയിലെ മല്പാനായി അധികാരികൾ നിയമിച്ചു. വൈദികരുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുവാനും പരിഷ്കൃതമാക്കിത്തീർക്കുവാനും ഡോക്ടർ കരിയാററി അക്കാലത്തു് അവിശ്രമപരിശ്രമം ചെയ്തു. അതോടൊപ്പം സമുദായശ്രേയസ്സിനുവേണ്ടി മററു പല യത്നങ്ങളിലും ഈ സമുദായസ്നേഹി ഏർപ്പെട്ടിരുന്നു. 1653-ലെ കൂനങ്കുരിശുസത്യത്തെത്തുടർന്നു കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളിൽ നല്ലൊരു വിഭാഗം മാർപ്പാപ്പായുടെ പതാകയിൻകീഴിൽനിന്നു തെററി വാശിപൂർവ്വം പുത്തൻകൂർ സ്വീകരിക്കുകയുണ്ടായല്ലോ? കേരളസഭയുടെ വിദേശഭരണാധിപത്യം അവസാനിപ്പിക്കുന്നതിനും സ്വജാതിമെത്രാനെ ലഭിക്കുന്നതിനും, ശതവത്സരങ്ങളായി ഇവിടെ നടന്നുവന്ന സമുദായപരിഷ്കരണപരിശ്രമങ്ങൾ സഫലമാകാതെ അന്നത്തെ ഒരു പ്രത്യേകസാഹചര്യത്തിൽ സംഭവിച്ച ഒരു വിപ്ലവഫലമാണല്ലോ, കൂനങ്കുരിശുസത്യവും പുത്തൻകൂർ ചേരിതിരിവും? തദവസരത്തിൽ റോമിൽനിന്നു കേരളത്തിലേക്കു പ്രത്യേകം നിയോഗിതരായ അപ്പസ്തോലിക്കമ്മിസറി മാർ സെബസ്ത്യാനിപ്രഭൃതികളുടെ ഇവിടത്തെ അശ്രാന്തപരിശ്രമഫലമായി ഒരു വലിയ വിഭാഗം ജനങ്ങൾ പുത്തൻകൂറുപേക്ഷിച്ച പിന്തിരിഞ്ഞുവരികയും ജനാഭിലാഷത്തെ മാനിച്ചു് കുറവിലങ്ങാട്ടുപള്ളി വികാരിയായിരുന്ന പള്ളിവീട്ടിൽ മാർ ചാണ്ടിമെത്രാനെ കേരളത്തിൽ നാട്ടുമെത്രാൻസ്ഥാനത്തു് അഭിഷേചിക്കുകയുംചെയ്തു. ആ കാലഘട്ടം ഒന്നു തരണംചെയ്തതിനുശേഷം പിന്നീടും കേരളത്തിൽ വിദേശഭരണമേധാവിത്വം വർദ്ധിക്കുകയും കേരളസഭയുടെ സ്വാതന്ത്ര്യാഭിലാഷശബ്ദം ഉയരുകയുംചെയ്തു. കരിയാററിമല്പാന്റെ കാലത്തു് അതു പ്രകടമായിത്തീർന്നിരുന്നു.

ഇതിനുംപുറമേ പുത്തൻകൂറിൽ യാക്കോബായസഭാംഗങ്ങളായി അന്നവശേഷിച്ചിരുന്ന എൺപതിനായിരത്തോളം ജനങ്ങളും പട്ടക്കാരും അവരുടെ ഭരണാധികാരിയായിരുന്ന ആറാം മാർത്തോമ്മാമെത്രാനുംകൂടി, കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുവാൻ അടുത്തകാലത്തു് മാർ ഇവാനിയോസു മെത്രാപ്പോലീത്താ തിരുമേനിയും മററും പുനരൈക്യപ്പെട്ടുവിധമുള്ള ചില വ്യവസ്ഥകൾക്കുൾപ്പെട്ട സമ്മതം പ്രകടിപ്പിക്കയും, കേരളജനത ആ പുനരൈക്യസംരംഭങ്ങളെ ആഹ്ലാദപൂർവ്വം സ്വാഗതംചെയ്യുകയും ചെയ്തിരുന്നു. എന്നാൽ അന്നത്തെ വിദേശഭരണാധികാരികൾ അക്കാര്യത്തിൽ വിലങ്ങുതടിയായി നിലകൊള്ളുകയാണുണ്ടായതു്. ഇപ്രകാരമുള്ള അന്നത്തെ സാമുദായികാവശ്യങ്ങൾ നേടുന്നതിൽ കരിയാററിമല്പാൻ അവിശ്രമപരിശ്രമങ്ങൾ നടത്തിയിരുന്നു.

## വീണ്ടും റോമായാത്ര

മേൽ പ്രസ്താവിച്ച പുനരൈക്യപ്രസ്ഥാനത്തിനു റോമാ സിംഹാസനാനുകൂല്യാനുമതികൾ നേടുന്നതിനും നാട്ടുമെത്രാൻ സ്ഥാനലബ്ധിക്കും ആയി, കേരളക്കരയിലെ പള്ളിപ്രതിനിധികളും വൈദികരും യോഗം ചേർന്നു കരിയാററി മല്പാനേയും പാറേമ്മാക്കൽ തോമ്മാക്കത്തനാരെയും റോമിലേക്കു പ്രയാണം ചെയ്യുവാൻ തിരഞ്ഞെടുത്തു നിയോഗിച്ചു. ആ സമുദായാജ്ഞയെ ശിരസാ വഹിച്ചു് അറിഞ്ഞുകൊണ്ടുതന്നെ അപകടകരവും ക്ലേശസമ്പൂർണ്ണവുമായ റോമാ യാത്രയ്ക്കു വീണ്ടും കരിയാററി മല്പാൻ തയ്യാറായി 1778-ൽ പുറപ്പെട്ടു. ഇവിടെനിന്നു മദ്രാസിൽ എത്തുവാൻതന്നെ അന്നു് 4-5 മാസക്കാലവും പിന്നീടു റോമിലെത്തുവാൻ രണ്ടുവർഷക്കാലവും വേണ്ടിവന്നുവെങ്കിൽ അക്കാലത്തെ യാത്രാവൈഷമ്യം ഊഹ്യമാണല്ലോ? അക്കൂട്ടത്തിൽ ശത്രുകൃതമായ പല വൈഷമ്യങ്ങളും ഇവർ നേരിടേണ്ടതായും വന്നിരുന്നു. വളരെ വൈഷമ്യങ്ങൾ സഹിച്ചു് അവിടെയെത്തിയശേഷവും, റോമിൽ ധാരാളം പരിചയവും സ്വാധീനവും സമ്പാദിച്ചിരുന്ന മല്പാനച്ചനു് 6-ാം പീയൂസ് മാർപ്പാപ്പായുടെ സന്നിധിയിലും മററധികാരസ്ഥാനങ്ങളിലും എത്തി തങ്ങളുടെ നിവേദനസമർപ്പണത്തിനും മററും പിന്നെയും കാലങ്ങൾ വളരെ നീളേണ്ട ദുരനുഭവമാണുണ്ടായതു്. കടുത്ത എതിർശക്തികളുടെ പ്രാതികൂല്യങ്ങളാൽ വളരെയേറെ പ്രതിബന്ധങ്ങളും വൈഷമ്യങ്ങളും നേരിട്ടുവെങ്കിലും സുകൃതശാലിയും കർമ്മധീരനും ആയ കരിയാററിമല്പാൻ അവയെല്ലാം തട്ടിത്തകർത്തു് നാട്ടിൽനിന്നു ഉദ്ദേശിച്ചു പുറപ്പെട്ട രണ്ടുകാര്യങ്ങളിലും വിജയശ്രീ കൈവരിക്കുകതന്നെ ചെയ്തു.

## കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ


ഡോക്ടർ കരിയാററിയുടെ സുകൃത പരിപാകത്താലും പ്രത്യേക ദൈവാനുഗ്രഹത്താലും മാർഗ്ഗമദ്ധ്യേ നേരിട്ട എല്ലാ വിപത്തുകളും പ്രതിബന്ധങ്ങളും നീങ്ങി വിജയസാദ്ധ്യതയുണ്ടായ കൂട്ടത്തിൽ, പോർട്ടുഗൽ സിംഹാസനത്തിലെ അക്കാലത്തെ ഭരണാധിപയായിരുന്ന മേരി മഹാരാജ്ഞിയുടെ സവിശേഷാനുകൂല്യവും അദ്ദേഹത്തിനു സിദ്ധിച്ചു. കേരളത്തിലെ സഭാഭരണപരമായി പോർട്ടുഗൽ സിംഹാസനത്തിനു് അന്നും പ്രത്യേകം ചില അധികാരാവകാശങ്ങൾ റോമാ തിരുസിംഹാസനത്തിൽനിന്നുമുണ്ടായിരുന്നു. പ്രാരംഭഘട്ടത്തിൽ റോമാ തിരുസിംഹാസനസമക്ഷം ഡോക്ടർ കരിയാററിക്കു നേരിട്ട പരാജയങ്ങൾ എല്ലാം പിന്നീടു മേരിരാജ്ഞിയുടെ കാരുണ്യാതിരേകത്താൽ നീങ്ങുകയും കേരളത്തിലെ ജനങ്ങളുടെ നിവേദനങ്ങൾ മാർപ്പാപ്പാതിരുമേനി പിന്നീടു കാരുണ്യപൂർവ്വം ശ്രവിക്കുകയും, യാഥാർത്ഥ്യങ്ങൾ വേണ്ടവിധം അവിടെ ഗ്രഹിക്കുകയും ചെയ്തു. ഏതൽഫലമായി അക്കാലത്തെ യാക്കോബായ പുനരൈക്യാഭിലാഷത്തിനു് കേരളസഭയുടെ ഇംഗിതാനുസരണമുള്ള കല്പന സിദ്ധിക്കുകയും കൊടുങ്ങല്ലൂർ അതിരൂപതയുടെ ആർച്ചുബിഷപ്പും കേരളസഭയുടെ ഏതദ്ദേശവൈദികമേലധികാരിയുമായി പുണ്യശ്ലോകനായ ഡോക്ടർ ജോസഫ് കരിയാററിയെത്തന്നെ കല്പിച്ചുനിശ്ചയിക്കുകയുമുണ്ടായി. അതേത്തുടർന്നു മേരി മഹാരാജ്ഞിയുടെ കാരുണ്യാതിരേകത്താൽ രാജ്ഞിയുടെ ചെലവിൽ പോർട്ടുഗൽരാജധാനിയിലെ ഒരു വിഖ്യാതദേവാലയത്തിൽവച്ചു് 1783 മാർച്ചു് 17-ാംനു- മലങ്കര സീറിയൻ സഭയിലെ പ്രഥമമെത്രാപ്പോലീത്താ സ്ഥാനികനും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുമായി കരിയാററി മാർ ജോസഫ് തിരുമേനിയുടെ അഭിഷേകകർമ്മം അവിടെവച്ചുതന്നെ സമംഗളം നടത്തുകയും ചെയ്തു. ഡോക്ടർ കരിയാററിയുടെ സുഹൃത്തും സഹചാരിയുമായിരുന്ന പ്രഗത്ഭമതിയായ പാറേമ്മാക്കൽ തോമ്മാക്കത്തനാരുമൊരുമിച്ചു് ഏഴെട്ടുകൊല്ലക്കാലത്തിനുശേഷം മെത്രാപ്പോലീത്താ തിരിയെ ഭാരതത്തിൽ ഗോവായിൽ വന്നെത്തുകയുംചെയ്തു.

## മാർ കരിയാററിയുടെ ചരമം

മെത്രാപ്പോലീത്തായും സെക്രട്ടറിയും ഗോവയിൽ വന്നെത്തിയെങ്കിലും കേരളസഭയുടെ അക്കാലത്തെ ഭരണമേലധികാരസ്ഥാനമായ അവിടെ കുറേക്കൂടി താമസിച്ചു് ഇവിടത്തെ ഭരണപരമായ പല കാര്യങ്ങളും ക്രമീകരിച്ചു ശരിപ്പെടുത്തിക്കൊണ്ടുപോരേണ്ടതായുണ്ടായിരുന്നു. അതിലേക്കുവേണ്ടി നാലഞ്ചുമാസക്കാലത്തെ താമസംകൂടി അവിടെ തിരുമേനിക്കും മററും വേണ്ടിവന്നു. ഇതിനിടയിൽ യാദൃച്ഛികസംഭവമെന്നവിധം 1786 സെപ്തംബർ 9-ാംനു- 45-ാമത്തെ വയസ്സിൽ കർമ്മപടുവായ ആ ധീരസേനാനി പെട്ടെന്നു ദിവംഗതനായി എന്ന കർണ്ണകഠോരമായ വാർത്തയാണു് കേരളീയർക്കു കേൾക്കുവാനിടയായതു്. "മലിഞ്ഞു്" എന്നു പേരായ ഒരുതരം വിഷപ്പനി പിടിപെട്ടാണു് തിരുമേനി പെട്ടെന്നു കാലധർമ്മം പ്രാപിച്ചതെന്നു പറയപ്പെടുന്നു.

സ്വസഭയ്ക്കും സമുദായത്തിനും വേണ്ടി ഭാവിഭവിഷ്യത്തുകളെപ്പററി ശരിയായി അറിഞ്ഞുകൊണ്ടുതന്നെ രണാങ്കണത്തിലിറങ്ങി സുധീരം പോരാടിയ ഒരു വീരസേനാനിയും പുണ്യശ്ലോകനും ആയിരുന്നു ഡോക്ടർ ജോസഫ് കരിയാററി തിരുമേനി തിരുമേ

(ശേഷം 3-ാംപേജിൽ)



വിമർശനപംക്തി

# രണ്ടാം പ്രമാണം

(തുടർച്ച)

5. ലേഖകൻ തുടർന്നു ഞങ്ങൾക്കെഴുതുകയാണ്: "മഹാരാജാവിന്റെ ഫോട്ടോ ആഘോഷങ്ങളിൽ പൊക്കിക്കൊണ്ടു നടക്കുന്നതും വീടുകളിൽ ഫോട്ടോ വെക്കുന്നതും പ്രതിമകളെ സല്യൂട്ട ചെയ്യുന്നതും വിഗ്രഹാരാധനയാണോ യെന്നു കത്തോലിക്കർ ചോദിക്കുന്നു. എന്റെ മരിച്ചുപോയ വല്യപ്പന്റെ ഫോട്ടോ ഞാനെടുത്തു വച്ചിട്ടുണ്ടെങ്കിൽ അതു കാണാനാണ്. അല്ലാതെ ആ രൂപത്തിന്റെ ദർശനമാത്രയിൽ ഞാൻ കൈകൂപ്പുകയോ മുട്ടുകുത്തുകയോ, പുഷ്പമാല്യങ്ങൾ അർപ്പിക്കുകയോ, കെടാവിളക്കു കത്തിക്കുകയോ, ഫോട്ടോയിരിക്കുന്ന മുറിയിൽ ഭക്ത്യാദരവുകളോടുകൂടി പ്രവർത്തിക്കയോ ചെയ്യുന്നില്ല. ഒരാളെയോ മറ്റോ സല്യൂട്ടു ചെയ്യുന്നതു ബഹുമാനാർത്ഥമാണ് അല്ലാതെ മേൽപ്രസ്താവിച്ചതുപോലെ പ്രവർത്തിക്കുകയൊന്നും ചെയ്യുന്നില്ല."

തന്റെ നിലപാട് എങ്ങനെയെന്നു ലേഖകൻതന്നെ ഒന്നുകൂടെ ആലോചിച്ച് ഉറപ്പിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. "മീതെ ആകാശത്തിൽ ഉള്ളതും താഴെ ഭൂമിയിൽ ഉള്ളതും ഭൂമിക്കു താഴെ വെള്ളത്തിലുള്ളതുമായ യാതൊരു വസ്തുവിന്റെ പ്രതിമയും യാതൊരു രൂപവും ഉണ്ടാക്കരുത്" എന്നു പുറപ്പാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതിൽനിന്നു്, "കാണാനായി" പ്രതിമകളും രൂപങ്ങളും ഉണ്ടാക്കാമെന്നു ലേഖകൻ സമ്മതിക്കുന്നുണ്ടല്ലോ. അത്രയും ആശ്വാസമായി. എന്നാൽ അതിനുപോലും പ്രതിരൂപങ്ങൾ ഉണ്ടാക്കുവാൻ പാടില്ലെന്നു ശഠിക്കുന്ന ചിലരുണ്ട്. അവരോടാണ്, മഹാരാജാവിന്റെ ഫോട്ടോ എഴുന്നള്ളിച്ചുകൊണ്ടു നടക്കുന്നതും വീടുകളിൽ ഫോട്ടോ വെക്കുന്നതും എന്തുകൊണ്ട് എന്നു കത്തോലിക്കർ ചോദിക്കുന്നത്. ഒരു പ്രതിരൂപവും ഉണ്ടാക്കിക്കൂടെന്നാണു കല്പനയെങ്കിൽ മഹാരാജാവിന്റെ പ്രതിരൂപമുണ്ടാക്കുന്നതും മരിച്ചുപോയ വല്യപ്പന്റെ ഫോട്ടോ എടുത്തുവെക്കുന്നതുമൊക്കെ കല്പനയ്ക്കു വിരുദ്ധമായ പാപങ്ങളായിരിക്കും. കത്തോലിക്കരുടെ ചോദ്യത്തിന്റെ പ്രസക്തി ഇപ്പോൾ ബോദ്ധ്യമായില്ലേ?

പ്രതിരൂപം ഉണ്ടാക്കുന്നതിൽ തെറ്റില്ല; അതിന്റെ മുൻപിൽ കൈകൂപ്പുകയോ മുട്ടുകുത്തുകയോ കെടാവിളക്കു കത്തിക്കുകയോ ചെയ്യുന്നതിലേ തെറ്റുള്ളു എന്നാണു ലേഖകന്റെ നിലപാടെന്നു തോന്നുന്നു. ലേഖകന്റെ വല്യപ്പന്റെ ഫോട്ടോ എടുത്തു വെച്ചിരിക്കുന്നതു കാണാനാണെന്നും, അതിന്റെ മുൻപിൽ അദ്ദേഹം കൈകൂപ്പുകയോ മുട്ടുകുത്തുകയോ കെടാവിളക്കു കത്തിക്കുകയോ അതിന്മേൽ പുഷ്പമാല്യങ്ങളർപ്പിക്കുകയോ ചെയ്യുന്നില്ലെന്നും അദ്ദേഹം പറയുന്നതിനെ അതേപടി ഞങ്ങൾ സ്വീകരിക്കുകയാണ്. എന്നാലുംകോൺസ്റ്റാന്റിനോപ്പിളിലെ എസ്സപ്പാനോസ് എന്ന സന്യാസിയുടെ കഥ ഞങ്ങൾ ഓർത്തുപോകുന്നു. അതെന്താണെന്നല്ലേ?

എട്ടാം നൂറ്റാണ്ടിൽ കോൺസ്റ്റാന്റിനോപ്പിൾ ചക്രവർത്തിയായിരുന്ന ലിയോ സ്വരൂപഭഞ്ജനം ആരംഭിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായ കോൺസ്റ്റന്റയിൻ കൊപ്രോണിമസ് അതു രാജ്യമാസകലം ഏറ്റം രൂക്ഷമായ തോതിൽ നടപ്പാക്കി. അക്കാലത്തു ജീവിച്ചിരുന്ന എസ്സപ്പാനോസ് എന്ന ഒരു നിർഭയനായ സന്യാസി ഒരു നാണ്യവുമായി ചക്രവർത്തിയുടെ സന്നിധിയിൽ ചെന്നു. "തിരുമേനി, ഇതിലെ പ്രതിരൂപം ആരുടേതാണ്?" എന്നു സന്യാസി ചോദിച്ചു. "എന്റേത്" എന്നു ചക്രവർത്തി പ്രത്യുത്തരിച്ചു. ഉടനെ ആ നാണയം താഴേക്കു വലിച്ചെറിഞ്ഞ് അതിന്മേൽ കയറി ചവുട്ടി. ചക്രവർത്തിയുടെ കിങ്കരന്മാർ ആജ്ഞ അനുസരിച്ചു സന്യാസിയെ പിടികൂടി നിർദ്ദയം വധിച്ചു. പക്ഷെ മരിക്കുന്നതിനു മുൻപ് അദ്ദേഹം ചക്രവർത്തിയോടു ചോദിച്ചു: "കഷ്ടം! നശ്വരനായ ഒരു രാജാവിന്റെ പ്രതിരൂപത്തെ ബഹുമാനിക്കാതിരുന്നതിന് അങ്ങ് എന്നെ നിർദ്ദയം ശിക്ഷിക്കുന്നു; അങ്ങനെയെങ്കിൽ അനശ്വരനായ ഈശോയുടെ പ്രതിരൂപങ്ങളെ അപമാനിക്കുന്നവർക്കുള്ള ശിക്ഷ എത്ര ഭയാനകമായിരിക്കും?"

ലേഖകൻ തന്റെ വല്യപ്പന്റെ ഫോട്ടോ എടുത്തു വെച്ചിരിക്കുന്നതു് കാണാനാണ്. ഞങ്ങൾ സമ്മതിക്കുന്നു. എന്നാൽ ഒന്നു ചോദിക്കുകയാണ്. അദ്ദേഹത്തിന്റെ ശത്രു മുറിയിൽ കയറിവന്നു ആ ഫോട്ടോ നിലത്തിട്ട് അതിന്മേൽ ചവിട്ടുകയാണെങ്കിലോ? സമചിത്തതയോടും പുഞ്ചിരിയോടും കൂടി അദ്ദേഹം അതു നോക്കിക്കൊണ്ടിരിക്കുമെന്നാണോ പറയുന്നത്? ഞങ്ങൾക്കു വിശ്വാസം വരുന്നില്ല. സ്വന്തം വല്യപ്പന്റെ ഫോട്ടോ അങ്ങനെ അനാദരിക്കപ്പെടുവാൻ രക്തബന്ധമുള്ള ഒരു പൗത്രൻ ഒരിക്കലും സമ്മതിക്കുകയില്ല. കാണാനാണു വച്ചിരിക്കുന്നതെങ്കിലും ഹൃദയത്തിന്റെ അഗാധത്തിൽ അതിനോട് ഒരു മമതാബന്ധവും ആദരവും ഉണ്ടെന്നല്ലേ ഇതു തെളിയിക്കുന്നത്? കൈകൂപ്പുന്നതിനെയും മുട്ടുമടക്കുന്നതിനെയും കെടാവിളക്കു കത്തിക്കുന്നതിനെയും കാൾ വലിയ ഒരു ആദരവല്ലേ ആ ഫോട്ടോയെപ്പറ്റി ഹൃദയത്തിൽ വച്ചു പുലർത്തിപ്പോരുന്നത്?

ഇനി "കൈകൂപ്പുകയോ, മുട്ടുകുത്തുകയോ, പുഷ്പമാല്യങ്ങളർപ്പിക്കുകയോ, കെടാവിളക്കു കത്തിക്കുകയോ, മുറിയിൽ ഭക്ത്യാദരവുകളോടുകൂടി വർത്തിക്കുകയോ ചെയ്യുന്നത്" ആരാധനയും തന്മൂലം നിഷിദ്ധവുമാണോ? ഒരു പ്രോട്ടസ്റ്റന്റു പണ്ഡിതൻ എഴുതിയിട്ടുള്ള താഴെക്കാണുന്ന ഖണ്ഡികയാണ് ഈ അവസരത്തിൽ ഓർമ്മവരുന്നത്. "ലോത്ത് ആ രണ്ടു ദൈവദൂതന്മാരുടെ മുൻപിൽ സാഷ്ടാംഗപ്രണാമം ചെയ്തപ്പോൾ, ബഹുമാന്യരായ അതിഥികളുടെനേരെ കാണിക്കുന്ന ഒരു മര്യാദമാത്രമായിരുന്നു അത്. യാക്കോബ് ഏശാവിന്റെ മുൻപിൽ ശിരസ്സു കുനിച്ചപ്പോൾ, അനുജൻ മൂത്ത ജ്യേഷ്ഠനോടു കാണിക്കുന്ന ഒരു ബഹുമാനം മാത്രമായിരുന്നു അത്. ശ്ലോമ്മോൻ ബെത്സാബിയുടെ മുൻപിൽ താണു കുമ്പിട്ടപ്പോൾ, ഒരു മകൻ അമ്മയോടു കാണിക്കുന്ന ആദരവായിരുന്നു അത്. ദാവീദിനു നേരേവന്ന നാഥാൻ, "ഭൂമിയോളം കുനിഞ്ഞ് ആരാധിച്ചു"വെങ്കിൽ, ഒരു പ്രജ രാജാവിനോടു കാണിക്കുന്ന ഭക്തിയായിരുന്നു അത്. ഒരു മനുഷ്യൻ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് സാഷ്ടാംഗപ്രണാമം ചെയ്യുന്നുവെങ്കിൽ സൃഷ്ടി സ്രഷ്ടാവിനെ ആരാധിക്കുകയാകുന്നു അത്. ഈ വിവിധ പ്രവർത്തനങ്ങൾ ചിലപ്പോൾ ആരാധന എന്ന പദംകൊണ്ടോ ചിലപ്പോൾ സാഷ്ടാംഗപ്രണാമം, വണക്കം മുതലായ പദങ്ങൾകൊണ്ടോ പ്രകാശിപ്പിക്കപ്പെട്ടിരുന്നാൽതന്നെ, ഉപയോഗിക്കുന്ന പദത്തിന്റെ കേവലമായ അർത്ഥമല്ലാ, ഓരോന്നിന്റെയും സ്വഭാവമാണ്, വ്യാഖ്യാതാക്കന്മാരെ നയിച്ചുകൊണ്ടിരിക്കുന്നത്.

"ഒരു ഇസ്രായേൽക്കാരൻ രാജാവിന്റെ മുൻപിൽ സാഷ്ടാംഗപ്രണാമം ചെയ്തപ്പോൾ, ആയാളിൽ വിഗ്രഹാരാധന ചുമത്തുവാൻ ആരും വിചാരിച്ചില്ല...കത്തോലിക്കർ വിശുദ്ധന്മാരോടും, തിരുശേഷിപ്പുകളോടും കുരിശുമരത്തിനോടും ബഹുമാനം കാണിക്കുവാൻ ചെയ്യുന്നതിനെപ്പറ്റി അപ്പോൾ നാമെന്താണു വിചാരിക്കേണ്ടത്? അവരുടെ ബഹുമാനപ്രവൃത്തികൾ, ദൈവത്തെ ബഹുമാനിക്കുന്നതിനായി അവർ സ്വീകരിക്കുന്ന പ്രവൃത്തികളോടു വളരെ സാമ്യമുണ്ടെന്ന സംഗതി അവർ നിഷേധിക്കുമെന്നു തോന്നുന്നില്ല. പക്ഷെ ദൈവത്തെപ്പറ്റി അവർക്കുള്ള ആശയങ്ങൾതന്നെയാണോ വിശുദ്ധന്മാരേയും തിരുശേഷിപ്പുകളേയും കുരിശിനേയുംപറ്റി അവർക്കുള്ളത്? ആണെന്നു അവരെ കുറ്റപ്പെടുത്തുവാൻ ന്യായമായി നമുക്കു സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.?" (Encyclopedie, Edit, d'yverdun, tom 1, art' Adorer)

വീണ്ടും, "കൈകൂപ്പുകയോ മുട്ടുകുത്തുകയൊ ഭക്ത്യാദരവുകളോടുകൂടി വർത്തിക്കുകയൊ ചെയ്യുന്നത്" ആരാധനയാകുമോ? ജോഷ്വായും ഇസ്രായേലിലെ മൂപ്പന്മാർ മുഴുവനും തങ്ങളുടെ വസ്ത്രങ്ങൾ കീറി, ശിരസ്സിൽ പൊടിയണിഞ്ഞ്, പെട്ടകത്തിന്റെ മുൻപിൽ സന്ധ്യവരെ സാഷ്ടാംഗം 'വീണുകിടന്നു'വെന്നു ജോഷ്വായുടെ പുസ്തകത്തിൽ (VII, 6) നാം വായിക്കുന്നു. ഒരു നിർജ്ജീവപദാർത്ഥമായ പെട്ടകത്തിന്റെ മുൻപിൽ അവരിങ്ങനെ സാഷ്ടാംഗപ്രണാമം ചെയ്തതു് വിഗ്രഹാരാധനയല്ലേ? അതിനു ദൈവം അവരെ ശിക്ഷിച്ചുവോ? ഇല്ല. നേരേ മറിച്ച് അവിടുന്നു സമ്പ്രീതനായതായിട്ടാണു പിന്നീടുള്ള വിവരണത്തിൽനിന്നുമനസ്സിലാക്കേണ്ടത്. ദാവീദുരാജാവു പെട്ടകത്തിന്റെ മുൻപിൽ വീണ വായിക്കുകയും നൃത്തം വെക്കുകയും ബലിയർപ്പിക്കുകയും ചെയ്തുവല്ലോ. (II രാജാ VI 13-15). ഇതിനെ വിഗ്രഹാരാധനയെന്ന് ആരെങ്കിലും പറയുമോ? പെട്ടകത്തിന്റെ മുൻപിലാണ് ഇവ നടത്തിയതെങ്കിലും പെട്ടകത്താൽ സൂചിതമായ യഹോവായുടെ ബഹുമാനാർത്ഥമാണ് ഇവ നടത്തിയതെന്നു നടത്തിയവർക്കും യഹോവായ്ക്കും അറിയാമായിരുന്നു.

6. "ഹിന്ദുക്കൾ വിഗ്രഹാരാധനക്കാരെന്നു പറയുന്നു. കത്തോലിക്കർ ഇതിനെന്ത് ഉത്തരം പറയും? ദൈവമായിട്ട് അവർക്കും ത്രിമൂർത്തികളുണ്ട്. പാർവ്വതി, അയ്യപ്പൻ തുടങ്ങിയവരേയും അവർ ആരാധിക്കുന്നു. നമ്മൾ പുണ്യവാളന്മാരെന്നു പറയുന്നപോലെ അവർ ദേവന്മാരായി അവരെ കണക്കാക്കുന്നു എന്നു മാത്രം."

ഇവിടെ പ്രസക്തമല്ലാത്തതുകൊണ്ടു ഹിന്ദുക്കളുടെ ഏകദൈവവിശ്വാസത്തെപ്പറ്റിയോ ബഹുദേവതാവാദത്തെപ്പറ്റിയോ ചർച്ചചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ പത്രോസു പൗലോസു മുതലായവരെ നാം പുണ്യവാളന്മാരെന്നു കരുതുന്നതുപോലെയാണ്, ഹിന്ദുക്കൾ പാർവ്വതി അയ്യപ്പൻ തുടങ്ങിയവരെ ദേവന്മാരായി കണക്കാക്കുന്നതെന്നു പറയുന്നതു സർവ്വാബദ്ധമാണ്. നാം പുണ്യവാന്മാർക്കു അല്പംപോലും ദേവത്വം ആരോപിക്കുന്നില്ല. ആ സംഗതിയും ഇവിടെ പ്രസക്തമല്ലാത്തതുകൊണ്ടു വിസ്തരിക്കുന്നില്ല.

ഹിന്ദുക്കളെ വിഗ്രഹാരാധനക്കാരെന്നു പറയാമോയെന്നതുമാത്രമാണു വിഷയവുമായി ബന്ധപ്പെട്ട സംഗതി. ഹിന്ദുക്കൾ പ്രതിമകളെ ദൈവമെന്നു സങ്കല്പിച്ചു ആരാധന നടത്തുന്നില്ലെങ്കിൽ അവരെ വിഗ്രഹാരാധനക്കാരെന്നു പറഞ്ഞുകൂടാ. ഒരു ഹിന്ദു സ്വപിതാവിന്റെ ഫോട്ടോയ്ക്കു മുൻപിൽ കൈകൂപ്പുകയോ സാഷ്ടാംഗപ്രണാമം ചെയ്യുകയോ, കെടാവിളക്കു കത്തിക്കുകയോ, ഫോട്ടോയ്ക്കു പൂമാല ചാർത്തുകയോ ചെയ്യുന്നുവെന്നിരിക്കട്ടെ. അതുകൊണ്ടു ആയാളെ വിഗ്രഹാരാധനക്കാരൻ എന്നു പറയുന്നത് നിരർത്ഥകമായിരിക്കും. ആയാളുടെ പ്രവൃത്തി വിഗ്രഹാരാധനയാകുന്നില്ല.

എന്നാൽ ഹിന്ദുക്കൾ വിഗ്രഹത്തേയും വിഗ്രഹം പ്രതിനിധാനം ചെയ്യുന്ന ദേവനേയും ഭിന്നമായി കാണുന്നില്ല. വിഗ്രഹംതന്നെയാണു ദേവൻ എന്നാണ് അവരുടെ സങ്കല്പം. അഥവാ ദേവന്റെ ശക്തിമുഴുവൻ വിഗ്രഹത്തിലേക്കു ആവാഹിച്ചിരിക്കുകയാണെന്നു അവർ വിശ്വസിക്കുന്നു. എന്നിട്ടു ദേവനു ചെയ്യാനുദ്ദേശിക്കുന്ന ആരാധന വിഗ്രഹത്തിനു ചെയ്യുന്നു. അതുകൊണ്ടാണു ഹിന്ദുക്കളുടേതു വിഗ്രഹാരാധനയെന്നു പറയുന്നത്. ഒരു ഹിന്ദു തന്റെ മുൻപിലുള്ള പ്രതിമ ദേവന്റെ കേവലം ഒരു സാദൃശ്യം മാത്രമാണെന്നും, താൻ വണങ്ങുന്നതു ദേവനെ മാത്രമാണെന്നും ഉള്ള ഉത്തമബോദ്ധ്യത്തോടും വിശ്വാസത്തോടുംകൂടി ആ പ്രതിമയുടെ മുൻപിൽ കൈകൂപ്പുകയോ സാഷ്ടാംഗപ്രണാമം നടത്തുകയോ ചെയ്യുന്നുവെന്നു സങ്കല്പിക്കുക. ആ ഹിന്ദുവിന്റെ ആ പ്രവൃത്തി വിഗ്രഹാരാധനയാണെന്നു പറയാവതല്ല. (ഏകസത്യദൈവത്തിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികൾ, ദൈവമല്ലാത്ത ഇതരദേവന്മാരെ ആരാധിക്കുന്ന ഹിന്ദുക്കളുടെ പ്രവൃത്തി വിഗ്രഹാരാധനയാണെന്നു പറയുന്നത്, അവർ യഥാർത്ഥദൈവത്തിന്റെ സ്ഥാനത്ത് ഇല്ലാത്ത ഒന്നിനെ സങ്കല്പിച്ച് ആരാധന നടത്തുന്നതുകൊണ്ടുകൂടിയാണ്.)

വിഗ്രഹങ്ങളുടെ മുൻപിലുള്ള ഹിന്ദുക്കളുടെ ഈ ആരാധനയും, സ്വരൂപങ്ങളോടുള്ള കത്തോലിക്കരുടെ വണക്കവും തമ്മിൽ മോരും മുതിരയും തമ്മിലുള്ളത്ര ബന്ധംപോലും ഇല്ല. കത്തോലിക്കർ അവരുടെ സ്വരൂപങ്ങൾക്കു ദൈവത്വം കല്പിക്കുകയോ, ദൈവശക്തിയെ ആ സ്വരൂപങ്ങളിലേക്ക് ആവാഹിക്കുകയോ ചെയ്യുന്നില്ല; എന്നുതന്നെയല്ലാ, കത്തോലിക്കർ സ്വരൂപങ്ങളോടു എന്തെങ്കിലും വണക്കം കാണിക്കുന്നുവെങ്കിൽ, അതു ആ സ്വരൂപങ്ങൾക്കു നേരിട്ടല്ല, ആ സ്വരൂപങ്ങൾ പ്രതിനിധാനംചെയ്യുന്ന വ്യക്തികൾക്കാണ് എന്ന സ്പഷ്ടമായ നിയോഗത്തോടുകൂടിയാണ് അങ്ങനെ ചെയ്യുന്നത്. അതിനാൽ വിഗ്രഹാരാധന നടത്തുന്ന ഒരു ഹിന്ദുവിനെ വിഗ്രഹാരാധനക്കാരൻ എന്ന് യാതൊരു മനഃചാഞ്ചല്യവും കൂടാതെ ഒരു കത്തോലിക്കനു പറയുവാൻ സാധിക്കുന്നു.

(തുടരും)

# ചോദിച്ചാൽ പറയാം

145. ചോ: "സുവിശേഷം എഴുതിയിട്ടുള്ളതു നാലുപേരാണല്ലോ. അവരിൽ നാലുപേരും, അഥവാ വേറെ ആരും, തന്നെ സമീപത്തില്ലാത്തപ്പോഴും മറിയമോ ക്രിസ്തുവോ പറഞ്ഞ വാക്യങ്ങൾ എങ്ങനെ ബൈബിളിൽ കാണാനിടയായി?"

(എൽ. വി. പി., കോട്ടപ്പടി)

ഉ: സുവിശേഷങ്ങൾ എഴുതിയതു് മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവരാണല്ലോ. ഇവരിൽ മത്തായിയും യോഹന്നാനും ക്രിസ്തുവിന്റെ സഹചരരായിരുന്ന ശിഷ്യന്മാരും. ബാക്കി രണ്ടുപേർ ശിഷ്യന്മാരുടെ ശിഷ്യന്മാരുമാണ്. ക്രിസ്തുവും മറിയവും പറഞ്ഞിട്ടുള്ള വാക്യങ്ങൾ അവർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവർ പറഞ്ഞിട്ടുള്ള എല്ലാം വാക്യങ്ങളും സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടില്ല. "ഈശോ ചെയ്ത മറ്റു പലതുംകൂടിയുണ്ട്. അവ ഓരോന്നും എഴുതപ്പെട്ടിരുന്നുവെങ്കിൽ, എഴുതപ്പെട്ടിരുന്ന ആ പുസ്തകങ്ങൾക്കു ലോകംതന്നെയും മതിയാകയില്ലായിരുന്നു" (യോഹ: XXI, 25) എന്നു വിശുദ്ധ യോഹന്നാൻതന്നെ പറഞ്ഞിരിക്കുന്നതു നോക്കുക.

ക്രിസ്തുവിന്റെ പ്രസംഗങ്ങൾ എല്ലാംതന്നെ അപ്പസ്തോലന്മാർ സമീപത്തുള്ളപ്പോഴായിരുന്നല്ലോ. അപ്പസ്തോലന്മാർ സമീപത്തില്ലായിരുന്നെങ്കിൽതന്നെ, ആരും ഇല്ലായിരുന്നുവെന്നു കരുതുന്നതെന്തിന്? അവിടുത്തെ പ്രസംഗങ്ങൾ കേട്ടവർ അതു സുവിശേഷകന്മാരോടു പറഞ്ഞുവെന്നു വിശ്വസിക്കുന്നതിൽ എന്താണു വിഷമം? ആരും ഇല്ലാതിരുന്നപ്പോൾ നടന്ന സംഗതികളെപ്പറ്റി ക്രിസ്തു തന്റെ അപ്പസ്തോലന്മാരോടു പറഞ്ഞുവെന്നും അവരിൽനിന്നും സുവിശേഷകന്മാർ അതു ഗ്രഹിച്ചുവെന്നും വരാമല്ലോ. സുവിശേഷങ്ങൾ അവഗാഢം പഠിക്കുന്ന ഒരാൾക്കു് ഓരോ സുവിശേഷകന്മാരും ചില ചില കാര്യങ്ങളിൽ പ്രത്യേകത ചെലുത്തുന്നതായി കാണാം. തങ്ങൾ പ്രത്യേകം ഓർത്തിരുന്ന കാര്യങ്ങളെ രേഖപ്പെടുത്തുവാനല്ലാതെ, എല്ലാം രേഖപ്പെടുത്തിവയ്ക്കുവാൻ അവരാരും ശ്രമിച്ചിട്ടില്ല.

മറിയത്തെപ്പറ്റി പ്രധാനമായി രേഖപ്പെടുത്തിയിരിക്കുന്നതു വിശുദ്ധ ലൂക്കായാണ്. അദ്ദേഹം അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധാലുവായിരുന്നതുപോലെ തോന്നുന്നു. വിശുദ്ധ ലൂക്കാ തന്റെ സുവിശേഷം എഴുതുന്നതിനുമുൻപ് മറിയത്തെക്കണ്ടു് ക്രിസ്തുവിന്റെ ബാല്യത്തെപ്പറ്റി പലതും ചോദിച്ചു മനസ്സിലാക്കിയെന്നു ധരിക്കുന്നതിൽ തെറ്റില്ല. അങ്ങനെയാണല്ലോ പാരമ്പര്യവും. "ആദ്യം തുടങ്ങിത്തന്നെ വചനത്തിന്റെ സാക്ഷികളും ശുശ്രൂഷകന്മാരുമായിരുന്നവർ ഞങ്ങളെ ഭരമേല്പിച്ചതുപോലെ ഞങ്ങൾക്കു സമ്മതം വന്നിരിക്കുന്ന കാര്യങ്ങളുടെ വിവരങ്ങൾ എഴുതുവാൻ പലരും ഇച്ഛിച്ചതിനാൽ ......എല്ലാത്തിലും ഞാൻ ശ്രദ്ധയോടെ അടുത്തു സംബന്ധിച്ചിരിക്കകനിമിത്തം, എല്ലാം അതിന്റെ ക്രമമനുസരിച്ച് നിനക്കുവേണ്ടി എഴുതുവാൻ എനിക്കു തോന്നിയിരിക്കുന്നു" (ലൂക്കാ I 1—2) എന്നു വിശുദ്ധ ലൂക്കാതന്നെ പറയുന്നതു നോക്കുക. അതിനാൽ ലൗകികദൃഷ്ട്യാ തന്നെ മറിയവും ക്രിസ്തുവും പറഞ്ഞ വാക്യങ്ങൾ രേഖപ്പെടുത്തിവയ്ക്കുന്നതിനു സുവിശേഷകന്മാർക്കു പ്രയാസമുണ്ടായിരുന്നില്ല.

എന്നാൽ സുവിശേഷങ്ങൾ ദൈവനിവേശിതഗ്രന്ഥങ്ങളാകുന്നു. വത്തിക്കാൻസൂനഹദോസിന്റെ പ്രഖ്യാപനം ഇവിടെ സ്മർത്തവ്യമാണ്: "ഈ പുസ്തകങ്ങൾ പാവനങ്ങളും കാനോനികങ്ങളുമാണെന്നു സഭ കരുതുന്നു. കേവലം മാനുഷികപ്രയത്നംകൊണ്ട് എഴുതപ്പെട്ടിട്ടുള്ള അവയെ സഭ അവളുടെ അധികാരത്താൽ അംഗീകരിച്ചുവെന്നതുകൊണ്ടല്ല; തെ

(ശേഷം 10-ാംപേജിൽ)

Wednesday
September 4
1957

# THE SATHYADEEPAM


(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 31
No. 4

# ബാലരംഗം

## വി. കുർബാന സ്വീകരിക്കേണ്ടതെങ്ങിനെ?



(ശരിയായിട്ടുള്ള രീതി)　　(തെററായ രീതികൾ)

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

വിശുദ്ധ ബ്രിജീത്തായുടെ രസകരമായ ചരിത്രം അങ്ങനെ അവസാനിച്ചു. എന്തുചെയ്യാം? അതിൽ അനുകരണത്തിനും അത്ഭുതത്തിനും പററിയ നിരവധി സംഭവങ്ങൾ ഉണ്ടായിരുന്നു. പുണ്യവാന്മാരുടെ ചരിത്രത്തിനുള്ള പ്രത്യേകത ഇതാണ്. അതിൽ ഓരോരുത്തർക്കും അനുകരണാർഹമായ പല നല്ലനല്ല മാതൃകകളും സുലഭമായിരിക്കും. നമ്മുടെ അനുകരണത്തിനുള്ള ജിജ്ഞാസയെ അവ തട്ടിയുണർത്തുകയും ദൃഢനിശ്ചയങ്ങളെ അവ ഉല്പാദിപ്പിക്കുകയും ചെയ്യും. പുണ്യപൂർണ്ണതയുടെ മാർഗ്ഗത്തിൽ അത്ഭുതാവഹങ്ങളായ അഭ്യാസങ്ങൾ അവർ നിർവ്വഹിച്ചിരിക്കും. പുണ്യജീവിതത്തിൻെറ വെറും ആരംഭദശയിൽമാത്രം എത്തിയിട്ടുള്ള നമുക്കു അവ അതേപടി അനുകരിക്കാൻ സാധിച്ചെന്നുവരികയില്ല. പക്ഷെ ദൈവാനുഗ്രഹത്തിൻെറ തണലിൽ നമുക്കും സാധിച്ചേക്കാവുന്ന മഹൽക്കാര്യങ്ങളെപ്പററിയുള്ള പ്രത്യാശയും ഉത്തേജനവും അവ നമുക്കു നൽകാതിരിക്കുകയില്ല. അതുപോലെതന്നെ ആദ്ധ്യാത്മികരംഗത്തെ അത്ഭുതാവഹമായ ജീവിതമാഹാത്മ്യത്തെ അവ നമുക്കു തുറന്നുകാട്ടുകയും ചെയ്യുന്നു. ആദ്ധ്യാത്മികരംഗം, പുണ്യജീവിതം ഇവ മനോഹരങ്ങളായ മാനുഷികകഴിവുകൾ പ്രകടമാകുന്ന മോഹനാരാമങ്ങളാണ്. വിശ്വാസചൈതന്യം നമ്മുടെ ആത്മീയനേത്രങ്ങൾക്കു പ്രകാശം നൽകുമ്പോൾ അതു നമുക്കു കൂടുതൽ കൂടുതൽ വിശദമാകും; ഭൗതികത്വം നമ്മുടെ അന്തർനേത്രങ്ങളെ മൂടുന്നതോടൊപ്പം നമ്മുടെ കാഴ്ച നശിക്കുകയും ചെയ്യും. ഇതാണ് ഓരോ വ്യക്തിയിലും സംഭവിച്ചുകൊണ്ടിരിക്കുന്നതു്.

ഇന്നു വിശുദ്ധ കുർബാനസ്വീകരണത്തിൽ അവശ്യം ആചരിക്കേണ്ട രീതിയെപ്പററിയും, അതിൽ സാധാരണ സംഭവിക്കുന്ന ന്യൂനതകളെപ്പററിയും നിങ്ങൾക്കു ചില നിർദ്ദേശങ്ങൾ നൽകുന്ന ചിത്രങ്ങളാണ് ചേർക്കുന്നതു്. വിശുദ്ധ കുർബാന നമ്മുടെ ജീവൻെറ അപ്പമാണ്; മാലാഖാമാരുടെ ഭോജ്യം! വിശുദ്ധ കുർബാന സ്വീകരണം എല്ലാ കത്തോലിക്കരുടേയും ജീവിതത്തിൽ അതിപ്രധാനമായ ഒരു പരിപാടിയാണെന്നു പറയേണ്ടല്ലോ. അനുദിനദിവ്യകാരുണ്യസ്വീകരണത്തിൽ ഇനിയും വളരെ പുരോഗതി നമുക്കാവശ്യമാണ്. അതിനുള്ള എല്ലാ പ്രോത്സാഹനങ്ങളും സൗകര്യങ്ങളും കത്തോലിക്കാതിരുസഭ ഉദാരമായി ചെയ്തുതരുന്നുണ്ട്. പ്രായമായവരും വിവിധജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരും പലേ കാരണങ്ങളാൽ അതിനു സൗകര്യമോ പരിശീലനമോ ഇല്ലാത്തവരായിരിക്കാം. എന്നാൽ കുട്ടികൾ അക്കാര്യത്തിൽ കുറച്ചു ശുഷ്കാന്തി കാണിക്കുകയാണെങ്കിൽ ഈ പുരോഗതി നിഷ്പ്രയാസം സാധിക്കുന്നതാണ്. അനുദിനം ദിവ്യകാരുണ്യം സ്വീകരിക്കുന്ന പല കുട്ടികളുമുണ്ട്. അവരുടെ ജീവിതത്തെ സ്നേഹനാഥൻ പ്രത്യേകം അനുഗ്രഹിക്കാതിരിക്കുകയില്ല എന്നു പറയേണ്ട ആവശ്യമില്ലല്ലോ. ബാലപംക്തിയിലെ അംഗങ്ങൾ ഓരോരുത്തരും അതിപ്രധാനമായ ഇക്കാര്യത്തിൽ ശുഷ്കാന്തിയായി പ്രവർത്തിക്കണമെന്നാണ് വല്യേട്ടൻ സ്നേഹപൂർവ്വം ഓരോരുത്തരോടും അഭ്യർത്ഥിക്കുന്നതു്. ഒന്നാമത്തെ ചിത്രത്തിൽ ഒരു കുഞ്ഞുസഹോദരൻ എങ്ങനെ ശരിയായ രീതിയിൽ വിശുദ്ധ കുർബാന സ്വീകരിക്കുന്നുവെന്നു നോക്കുക. മററു നാലു പടങ്ങളിൽ ഓരോ തരത്തിൽ വന്നുചേരുന്ന വൈകല്യങ്ങളാണു കാണിക്കുന്നതു്. തല വേണ്ടത്ര ഉയർത്താതെയും നാവു ക്രമമായി നീട്ടാതേയും കുർബാന സ്വീകരിക്കാൻ നില്ക്കുന്നതു ശരിയാണോ? കൈകൾ നെഞ്ചിൽ ചേർത്തുപിടിക്കാതെ ചുണ്ടിൽ തൊട്ടുപിടിച്ചാൽ താടിക്കടിയിൽ കാണിക്കാനുള്ള പാത്രമോ തുവാലയോ എങ്ങനെ ശുശ്രൂഷി അടുപ്പിച്ചുപിടിക്കും? നാവു നീട്ടാതെ വാ പൊളിച്ചാൽ വൈദികൻ കുർബാന എങ്ങനെ നാവിൽ വച്ചുതരും? തല ഉയർത്താതെ നാവു നീട്ടുകമാത്രം ചെയ്താൽ വൈദികനു കുർബാന തരുവാൻ എന്തസൗകര്യമായിരിക്കും? തിരുവോസ്തി നിലത്തു വീണുപോവുകയില്ലേ? ഈ കാര്യങ്ങൾ കുഞ്ഞനുജന്മാരും കുഞ്ഞനിയത്തികളും പ്രത്യേകം ഓർമ്മയിൽ വയ്ക്കണമേ.

വല്യേട്ടൻ

### 129-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

കൊണ്ടു പാകേണ്ട എണ്ണ—മുക്കാലഅരയ്ക്കാൽ ഇടങ്ങഴി

### പ്രശ്നം നമ്പർ 130

(കെ. ടി. അഗസ്റ്റിൻ
Reg. No. 11)

ഗുണത്തിനും ദോഷത്തിനും പററുന്ന ആളാണ് ഞാൻ. ഞാൻ വഴി വളരെപ്പേർ സന്മാർഗ്ഗികളും വളരെപ്പേർ ദുർമ്മാർഗ്ഗികളുമാകുന്നുണ്ട്. വലിയ കാര്യങ്ങൾ സാധിക്കണമെങ്കിൽ എൻെറ സഹായം മിക്കവാറും അനുപേക്ഷണീയമാണ്. നല്ല പണ്ഡിതന്മാർക്കു മാത്രമേ എന്നെ വിദഗ്ദ്ധമായി കൈകാര്യം ചെയ്യാൻ പററൂ. എൻെറ പേരിനു നാലക്ഷരമുണ്ട്. ഒന്നാമത്തെ അക്ഷരം ഉത്സാഹത്തിലുണ്ട്, അലസതയിലില്ല; രണ്ടാമത്തെ അക്ഷരം വിപത്തിലുണ്ട്, രക്ഷാമാർഗ്ഗത്തിലില്ല; മൂന്നാമത്തെ അക്ഷരം ദേവാലയത്തിലുണ്ട്, കാര്യാലയത്തിലില്ല; നാലാമത്തെ അക്ഷരം വിനാശത്തിലുണ്ട്, സൗഭാഗ്യത്തിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

---

## "വിത്തു വിതയ്ക്കുന്നവൻ"

(ഔസേപ്പ് ഒ. കളാരൻ
Reg. No. 15)

ചേതസ്സമാകർഷകമായ ഗലീലിയുടെ പ്രാന്തപ്രദേശത്തുവച്ചാണ് ദിവ്യനാഥൻ വിത്തുകളുടെ ഉപമ അരുളിച്ചെയ്തതു്. ജനങ്ങൾ കൂട്ടംകൂട്ടമായി ജനാസ്രത്തുതടാകതീരത്തിൽ ദിവ്യരക്ഷകനെ അനുഗമിച്ചിരുന്നു. ചിലർ അദ്ദേഹത്തിൻെറ സുന്ദരാകാരത്താൽ ആകർഷിക്കപ്പെട്ടും മററു ചിലർ അത്ഭുതപ്രവൃത്തികൾ കാണുവാനുള്ള അഭിവാഞ്ഛയാലും വേറെ ചിലർ തങ്ങളുടെ ആദ്ധ്യാത്മികജീവിതസംസ്കരണത്തിനുതകുന്ന ഉപദേശങ്ങൾ ശ്രവിക്കുവാനും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. ജനങ്ങളെ പഠിപ്പിക്കുന്നതിനും ഉപദേശിക്കുന്നതിനുമായി അവിടുന്നു ഒരു പടവിൽ കയറിനിന്നുകൊണ്ട് തൻെറമുൻഭാഗത്തുള്ള വിസ്തൃതവും നയനമോഹനവുമായ ദിഗ്ഭാഗത്തെ ദീർഘമായൊന്നു നിരീക്ഷണംചെയ്തു. കുന്നിൻചരിവുകളിൽ കനകമുത്തുകൾപോലെ മന്ദമാരുതനിൽ ആടിയുലയുന്ന കതിരുകളെക്കൊണ്ടു നിറഞ്ഞ വയലുകൾ അദ്ദേഹം ദർശിച്ചു. വളഞ്ഞുപുളഞ്ഞുകിടക്കുന്ന നടവരമ്പുകൾ അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപ്പെട്ടു. അവിടവിടെയായി തലയുയർത്തിനിന്നിരുന്ന പാറക്കൂട്ടങ്ങളും പടർന്നുപന്തലിച്ച വള്ളിച്ചെടികളും മുൾച്ചെടികളും അദ്ദേഹത്തിനു ദൃശ്യമായിരുന്നു. തന്നിക്കഭിമുഖമായി കടലോരത്തു് സ്ത്രീപുരുഷന്മാരടങ്ങിയ ഒരു വലിയ മനുഷ്യസമുദ്രം ക്രിസ്തു കണ്ടു. യഹൂദരും പുറജാതികളും, കുബേരരും കുചേലരും, മിത്രവും ശത്രുവും, പണ്ഡിതരും പാമരരും, പാപികളും നീതിമാന്മാരും എന്നുവേണ്ട നാനാതരക്കാരായ ആബാലവൃദ്ധം ജനങ്ങൾ അതിൽ ഉൾപ്പെട്ടിരുന്നു. ആ ജനക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്ന ഓരോരുത്തരുടേയും അഭിലാഷങ്ങൾ അവിടുത്തേക്കു സുജ്ഞാതമായിരുന്നു. അവരുടെ ഭൂതകാലചരിത്രവും ഭാവികാലചരിത്രവും അദ്ദേഹം ഗ്രഹിച്ചിരുന്നു. അവിടുന്നു അരുളിച്ചെയ്തു:-

ഒരു കർഷകൻ വിതയ്ക്കുവാൻ പോയി. അവൻ വിത്തുകൾ കൃഷിഭൂമിയിലേക്കു വാരിവിതറി. എന്നാൽ അവൻ വിതച്ച വിത്തുകൾ പല സ്ഥലത്തായി വീണു. വിത്തുകളിൽ ചിലതു വഴിയരികിൽ വീണു. കഷ്ടമെന്നല്ലാതെ എന്തു പറയട്ടെ, ആ വിത്തുകൾ വഴിപോക്കരാൽ ചവുട്ടി നശിപ്പിക്കപ്പെടുകയും ആകാശത്തിലെ പറവകൾ കൊത്തിത്തിന്നുകൊണ്ടു പോവുകയുംചെയ്തു.

കർഷകൻ വിതച്ച വിത്തുകളിൽ ചിലതു് പാറപ്പുറത്തുവീണു. എന്നാൽ ഈർപ്പം കിട്ടാതെ പാറപ്പുറത്തുകിടന്നു് വെയിലേററു് അവ വാടിപ്പോയി. മററു ചിലതു് മുൾച്ചെടികളുടെ ഇടയിൽ വീണു. ഈർപ്പംകിട്ടി മുളച്ചുവന്ന വിത്തുകളെ മുൾച്ചെടികൾ ഞെരുക്കിക്കളഞ്ഞു.

എന്നാൽ മററു ചിലതു് നല്ല ഫലപുഷ്ടിയുള്ളതും ഈർപ്പമുള്ളതുമായ മണ്ണിൽ വീണു. അവിടെ വീണ വിത്തുകൾ മുളച്ചു തഴച്ചു വളന്നു് മുപ്പതുമുതൽ നൂറുമേനിവരെ വിളയുകയുംചെയ്തു.

ഉപമ അരുളിച്ചെയ്തശേഷം ദിവ്യരക്ഷകൻ അല്പനേരം മൗനനായിരുന്നു. ജനങ്ങൾക്കു ഉപമയുടെ സാരം മനസ്സിലാക്കാൻ കഴിഞ്ഞില്ല. ക്രിസ്തു അവർക്കു് ഉപമയുടെ സാരം മനസ്സിലാക്കിക്കൊടുത്തു. സുവിശേഷതത്വങ്ങൾ മനുഷ്യരെ പഠിപ്പിക്കുന്നതിനും പ്രസാദവരം അവരുടെമേൽ വർഷിക്കുന്നതിനുമായി നിതാന്തമഹിമാവിൽനിന്നു് ഇറങ്ങിയ ദൈവസുതൻതന്നെയാണ് ആ കർഷകൻ. അദ്ദേഹം സുവിശേഷമാകുന്ന വിത്തു് തൻെറ ഭൂമിയായ മനുഷ്യരിലെല്ലാവരിലും ഒരുപോലെ വിതയ്ക്കുന്നു. വിതച്ചുകൊണ്ടിരിക്കയും ചെയ്യും. എന്നാൽ കഷ്ടം! അതു് എല്ലായ്പോഴും ഒരേതരത്തിലുള്ള മണ്ണിൽ പതിക്കുന്നില്ല. മനുഷ്യർ പലതരക്കാരാണ്. ആദ്യത്തെ കൂട്ടർ ലോകത്തിൻെറ വശീകരണങ്ങൾക്കും പ്രലോഭനങ്ങൾക്കും തങ്ങളുടെ കാതും കരളും തുറന്നുകാട്ടുന്നു. പിശാചുക്കളാകുന്ന പക്ഷികൾ വന്നു് ഇവരുടെ ആത്മാക്കളിൽ വീഴുന്ന നല്ലവിത്തുകളെ കൊത്തിവിഴുങ്ങുന്നു. രണ്ടാമത്തെ കൂട്ടർ ചഞ്ചലമാനസരും മന്ദബുദ്ധികളും രണ്ടു യജമാനന്മാരെ സേവിക്കുന്നവരുമാകുന്നു. അവരുടെ ഹൃദയങ്ങളിൽ ഈർപ്പവും വളക്കൂറും ഇല്ല. അതിനാൽ വിത്തുകൾ ഉണങ്ങിപ്പോകുന്നു. ലോകവിചാരങ്ങളിൽ വ്യാപൃതരും ഭൗമികസുഖങ്ങളിൽ നിരതരുമായിരിക്കുന്ന മൂന്നാമത്തെ കൂട്ടർ അടിക്കടി തിന്മകളിലുൾപ്പെടുകയും തദ്വാരാ സർവ്വപ്രധാനമായ സംഗതികൾ വിസ്മരിച്ചുകളയുകയും ചെയ്യുന്നു. ധനം സമ്പാദിക്കുന്നതിനും താൽക്കാലികമായ സുഖങ്ങൾ അനുഭവിക്കുന്നതിനും അവർ തീവ്രയത്നം ചെയ്യുന്നു. എന്നാൽ നിത്യമായ ആത്മാവിനെക്കുറിച്ച്, അനന്തമായ ഒരു ജീവിതത്തെപ്പററി ഇക്കൂട്ടർ ചിന്തിക്കുന്നില്ല. ക്ഷണികമായ സുഖത്തെപ്രതി എത്രയോ ആളുകൾ തങ്ങളുടെ ആത്മാക്കളെ നശിപ്പിക്കുന്നു!

എന്നാൽ നാലാമത്തെ കൂട്ടരോ, തങ്ങൾക്കു കിട്ടിയിരിക്കുന്ന വിശ്വാസദീപം—ദൈവദാനം—നിരുപയോഗമാക്കാതെ നിത്യാനന്ദലബ്ധിക്കായി വിനിയോഗിക്കുന്നു. ഇവരെക്കുറിച്ചാണ് നൂറുമേനിയും അറുപതുമേനിയും മുപ്പതുമേനിയും വിളയുന്ന മണ്ണ് എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു്.

ചെറുകഥ

## ഒരു പരീക്ഷണം വിജയിക്കുന്നു

(പുലിക്കുന്നേൽ തോമസ്,
അലക്സാണ്ടർ Reg. No. 189)

ശാന്തഗംഭീരയായ നിശീഥിനി! പൂർണ്ണചന്ദ്രൻ സമ്മാനംകൊടുത്ത വെള്ളിപ്പട്ടു പുതച്ച് ആ പച്ചയിൽ മുങ്ങിയ ഗ്രാമം ഉറങ്ങുകയാണ്. ആ ഗ്രാമത്തിലെ ഉയർന്ന സ്ഥലമാണാ കൊച്ചുകുന്ന്. അതിനു മുകളിൽ കിരീടംപോലെ മനോഹരമായ ഒരു കൊച്ചു ബംഗ്ലാവുണ്ട്. കുന്നുകയറി കിതച്ചുകൊണ്ടുമാത്രമേ അവിടെ ചെന്നുപററാൻ സാധിക്കൂ. കുന്നിൻെറ താഴത്തുനിന്നും ആരംഭിക്കുന്ന പാമ്പുപോലെ വളഞ്ഞുപുളഞ്ഞുള്ള വഴിയിൽക്കൂടി ആരോ നടന്നുവരുന്നതു് പൊൻനിലാവിൽ അവ്യക്തമായി കാണാം.

വികാരാധീനനായി ഹൃദയത്തുടിപ്പുകളോടുകൂടി ജോസ് പാമ്പുപോലെ വളഞ്ഞുപുളഞ്ഞുള്ള വഴിയിലൂടെ വീട്ടിലേക്കു നടന്നു. അതവൻെറ വീടാണോ? കൊച്ചുന്നാളിൽ അവനവിടെ താമസിച്ചിട്ടുണ്ടെന്നു മാത്രമവനറിയാം. അതവൻെറ വീടാണോ എന്നു് അവനുതന്നെ നിശ്ചയമില്ല... ഒരു കൊച്ചുകാററുവന്നു ചീകാതെ ചിതറിക്കിടന്നിരുന്ന അവൻെറ അളകങ്ങളെ ചലിപ്പിച്ചു .. വീണ്ടും കാററുകൾ വന്നു. കാററിൻെറ ശക്തി കൂടിക്കൂടി വന്നു. അവനെ കാററു മറിച്ചിടുമെന്നു തോന്നി! നാട്ടിമ്പുറത്തെ കുഞ്ഞിക്കാററെന്തേ ഇത്ര കോപിക്കുവാൻ? ജോസ് ചിന്തിച്ചു. അവനെയെന്തിനി കാററു മാർഗ്ഗതടസ്സം ചെയ്യുന്നു. അവനവകാശമില്ലേ ഈ വഴി നടക്കാൻ? ഈ വായു ശ്വസിക്കാൻ? കൊച്ചുന്നാളിൽ എത്ര പ്രാവശ്യം അവനീ വഴി നടന്നിട്ടുണ്ട്. ഈ വായു ശ്വസിച്ചിട്ടുണ്ട്. പക്ഷേ ഇന്നവനു് അവിടെ കാലുകുത്തുവാൻ അവകാശമില്ലെന്നു് ആരോ അവനോടു് പറയുന്നതു

(ശേഷം 8-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-I